©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി X

# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (FOREST, ENVIRONMENT AND TOURISM)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2023 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2023)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**2023 സെപ്റ്റംബർ 11-ാം തീയതി സമർപ്പിച്ചത്**
**(Presented on 11th of September 2023)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2023

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി X

(SUBJECT COMMITTEE X)

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

(FOREST, ENVIRONMENT AND TOURISM)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2023 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2023)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1097/2023.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 5 |

# സബ്ജക്ട് കമ്മിറ്റി X

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (2021-2023)

**ഘടന**

<u>ചെയർമാൻ:</u>

ശ്രീ. എ. കെ. ശശീന്ദ്രൻ,

വനം വന്യജീവി വകുപ്പുമന്ത്രി.

<u>എക്സ്-ഒഫിഷ്യോ അംഗം:</u>

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം. എൽ. എ.,

ശ്രീ. സി. കെ. ഹരീന്ദ്രൻ, എം. എൽ. എ.,

ശ്രീ. കെ. യു. ജനീഷ് കുമാർ, എം. എൽ. എ.,

ശ്രീ. എം. മുകേഷ്, എം. എൽ. എ.,

ശ്രീ. നജീബ് കാന്തപുരം, എം. എൽ. എ.,

ശ്രീ. എ. രാജ, എം. എൽ. എ.,

ശ്രീ. സണ്ണി ജോസഫ്, എം. എൽ. എ.,

ശ്രീ. പി. എസ്. സുപാൽ, എം. എൽ. എ.,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. പി. എസ്. സെൽവരാജൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. റ്റി. പുഷ്പാംഗദൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ 2021-2023 കാലയളവിലുള്ള സബ്ജക്ട് കമ്മിറ്റി X, 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 12-4-2022, 27-4-2022, 18-5-2022, 15-6-2022, 12-7-2022, 13-9-2022, 17-10-2022, 18-10-2022 19-10-2022, 22-10-2022, 15-2-2023, 17-2-2023, 22-2-2023 എന്നീ തീയതികളിലായി സമിതി യോഗങ്ങൾ ചേരുകയുണ്ടായി. മേൽപ്പറഞ്ഞ സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 50.7% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും രണ്ടാം അദ്ധ്യായത്തിൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും മൂന്നാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങളും ചേർത്തിരിക്കുന്നു. നാലാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും അഞ്ചാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും ആറാം അദ്ധ്യായത്തിൽ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹവും, ഏഴാം അദ്ധ്യായത്തിൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. റിപ്പോർട്ട് കാലയളവിലെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2023 ആഗസ്റ്റ് 10-ന് ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**എ.കെ.ശശീന്ദ്രൻ,**

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2023 ആഗസ്റ്റ് 10.

# റിപ്പോർട്ട്

## അദ്ധ്യായം I

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. സമിതിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2022 മേയ് 18-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2022 ജൂൺ 27-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. സമിതിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2023 ഫെബ്രുവരി 22-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2023 ഫെബ്രുവരി 27-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. സമിതിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2022 ജൂലൈ 12-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2022 ജൂലൈ 18-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പീരിയോഡിക്കൽ റിപ്പോർട്ട് 2022 ജൂലൈ 12-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2022 ജൂലൈ 18-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

## സമിതി പരിഗണിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി ബില്ലുകൾ ലഭിച്ചിട്ടില്ല.

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങൾ

ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ ലഭിച്ചിട്ടില്ല.

1097/2023.

അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ

1) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം സമിതി, "വനമേഖലയിലെ റോഡുകളുടെ നവീകരണവും സങ്കീർണ്ണതകളും" എന്ന വിഷയം ചർച്ച ചെയ്യുകയും, പ്രസ്തുത വിഷയത്തിന്മേൽ വനം വന്യജീവി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കുകയും തുടർന്ന്, നെയ്യാർ വന്യജീവി സങ്കേതത്തിലുൾപ്പെട്ട ചാക്കപ്പാറ കോളനി സന്ദർശിക്കുകയും ടി കോളനിയിലെ റോഡുകളുടെ ശോച്യാവസ്ഥ നേരിൽക്കണ്ട് മനസ്സിലാക്കുകയും, ടി റോഡിന്റെ ടാറിംഗ് നടത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് വനം വന്യജീവി വകുപ്പിനോട് ശിപാശ ചെയ്യുകയും ചെയ്തു. നെയ്യാർ ഫിഷറീസ് കോൺഫറൻസ് ഹാളിൽ യോഗം ചേർന്ന് വനമേഖലയിലെ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദമായ തെളിവെടുപ്പ് നടത്തുകയും പ്രസ്തുത പ്രദേശത്തിന്റെ ടൂറിസം സാധ്യതകൾ അവലോകനം ചെയ്യുകയും ചെയ്തു.

സമിതി ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതിയുടെ പരിഗണനയ്ക്കായി ലഭിച്ചിട്ടില്ല.

(ഫയൽ നമ്പർ 8903/സബ്.സി.എഫ്1/22/നിസെ)

2) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം, സമിതി "ഇക്കോ-ടൂറിസം സെന്ററുകളുടെ പ്രവർത്തനം" എന്ന വിഷയത്തിന്മേൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽനിന്നും, തെളിവെടുപ്പ് നടത്തുകയും, "കേരളത്തിലെ വനമേഖലകളിലെ ഇക്കോ ടൂറിസം സാധ്യതകൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും ഇക്കോ ടൂറിസം വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു പ്രത്യേക ഡയറക്ടറേറ്റ് സ്ഥാപിക്കണമെന്നും, പ്രസ്തുത ഡയറക്ടറേറ്റിന്റെ രൂപീകരണത്തിന് കാലതാമസം നേരിടുന്നപക്ഷം അടിയന്തരമായി ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിച്ച് കാര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുകയും, പ്രസ്തുത ശിപാർശയ്ക്ക് വനം വന്യജീവി വകുപ്പിൽ നിന്നും നടപടി സ്റ്റേറ്റ്മെന്റ് ലഭിച്ചുവെങ്കിലും ആയത് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടില്ല.

(ഫയൽ നമ്പർ 13730/സബ്.സി.എഫ്1/22/നിസെ)

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | ബന്ധപ്പെട്ട വകുപ്പ് | സഭയുടെ മേശപ്പുറത്ത് വച്ച തീയതി |
|---|---|---|---|
| 2021-22 | XXXIV - വനം | വനം വന്യജീവി വകുപ്പ് | 28-6-2022 |
| 2021-2022 [കാലതാമസ പത്രിക സഹിതം] | XLII - വിനോദസഞ്ചാരം | വിനോദസഞ്ചാര വകുപ്പ് | 15-3-2023 |
| 2021-2022 | XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം<br><br>XX-ശുദ്ധജല വിതരണവും ശുചീകരണവും | പരിസ്ഥിതി വകുപ്പ് | 1-9-2022 |

## അദ്ധ്യായം VI

## ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻടേക്കൺ സ്റ്റേറ്റ്മെന്റ്കളുടെ സംഗ്രഹം

2022-23 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ആകെ 34 ശിപാർശകളിൽ, 1 മുതൽ 18 വരെയുള്ള ശിപാർശകൾക്ക് വനം വന്യജീവി വകുപ്പും, 19 മുതൽ 22 വരെയുള്ള ശിപാർശകൾക്ക് പരിസ്ഥിതി വകുപ്പും 23 മുതൽ 34 വരെയുള്ള ശിപാർശകൾക്ക് വിനോദസഞ്ചാര വകുപ്പുമാണ് നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടത്. എന്നാൽ ഒരു ശിപാർശയ്ക്കും മറുപടി ലഭിച്ചിട്ടില്ല.

അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ ശാക്തീകരണം" എന്ന വിഷയത്തിന്മേലുള്ള പ്രത്യേക റിപ്പോർട്ടിലെ ഖണ്ഡിക നം. 47-ലെ ശിപാർശയ്ക്ക് ലഭ്യമാക്കിയ ഇടക്കാല മറുപടിയിന്മേലുള്ള വിശദമായ റിപ്പോർട്ട് (ആക്ഷൻ പ്ലാൻ) വനം-വന്യജീവി വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുന്നു.

എ.കെ.ശശീന്ദ്രൻ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,

2023 ആഗസ്റ്റ് 10.

**അനുബന്ധം**

## സമിതിയുടെ 12-4-2022-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2022 ഏപ്രിൽ 12-ാം തീയതി (ചൊവ്വാഴ്ച) ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും വനം-വന്യജീവി വകുപ്പുമന്ത്രിയുമായ ശ്രീ. എ.കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ ചുവടെ ചേർക്കുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
3. ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ
4. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ
5. ശ്രീ. പി. എസ്. സുപാൽ, എം.എൽ.എ

വീഡിയോ കോൺഫറൻസ് മുഖേന ഹാജരായ അംഗം :

ശ്രീ. എം. മുകേഷ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. വി. വേണു, അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
2. ശ്രീ. രാജേഷ് കുമാർ സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, വനം വകുപ്പ്
3. ശ്രീ. സുനിൽ പമിദി, ഡയറക്ടർ, പരിസ്ഥിതി വകുപ്പ്
4. ശ്രീമതി സി. ഷർമിള, അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
5. ശ്രീ. എസ്. അനൂപ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീമതി ലക്ഷ്മി രഘുനാഥൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

7. ശ്രീമതി എം. കെ. ബിന്ദു തങ്കച്ചി, അഡീഷണൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

8. ശ്രീമതി ടി. കാഞ്ചന, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

9. ശ്രീമതി ഡി. മിനി, അഡീഷണൽ സെക്രട്ടറി, കേരള ബയോഡൈവേഴ്സിറ്റി ബോർഡ്.

10. ശ്രീ. പി. കെ. കേശവൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & എച്ച്.ഒ.എഫ്.എഫ്.

11. ശ്രീ. ഡി. ജയപ്രസാദ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (പി.&ഡി.)

12. ശ്രീ. നോയൽ തോമസ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എഫ്.എം.)

13. ശ്രീ. ബെന്നിച്ചൻ തോമസ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്(വൈൽഡ് ലൈഫ്)

14. ശ്രീ. പ്രമോദ് കൃഷ്ണൻ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്

15. ശ്രീ. ഇ. പ്രദീപ് കുമാർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്

16. ശ്രീ. രാജേഷ് രവീന്ദ്രൻ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്

17. ശ്രീ. ആർ. ശ്രീജിത്ത്, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്

18. ശ്രീ. പ്രദീപ് കുമാർ എ. ബി., ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

19. ഡോ. സി. ജോർജ് തോമസ്, ചെയർമാൻ, ബയോഡൈവേഴ്സിറ്റി ബോർഡ്

20. ശ്രീ. ബിമൽ ലാൽ ടി. എസ്., സീനിയർ ഫിനാൻസ് ഓഫീസർ, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ XXXIV, XVII, XX എന്നീ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് വനം, പരിസ്ഥിതി എന്നീ വകുപ്പുകൾ ലഭ്യമാക്കിയ കുറിപ്പുകൾ സമിതി പരിഗണിക്കുകയും വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും ചെയ്തു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

കേരളത്തിലെ വനങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഫയർ പ്രൊട്ടക്ഷൻ ആക്ടിവിറ്റീസും, വാച്ചർമാരുടെയും കാട്ടുതീ സംരക്ഷണ വാച്ചർമാരുടെയും വേതനം, പങ്കാളിത്താധിഷ്ഠിത കാട്ടുതീ സംരക്ഷണ പ്രവർത്തികളിൽ വി.എസ്.എസ്./ ഇ.ഡി.സി.-കൾക്ക് സഹായം നൽകുക, വനമേഖലയിലുള്ള ജലസംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയ നിരവധി പ്രവർത്തികൾ ലക്ഷ്യമിടുന്ന 'വനസംരക്ഷണം' എന്ന ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക പ്രസ്തുത പ്രവർത്തികൾക്ക് തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

അന്തർ സംസ്ഥാന അതിർത്തി വിഷയങ്ങൾ ഉൾപ്പെടുന്ന "വനസംരക്ഷണം (വനാതിർത്തി സർവ്വേയും വനസംരക്ഷണവും)" എന്ന ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം നടപ്പുവർഷത്തെ പ്രവർത്തികൾക്ക് തീരെ അപര്യാപ്തമാണെന്ന് വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

പേരാവൂർ നിയോജക മണ്ഡലത്തിലെ കേരള-കർണ്ണാടക അതിർത്തി പ്രദേശമായ കൂട്ടുപുഴയിൽ ഭൂമി കയ്യേറ്റം നടക്കുന്നതായും ഈ വിഷയം പല തവണ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ലെന്നും ബഹു. സ്ഥലം എം.എൽ.എ കൂടിയായ സമിതി അംഗം വനം വകുപ്പിനോട് ആരാഞ്ഞതിന്, അന്തർ സംസ്ഥാന അതിർത്തി തർക്കങ്ങൾ പരിഹരിക്കേണ്ടത് ജില്ലാകളക്ടറുടെ ചുമതലയാണെന്നും, ഏഴ്-എട്ട് വർഷങ്ങൾക്ക് മുമ്പ് പരാതി ഉണ്ടായതിനെത്തുടർന്ന് കളക്ടറുടെ നേതൃത്വത്തിൽ പ്രസ്തുത പ്രദേശം സന്ദർശിക്കുകയും, വെള്ളപ്പൊക്കമുണ്ടായപ്പോൾ പുഴ വഴിമാറി ഒഴുകിയതാണെന്നാണ് വിവരം ലഭിച്ചതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതി മുൻപാകെ വിശദീകരിച്ചു.

മെയിൻ റോഡരികിൽപോലും പഴയ ജണ്ട മാറ്റി പുതിയത് സ്ഥാപിച്ചിട്ടുണ്ടെന്നും അവിടെ താമസിക്കുന്ന മലയാളികളെ വീട്ടിൽ കയറി ഉപദ്രവിക്കാറുണ്ടെന്നും എന്നാൽ ഇതുവരെ അതിർത്തി സംബന്ധിച്ച് സർവ്വെയൊന്നും നടന്നിട്ടില്ലെന്നും ബഹു. സമിതി അംഗം ഉന്നയിക്കുകയും ഇതു സംബന്ധിച്ച് ഒരു അന്വേഷണം നടത്തേണ്ടത് അനിവാര്യമാണെന്ന് ആവശ്യപ്പെടുകയും ചെയ്തു.

വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കണ്ണൂർ സർക്കിൾ സി.സി.എഫ്. ആയിരുന്ന വേളയിൽ മാങ്കുട്ടം റേഞ്ചാഫീസറും ചേർന്ന് പ്രസ്തുത സ്ഥലം സന്ദർശിച്ചിട്ടുണ്ടെന്നും, വലിയ രീതിയിൽ വെള്ളം കയറുമ്പോഴാണ് കേരളത്തിന്റെ അതിർത്തിയിലേക്ക് വെള്ളം ഒഴുകുന്നതെന്നും ബ്രിട്ടീഷുകാർ പണ്ട് തയ്യാറാക്കിയ മാപ്പ് വച്ചാണ് അവർ ഡീമാർക്കേഷൻ നടത്തിയിരിക്കുന്നതെന്നും കേരള, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുടെ കൈവശമുള്ള മാപ്പുകൾ വച്ച് സംയുക്തമായി പ്രദേശത്ത് പരിശോധന നടത്തി കളക്ടറുമായി ചർച്ച നടത്തുകയുണ്ടായെന്നും, പുഴ അതിർത്തിയായി വരുന്നതിനാലാണ് കൺഫ്യൂഷൻ വരുന്നതെന്നും രണ്ട് സംസ്ഥാനങ്ങളുടെ അതിർത്തി നദിയാണെങ്കിൽ നദിയുടെ മധ്യഭാഗം അതിർത്തിയായി കണക്കാക്കുന്നതാണ് നിലവിലെ സ്ഥിതിയെന്നും ഇതുമായി ബന്ധപ്പെട്ട് നിയമം നിലവിലുണ്ടോയെന്നതിൽ വ്യക്തതയില്ലെന്നും പണ്ട് ഒഴുകിക്കൊണ്ടിരുന്ന സ്ഥലത്തുനിന്നും പുഴ വഴി മാറി ഒഴുകുന്നതാണ് വിഷയമെന്നും പ്രസ്തുത സ്ഥല സന്ദർശനത്തിൽ കയ്യേറ്റമൊന്നും കണ്ടെത്താൻ സാധിച്ചില്ലെന്നും ഒരിക്കൽക്കൂടി പ്രസ്തുത സ്ഥലം സന്ദർശിക്കാവുന്നതാണെന്നും വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

കേരളം-കർണ്ണാടക അതിർത്തിയായ പേരാവൂർ നിയോജകമണ്ഡലത്തിലെ കൂട്ടുപുഴ പ്രദേശത്ത് ഭൂമികയ്യേറ്റം നടന്നിട്ടുണ്ടോ എന്നതു സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് വനം വകുപ്പിനോട് സമിതി ചെയർമാൻ നിർദ്ദേശിച്ചു. അന്തർ സംസ്ഥാന അതിർത്തി വിഷയങ്ങൾ ഉൾപ്പെടുന്ന "വനസംരക്ഷണം (വനാതിർത്തി സർവ്വെയും വനസംരക്ഷണവും)" എന്ന ശീർഷകത്തിൽ അധികമായി ആവശ്യപ്പെട്ട 7 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിനായി 5 വർഷം കൊണ്ട് നടപ്പാക്കുന്ന 620 കോടി രൂപയുടെ ഒരു പ്രോജക്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും ടി പ്രോജക്ടിന്റെ ആദ്യവർഷ നടത്തിപ്പിനായി 174.42 കോടി രൂപ കണക്കാക്കിയിരിക്കുന്ന തിനാൽ "മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ" എന്ന ശീർഷകത്തിൽ നടപ്പുവർഷം വകയിരുത്തിയ 25 കോടി രൂപ തീരെ അപര്യാപ്തമാണെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് വ്യക്തമാക്കി.

പ്രസ്തുത ശീർഷകത്തിൽ കോമ്പൻസേഷൻ തുകയും കൃഷി നഷ്ടത്തിനുള്ള ധനസഹായവും ഉൾപ്പെടുമെന്നും ഇത് നോൺ-പ്ലാനിലാണ് ഉൾപ്പെടുത്തേണ്ടതെന്നും ജീവഹാനിക്കും കൃഷി നഷ്ടത്തിനും പ്രസ്തുത ശീർഷകത്തിൽ നിന്നാണ് തുക അനുവദിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നോൺപ്ലാൻ ശീർഷകത്തിന് സമാനമായി ഇങ്ങനെ പ്ലാൻ ശീർഷകത്തിലൂടെ അധിക തുക ആവശ്യപ്പെട്ടത് വളരെ നല്ല നടപടിയാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

വന്യജീവികളുടെ ആക്രമണത്തിൽ മരണപ്പെടുന്നവർക്ക് 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുമ്പോൾ പാമ്പ് കടിയേറ്റ് ജീവഹാനി സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപ മാത്രമേ ധനസഹായം നൽകുന്നുള്ളൂ. ഇതിലെ അപാകത പരിഹരിക്കേണ്ടതല്ലേയെന്ന് സമിതി ആരാഞ്ഞതിന് വനത്തിൽ വച്ച് പാമ്പ് കടിയേറ്റാൽ 10 ലക്ഷം രൂപയും വനപ്രദേശമൊഴികെയുള്ള സ്ഥലങ്ങളിൽ വച്ച് കടിയേറ്റാൽ 2 ലക്ഷം രൂപയുമാണ് നിലവിൽ നൽകി വരുന്നതെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് മറുപടി നല്കി.

കാർഷിക നഷ്ടവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തുക മുഴുവനും കൊടുത്തു തീർത്തിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, കൊടുത്തു തീർത്തിട്ടില്ലെന്ന് പ്രൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് മറുപടി നൽകി.

2019 വരെയുള്ള നഷ്ടപരിഹാരത്തുക കൃത്യമായി ഉടൻതന്നെ കൊടുത്തുതീർക്കണമെന്ന് ചെയർമാൻ നിർദ്ദേശിച്ചു.

2022 മാർച്ച് മാസം നോർതേൺ സർക്കിളിൽ മാത്രം 2 കോടി 14 ലക്ഷം രൂപ കൊടുത്തിട്ടുണ്ടെന്നും കഴിഞ്ഞ വർഷം അധികമായി ലഭിച്ചത് 6 കോടി രൂപയാണെന്നും ഈ രീതിയിൽ തുടരുകയാണെങ്കിൽ വലിയ പെൻറിംഗ് ഇല്ലാതെ ഈ പ്രക്രിയ മുന്നോട്ടുപോകുമെന്നും കഴിഞ്ഞ വർഷം 14 കോടി രൂപ കോമ്പൻസേഷൻ തുകയായി കൊടുത്തിട്ടുണ്ടെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് വ്യക്തമാക്കി.

കാർഷിക വിളകളുടെ നഷ്ടപരിഹാരതുക വളരെ പരിമിതമാണെന്ന് അഭിപ്രായപ്പെട്ട സമിതി അവസാനമായി തുക പുതുക്കി നിശ്ചയിച്ചത് എപ്പോഴാണെന്ന് ആരാഞ്ഞതിന്, 2018-ലാണ് അവസാനമായി തുക പുതുക്കി നിശ്ചയിച്ചതെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് മറുപടി നല്കി.

കൃഷി നാശവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരതുക നിശ്ചയിക്കുന്നത് വനംവകുപ്പാണെന്നും ഇപ്പോൾ സർക്കാരിനുകൂടി ഒരു പ്രൊപ്പോസൽ കൊടുത്തിട്ടുണ്ടെന്നും കാർഷിക ഇൻഷ്വറൻസ് സ്കീമിന്റെ റേറ്റ് കൂട്ടുതലാണെന്നും അതിന് തുല്യമാക്കാൻ വേണ്ടിയാണ് സർക്കാരിന് പുതിയ പ്രൊപ്പോസൽ കൊടുത്തിട്ടുള്ളതെന്നും വന്യജീവി ആക്രമണത്തിനും കൃഷിനാശത്തിനും വ്യത്യസ്ത കാറ്റഗറിയായാണ് തുക അനുവദിക്കുന്നതെന്നും ഇൻഷ്വർ ചെയ്യുകയാണെങ്കിൽ വെവ്വേറെ തുക ലഭിക്കുമെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് വ്യക്തമാക്കി.

ഇത് വളരെ ഗൗരവമായി എടുക്കേണ്ട വിഷയമാണെന്നും കൃഷി നാശവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നതിന് വനംവകുപ്പിന് പ്രത്യേക സമിതിയുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പ്രത്യേക സമിതിയില്ലെന്നും കൃഷി വകുപ്പ്

തന്നെയാണ് തീരുമാനമെടുക്കുന്നതെന്നും കൃഷി വകുപ്പിന്റെ ഇൻഷ്വറൻസ് തുകയ്ക്ക് തുല്യമായ തുക നൽകണമെന്ന പ്രൊപ്പോസലാണ് സർക്കാരിന് നൽകിയിരിക്കുന്നതെന്നും പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് എലിഫന്റ് പ്രൂഫ് കിടങ്ങുകളുടെയും മതിലുകളുടെയും നിർമ്മാണം 2 km കൂടി ചെയ്യുകയാണെങ്കിൽ ആ പ്രദേശത്തെ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കപ്പെടുമെന്നും പല സ്ഥലത്തും ചെയ്തിട്ടുള്ള സോളാർ പവർ ഫെൻസിംഗ് നല്ല രീതിയിൽ കൈകാര്യം ചെയ്യാൻ ഫണ്ടിന്റെ ആവശ്യമുണ്ടെന്നും ഇപ്പോൾ 2560 km സോളാർ ഫെൻസിംഗ് ചെയ്തിട്ടുണ്ടെന്നും കൂടാതെ എലിഫന്റ് പ്രൂഫ് ഭിത്തികൾ 70 km-ഉം സോളാർ ഹാങ്ങിംഗ് പവർ ഫെൻസിംഗ് 55km-ലും ചെയ്തിട്ടുണ്ടെന്നും ഇതിൽ സോളാർ ഹാങ്ങിംഗ് പവർ ഫെൻസിംഗ് വളരെ എഫക്ടീവാണെന്നും ഫണ്ടിന്റെ ബുദ്ധിമുട്ടാണ് ഇവിടത്തെ വിഷയമെന്നും നഷ്ടപരിഹാര തുക കൃഷി വകുപ്പിൽ നിന്നും കൂടി വാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നുവെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് വ്യക്തമാക്കി.

പ്രകൃതിക്ഷോഭം, രോഗങ്ങൾ മൂലമുള്ള കൃഷിനാശം ഇവയുമായി ബന്ധപ്പെട്ടാണ് കൃഷി വകുപ്പിൽ നിന്ന് ധനസഹായം നൽകിവരുന്നത്. ഇതുമായി ബന്ധപ്പെട്ട കൃഷി വകുപ്പിന്റെ ഉത്തരവിൽ വന്യമൃഗശല്യവും കാട്ടുതീ മൂലമുള്ള കൃഷിനാശവും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പക്ഷെ വ്യക്തികൾ അതിന്റെ പ്രീമിയം തുക അടയ്ക്കേണ്ടതായി വരുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സോളാർ ഫെൻസിംഗ് സ്ഥാപിച്ച്  മൂന്ന് - നാല് മാസം കഴിയുമ്പോൾ തന്നെ ഉപയോഗരഹിതമാകുന്ന സാഹചര്യത്തിൽ അത് സംരക്ഷിക്കുന്നതിനായി കാര്യക്ഷമതയുള്ള വാച്ചർമാരെ നിയമിക്കുന്നത് ആലോചിക്കാവുന്നതാണെന്നും, പ്രസ്തുത ഫെൻസിംഗ് മെയിന്റനൻസ്  ചെയ്യുന്നതിനായി ഓരോ വർഷവും ഉദ്യോഗസ്ഥതലത്തിൽ കൃത്യമായ പരിശോധന നടത്താറുണ്ടെന്നും  വനം വകുപ്പുദ്യോഗസ്ഥൻ വ്യക്തമാക്കി.

"മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ" എന്ന വിഷയം ചർച്ച ചെയുന്നതിനായി 235(എ) പ്രകാരം ഒരു യോഗം ചേരാവുന്നതാണെന്ന് ബഹു. ചെയർമാൻ നിർദ്ദേശിച്ചു. തുടർന്ന് ഈ ശീർഷകത്തിൽ അധികമായി ആവശ്യപ്പെട്ട 149.42 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുകയും ചെയ്തു.

"നശിക്കപ്പെട്ട വനങ്ങളുടെ പുനരുദ്ധാരണം" എന്ന ശീർഷകത്തിൽ നടപ്പ് വർഷം വകയിരുത്തിയ 3 കോടി രൂപയ്ക്ക് പുറമെ 2 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് വനം-വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

ഈ ശീർഷകത്തിൽ പ്ലാന്റേഷൻ പ്രോത്സാഹിപ്പിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, 2018 മുതൽ കേരളത്തിൽ അക്കേഷ്യ, യൂക്കാലിപ്റ്റസ് തുടങ്ങിയവയുടെ പ്ലാന്റേഷൻ നിർത്തി വച്ചുവെന്നും, കഴിഞ്ഞ ഡിസംബറിൽ ഇതൊരു നയമായിതന്നെ സർക്കാർ പ്രഖ്യാപിച്ചുവെന്നും ഇതിൻപ്രകാരം 27000 ഹെക്ടറിലുള്ള അക്കേഷ്യ, യൂക്കാലിപ്റ്റസ് മരങ്ങളെ ഘട്ടംഘട്ടമായി ഒഴിവാക്കി സ്വാഭാവിക വനങ്ങളാക്കി പരിസ്ഥിതി സുരക്ഷക്കായി ഉപയോഗപ്പെടുത്തുന്നതാണെന്നും എന്നാൽ തേക്കുതോട്ടങ്ങളുടെ കാര്യത്തിൽ ഉൽപ്പാദനക്ഷമതയില്ലാത്തതും, പ്രളയ ദുരന്തബാധിത പ്രദേശങ്ങളിലുള്ള തോട്ടങ്ങളെ ഒഴിവാക്കി സ്വാഭാവിക വനങ്ങളാക്കി മാറ്റുകയും ബാക്കിയുള്ള തോട്ടങ്ങളെ ഊർജ്ജിതമായുള്ള മാനേജ്മെന്റിന് കീഴിൽ കൊണ്ടുവരുന്നതിനുള്ള നയപരമായ തീരുമാനം സർക്കാർ എടുത്തിട്ടുണ്ടെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് വ്യക്തമാക്കി.

വിപണിയിൽ തടിക്ക് ഇപ്പോൾ വില കുറവാണെന്നും ടി.എം.പി.എൽ.-ഉം കേരള പേപ്പർ പ്രോഡക്ട്സും അക്കേഷ്യാ തടികൾ ന്യായമായ വിലയ്ക്ക് വാങ്ങാമെന്ന് അറിയിച്ചിട്ടുണ്ടെന്നും അവർക്ക് അലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് വ്യക്തമാക്കി.

2018 മുതൽ സ്വാഭാവിക വനവൃക്ഷങ്ങൾ നടുന്നതിനുള്ള തീരുമാനമെടുക്കുകയുണ്ടായെന്നും അതിൻപ്രകാരം നബാർഡിന്റെ സഹായത്തോടുകൂടി തൃശ്ശൂരിൽ അതാതു പ്രദേശങ്ങളിലുള്ള തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്ന പ്രവർത്തി ആരംഭിച്ചിട്ടുണ്ടെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

തുടർന്ന് "നശിക്കപ്പെട്ട വനങ്ങളുടെ പുനരുദ്ധാരണം" എന്ന പ്ലാൻ ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

"തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ" എന്ന പദ്ധതിയിലൂടെ 2022-23 സാമ്പത്തിക വർഷത്തിൽ 225 ഹെക്ടർ സ്ഥലത്ത് പുതുതായി തേക്ക് വച്ചു പിടിപ്പിക്കുന്നതിനും 500 ഹെക്ടർ പ്ലാന്റേഷന്റെ അറ്റകുറ്റപ്പണികൾക്കുമായി നടപ്പുവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നെയ്യാർ വന്യജീവി സംരക്ഷണ കേന്ദ്രത്തിന്റെ നവീകരണത്തിനായി കേന്ദ്രഗവൺമെന്റ് അനുവദിച്ച 8 കോടി രൂപ ലാപ്സായി പോകാനിടയുള്ള സ്ഥിതി വിശേഷം സംബന്ധിച്ച്

സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിവരം ആരാഞ്ഞതിന് പ്രസ്തുത പ്രോജക്ടിന് 0.24 ഹെക്ടറിന് സ്റ്റേജ് അപ്രൂവൽ സംസ്ഥാന സർക്കാർ കൊടുത്തിട്ടുള്ളതാണെന്നും 2021 ഏപ്രിൽ മാസത്തിൽ ഡിമാന്റ് നോട്ടീസ് കൊടുത്തുവെങ്കിലും യൂസർ ഏജൻസിയായ പി.ഡബ്ല്യൂ.ഡി. പണം അടച്ചിട്ടില്ലെന്നും, ഇതിനെത്തുടർന്ന് വകുപ്പിന് നാലഞ്ച് തവണ കത്ത് കൊടുത്തുവെന്നും പദ്ധതി വൈകാൻ കാരണം നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫിന്റെ ക്ലിയറൻസ് കിട്ടാൻ വൈകിയതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് മറുപടി നൽകി.

"റോഡുകൾ" എന്ന ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതമായ 4 കോടി രൂപ, 2018-19-ലെ വെള്ളപ്പൊക്കം മൂലം നഷ്ടപ്പെട്ട ട്രൈബൽ മേഖലയിലെ റോഡുകളുടെ പുനരുദ്ധാരണം അടിയന്തരമായി നടത്തേണ്ടതുള്ളതിനാൽ, തീരെ അപര്യാപ്തമാണെന്നും 2018-19-ലെ വെള്ളപ്പൊക്കത്തിൽ റോഡിനും കെട്ടിടത്തിനുമായി ഏകദേശം 115 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ടെന്നും ആ വർഷം ഇത്തരം അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് പരിഹരിക്കാൻ വേണ്ടി എല്ലാ വകുപ്പുകളിലും പ്ലാൻ ഹെഡ് വച്ച് ആ തുക ഇതിനുവേണ്ടി മാറ്റികൊടുക്കാനാണ് ഉദ്ദേശിച്ചിരുന്നത് എന്നും എന്നാൽ പ്ലാൻ ഹെഡിൽവെച്ച തുക ലഭിച്ചില്ല എന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതി മുമ്പാകെ വിശദീകരിച്ചു. ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വനത്തിനകത്തുള്ള ഓഫീസ് കെട്ടിടങ്ങൾ, ക്വാർട്ടേഴ്സ്, പിക്കറ്റ് സ്റ്റേഷനുകൾ, ചെക്ക് പോസ്റ്റുകൾ, പാർപ്പിട സമുച്ചയങ്ങൾ എന്നിവയ്ക്കുമായി "കെട്ടിടങ്ങൾ" എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വളരെയധികം പദ്ധതികൾ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്ന ജൈവവൈവിദ്ധ്യ സംരക്ഷണ പദ്ധതിയിൽ വനം-വന്യജീവി സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, വേട്ടയാടൽ വിരുദ്ധക്യാമ്പുകൾ, അവാർഡുകൾ, കാട്ടുതീ നിയന്ത്രണവും ഫയർ ലൈനുകളും ഫെൻസിംഗ് എന്നിവ പ്രാവർത്തികമാക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതി മുൻപാകെ വിശദീകരിച്ചു. നിലവിലെ ബഡ്ജറ്റ് വിഹിതം പ്രൊപ്പോസ് ചെയ്തിട്ടുള്ള പദ്ധതികൾ മുഴുവൻ നടപ്പിലാക്കുന്നതിന് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും, ജൈവവൈവിധ്യ സംരക്ഷണത്തിനായി അധികമായി ആവശ്യപ്പെട്ട 5 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

വനം വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിലെ കേന്ദ്ര വിഹിതം, ജൈവവൈവിധ്യ സംരക്ഷണം ഉൾപ്പെടെയുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് കുറഞ്ഞുവരുന്നതുമൂലം അനുവദിക്കപ്പെടുന്ന സംസ്ഥാനവിഹിതത്തിലും കുറവുവരുന്നതിനാൽ പദ്ധതി പൂർത്തീകരണത്തിന് തടസ്സം നേരിടുന്നതായി സമിതി നിരീക്ഷിച്ചു. വന സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം എന്നീ പ്രവർത്തികൾക്ക് ഫണ്ട് മതിയാകാത്ത സാഹചര്യത്തിൽ കേന്ദ്രവിഹിതത്തിന് ആനുപാതികമായി അനുവദിക്കുന്ന സംസ്ഥാന വിഹിതത്തിൽ കുറവുവന്നാൽകൂടി സംസ്ഥാന വിഹിതത്തിൽ വരുന്ന കുറവ് അധിക ധനവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കോട്ടൂരിലെ കാപ്പുകാട് ആന പുനരധിവാസ കേന്ദ്രത്തിൽ ഏകദേശം 165 തസ്തികകളുള്ളതിൽ 82 തസ്തികകളിൽ പുതുതായി സ്റ്റാഫ് ആവശ്യമാണെന്നും ടി സ്റ്റാഫുകളുടെ റിക്രൂട്ട്മെന്റിനായി 3.375 കോടി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

"ഫോറസ്റ്റ് മാനേജ്മെന്റ് വിവര സമ്പ്രദായവും ജിയോഗ്രഫിക്കൽ വിവര സമ്പ്രദായവും" (പ്ലാൻ) എന്ന ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നടപ്പുവർഷം ജൂലൈ മുതൽ സൊസൈറ്റിയായി പ്രവർത്തനം ആരംഭിക്കുന്ന പുത്തൂർ സുവോളജിക്കൽ പാർക്കിലെ 83 തസ്തികകളിൽ ജീവനക്കാരെ നിയമിക്കേണ്ടതുള്ളതിനാൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ പ്ലാൻ ശീർഷകത്തിൽ 3.75 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വിറകുവനമെന്നത് ആരുടെ കൈവശമാണെന്ന് സമിതി ആരാഞ്ഞതിന്, എൺപതുകളിൽ തുടങ്ങിയ ഒരു പ്രോജക്ടാണ് സാമൂഹിക വനവത്കരണം എന്നും വിറകുവനമെന്ന ആശയം ഇന്ന് നിലവിലില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി നൽകി.

റോഡരുകിൽ തണൽമരം വച്ചുപിടിപ്പിക്കുന്ന പ്രവർത്തി നിരുൽസാഹപ്പെടുത്തു-കയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ച് "വൃക്ഷസമൃദ്ധി" എന്ന ഒരു പ്രോജക്ട് ഈ വർഷം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും, ടി പദ്ധതിയുടെ സംരക്ഷണം തദ്ദേശസ്വയംഭരണ വകുപ്പാണ് നിർവ്വഹിക്കുന്നതെന്നും, 800-ൽപ്പരം ഇനം വൃക്ഷതൈകളുടെ വിതരണമാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് വ്യക്തമാക്കി.

തുടർന്ന്, "സാമൂഹിക വനവിപുലീകരണവും കാർഷിക വനവൽക്കരണവും" എന്ന ശീർഷകത്തിൽ 8 കോടി രൂപയും "വിഭവ ആസൂത്രണവും ഗവേഷണത്തിനുമായി" 50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വന ഗവേഷണത്തിനുവേണ്ടി വിവിധ ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾക്ക് അനുവദിച്ച ഗവേഷണ പദ്ധതികൾക്കുള്ള ചെലവുകൾക്കായി "വനഗവേഷണത്തിന് വന വികസന ഫണ്ടിൽ നിന്നുള്ള ചെലവ്" എന്ന പദ്ധതിയേതര ശീർഷകത്തിൽ 61.4657 കോടി രൂപയും "സർക്കാർ ഏജൻസി വഴി വനങ്ങളിൽ നിന്നും തടിയും മറ്റുല്പന്നങ്ങളും സംഭരിക്കുന്നതിനായി" 7.5 കോടി രൂപയും "കന്നുകാലികൾ" എന്ന ശീർഷകത്തിലേയ്ക്ക് 3.50 കോടി രൂപയും "വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം" എന്ന ശീർഷകത്തിലേയ്ക്ക് 6 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിന്റെ ആവശ്യത്തിനായി അനെർട്ട് മുഖേന കരാർ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള വാഹനങ്ങളുടെ വാടക നൽകുന്നതിനായി "പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ" എന്ന പദ്ധതി ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ വർഷം ശബരിമലയിൽ പരിസ്ഥിതി സർവ്വൈവലുമായി ബന്ധപ്പെട്ട ജോലികൾ കുറവായിരുന്നുവെന്നും, എന്നാൽ ഈ വർഷം അതുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യേണ്ടതുള്ളതിനാൽ ചെലവ് വർദ്ധിക്കുന്ന സാഹചര്യത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനായി പദ്ധതിയിനത്തിൽ 4.96 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡിലെ ജീവനക്കാരുടെ സഹായ ധനം-ശമ്പളം, സഹായധനം-ശമ്പളേതരം എന്നീ ശീർഷകങ്ങളിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ സഹായധനം-ശമ്പളത്തിനായി 85.43 ലക്ഷം രൂപയും സഹായധനം-ശമ്പളേതരത്തിനായി 18.18 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗം 27-4-2022-ന് ചേരാൻ തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.00 മണിക്ക് പിരിഞ്ഞു.

## സമിതിയുടെ 27-4-2022-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2022 ഏപ്രിൽ 27-ാം തീയതി (ബുധനാഴ്ച) രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയുമായ ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
3. ശ്രീ. പി. എസ്. സുപാൽ, എം.എൽ.എ

<u>വീഡിയോ കോൺഫറൻസ് മുഖേന ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ.
2. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി കെ. പ്രീത, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. കെ. എസ്. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
2. ശ്രീ. കൃഷ്ണ തേജ, ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്
3. ശ്രീ. ആർ. എസ്. അരുൺ, ഡയറക്ടർ, ഇക്കോ ടൂറിസം വകുപ്പ്
4. ശ്രീ. ഇ. ഷഹീദ്, അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
5. ശ്രീമതി എസ്. ലത, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീമതി രാജശ്രീ അജിത്ത്, ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്

7. ശ്രീമതി വി. വിഘ്നേശ്വരി, മാനേജിംഗ് ഡയറക്ടർ, കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ.

8. ശ്രീ. പി. ഷിജിൻ, മാനേജിംഗ് ഡയറക്ടർ, ബേക്കൽ റിസോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.

9. ശ്രീ. എ. ഉണ്ണികൃഷ്ണൻ, ജനറൽ മാനേജർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

10. ശ്രീ. കെ. രൂപേഷ്കുമാർ, കോ-ഓർഡിനേറ്റർ, സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ.

11. ശ്രീ. കെ. വിനോദ് കുമാർ, പ്രോജക്ട് മാനേജർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ അധിക തുക ആവശ്യപ്പെട്ട വിവിധ ശീർഷകങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച ചെയ്യുകയും, അധിക തുക അനുവദിക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തു. ചർച്ചയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

നടപ്പു വർഷം വിനോദസഞ്ചാര വകുപ്പിനായി ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ 362.15 കോടി രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും അധികമായി 293.26 കോടി രൂപ ആവശ്യപ്പെടുകയാണെന്നും പദ്ധതിയേതര വിഹിതത്തിൽ 3.69 കോടി രൂപയുടെ അധിക ഫണ്ട് ആവശ്യമാണെന്നും വിനോദസഞ്ചാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആമുഖമായി സമിതിയെ അറിയിച്ചു.

"അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും -മറ്റു ചെലവുകൾ-മറ്റിനങ്ങൾ" എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 132.14 കോടി രൂപ നടപ്പു വർഷത്തെ ചെലവുകൾക്ക് അപര്യാപ്തമാണെന്നും നടപ്പു വർഷം "ഡെസ്റ്റിനേഷൻ ചലഞ്ച്" എന്ന പദ്ധതിയിലൂടെ നൂറോളം പഞ്ചായത്തുകളിൽ പുതിയ ഡെസ്റ്റിനേഷനുകൾ ആരംഭിക്കുന്നതിനായി വകുപ്പ് ലക്ഷ്യമിടുന്നുവെന്നും, പ്രസ്തുത പദ്ധതി നിർവ്വഹണം വലിയ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുമെന്നതിനാൽ ഈ ശീർഷകത്തിൽ 67.86 കോടി രൂപ കൂടി ആവശ്യമാണെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കഴിഞ്ഞ വർഷം അനുവദിച്ച 117 കോടി രൂപയിൽ 100 കോടി രൂപയും ചെലവഴിച്ചുവെന്നും 25 കോടി രൂപയുടെ ബില്ലുകൾ പെന്റിംഗാണെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി ഡയറക്ടർ വ്യക്തമാക്കി.

ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച ടൂറിസം ഹബ്ബ്, പിൽഗ്രിം ടൂറിസം, ക്രൂയിസ് ടൂറിസം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും ഡെസ്റ്റിനേഷൻ ചലഞ്ചിനുമായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും എന്ന ശീർഷകത്തിൽ 67.86 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

"കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ" എന്ന ശീർഷകത്തിൽ അനുവദിച്ച 10 കോടി രൂപ തീരെ അപര്യാപ്തമാണെന്നും 2016-17 മുതൽ 2021-22 വരെയുള്ള വർഷങ്ങളിൽ കോർപ്പറേഷന് അനുവദിച്ച തുക മുഴുവനും ചെലവാക്കുവാൻ സാധിച്ചില്ലെന്നും ഒരുപാട് പ്രോജക്ടുകളിൽ നവീകരണ പ്രവർത്തനങ്ങൾ ചെയ്തു തീർക്കാനുണ്ടെന്നും കോവിഡ് സാഹചര്യംമൂലം കഴിഞ്ഞവർഷം അനുവദിച്ച തുക ചെലവഴിക്കുവാൻ സാധിച്ചില്ലെന്നും 'സമുദ്ര'യ്ക്ക് വേണ്ടിയാണ് തുക അനുവദിച്ചതെങ്കിലും സമുദ്രയുടെ ഘടനയും സ്ഥിരതയും പരിശോധിച്ചപ്പോൾ പ്ലാൻ ചെയ്ത രീതിയിലുള്ള നവീകരണ പ്രവർത്തനങ്ങൾ ചെയ്യാൻ സാധിക്കില്ലെന്ന് ബോധ്യമായതിനെത്തുടർന്ന് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരത്തിനെ ഘടനയും സ്ഥിരതയും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൺസൾട്ടൻസി നൽകിയിരിക്കുകയാണെന്നും, ഉടൻ തന്നെ റിപ്പോർട്ട് ലഭിക്കുമെന്നും, വിനോദസഞ്ചാര വകുപ്പ് മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ഒരു കെട്ടിടം എത്ര വർഷത്തിനുശേഷമാണ് പൊളിച്ചുമാറ്റുന്നതെന്ന് സമിതി ആരാഞ്ഞതിന്, കെട്ടിടത്തിന്റെ ഘടനയും സ്ഥിരതയും മോശമാണെന്ന് റിപ്പോർട്ട് ലഭിച്ചാൽ കെട്ടിടം പൊളിച്ചു മാറ്റാവുന്നതാണെന്ന് ഡയറക്ടർ വിശദീകരിച്ചു.

വകുപ്പുതലത്തിൽ പരിശോധിക്കേണ്ട വിഷയമാണിതെന്നും ഇക്കാര്യത്തിൽ വ്യക്തമായ ഇടപെടൽ ആവശ്യമാണെന്നും ചെയർമാൻ വ്യക്തമാക്കി. തുടർന്ന്, കേരള വിനോദ സഞ്ചാര വികസന കോർപ്പറേഷനുവേണ്ടി അധികമായി ആവശ്യപ്പെട്ട 11.7 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ വർഷം അനുവദിച്ച 6 കോടി രൂപയിൽ 3.81 കോടി രൂപ മാത്രമാണ് ചെലവഴിച്ചതെന്നും ട്രെയിനിംഗ് പ്രോഗ്രാമിനായിരുന്ന പ്രസ്തുത തുക വകയിരുത്തിയതെങ്കിലും കോവിഡ് മഹാമാരി മൂലം ട്രെയിനിംഗ് പ്രോഗ്രാമുകളെല്ലാം ഓൺലൈൻ പ്ലാറ്റ്ഫോമിലായതുകാരണം ചെലവ് കുറഞ്ഞുവെന്നും, എന്നാൽ നടപ്പുവർഷത്തെ ട്രെയിനിംഗ് പ്രോഗ്രാമുകളെല്ലാം ഓഫ്‌ലൈനിലാണെന്നും ആയതിനാൽ നടപ്പു വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്നും സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ കോ-ഓർഡിനേറ്റർ സമിതിയെ അറിയിച്ചു.

ഈ പ്രോഗ്രാമുകളുടെ  നേട്ടത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന്, കോവിഡിന്റെ സാഹചര്യത്തിൽ 4.80 കോടി രൂപ റവന്യൂ വരുമാനം ലക്ഷ്യമിട്ടിരുന്ന  സ്ഥാനത്ത് 5.30 കോടി രൂപയുടെ വരുമാനം ലഭിച്ചുവെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ 2007-ൽ  കുമരകത്താണ് ആദ്യമായി ആരംഭിച്ചതെന്നും തുടർന്ന് 2008 മുതൽ തേക്കടി,  കോവളം, വൈത്തിരി എന്നീ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചുവെന്നും ഇപ്പോൾ പെപ്പർ പ്രോജക്ടിൽ 48 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുണ്ടെന്നും  മോഡേൺ ഉത്തരവാദിത്ത ടൂറിസത്തിലെ പുതിയ പദ്ധതിയായ സ്ട്രീറ്റ് (STREET-Sustainable, Tangible, Responsible, Experiential, Ethnic, Tourism Hubs) വേൾഡ് ടൂറിസം ഓർഗനൈസേഷന്റെ മുദ്രാവാക്യം അനുസരിച്ച് പത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുണ്ടെന്നും ജനകീയ തലത്തിലുള്ള ടൂറിസം പ്രവർത്തനങ്ങൾ പഞ്ചായത്തുകളുമായി ചേർന്ന് ശക്തിപ്പെടുത്തുക, യൂണിറ്റുകൾ സംഘടിപ്പിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിച്ച് റിസോർട്ടുകളുമായി ധാരണ ഉണ്ടാക്കി വിതരണം ചെയ്യുക തുടങ്ങിയവയാണ് പ്രധാനമായി ചെയ്യുന്നതെന്നും മുമ്പ് തമിഴ്നാട്ടിൽ നിന്നായിരുന്ന സപ്ലൈ ഉണ്ടായിരുന്നതെന്നും, അതോടൊപ്പം സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി വില്ലേജുകളിലെ കൾച്ചറൽ എക്സ്പീരിയൻസ്. മ്യൂസിയം പോലുള്ള എക്സിപിരിമെന്റൽ ടൂറിസം തുടങ്ങിയ പ്രോഗ്രാമുകളും പരമ്പരാഗത പ്രവർത്തനങ്ങളായ കയർ പിരിക്കൽ, ഓലമെടയൽ, മൺപാത്രനിർമ്മാണം തുടങ്ങിയവയും ഇതിലുൾപ്പെടുന്നുവെന്നും ഇത്തരത്തിലുള്ള പരമ്പരാഗത പ്രവർത്തനങ്ങൾ വിദേശികളെ വീടുകളിലേയ്ക്ക് കൊണ്ടുവന്ന് അതിലൂടെ  റവന്യൂ വരുമാനം ഉണ്ടാക്കാനാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ഗ്രോബാഗ്, പേപ്പർ ബാഗ് പരിശീലനം, പുതിയ യൂണിറ്റുകളുണ്ടാക്കി പേപ്പർ സ്ട്രോ നിർമ്മാണം തുടങ്ങി പരിസ്ഥിതി സൗഹാർദ്ദമായ ഉൽപ്പന്നങ്ങളുടെ നിർമ്മാണമാണ് എൻവയോൺമെന്റൽ റെസ്പോൺസിബിലിറ്റിയിലൂടെ നടക്കുന്നതെന്നും ലോക്കൽ ഇക്കോണമിയെ സപ്പോർട്ട് ചെയ്ത് ഓരോ ഉൽപ്പന്നത്തിൽ നിന്നും എത്ര പേർക്ക് തൊഴിൽ കൊടുക്കാമെന്നും, എത്രപേർക്ക്  റവന്യൂ ജനറേറ്റ് ചെയ്യാമെന്നും എത്ര സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാനും കഴിഞ്ഞു എന്നതിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലാണ് ഇവിടെ നടക്കുന്നതെന്നും ഇത്തരത്തിലൊരു പ്രവർത്തനം ലോകത്ത് ആദ്യമായി നടപ്പിൽ വരുത്തുന്ന സംസ്ഥാനം കേരളമാണെന്നും ഉത്തരവാദിത്ത ടൂറിസം മിഷൻ കോ ഓർഡിനേറ്റർ വ്യക്തമാക്കി.

ഇത്തരം പ്രവർത്തനത്തിനായി ഗൈഡുകളുടെ സേവനം നൽകുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്  Community Tour leaders എന്ന പേരിലുള്ള പ്രത്യേക പരിശീലനം ലഭിച്ച ഗൈഡുകളെയാണ് ഇതിനായി നിയോഗിച്ചിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നാടൻ കാലരൂപങ്ങളുടെ കൂട്ടായ്മകൾക്ക് ഈ വർഷം മൂന്ന് അന്താരാഷ്ട്ര അവാർഡുകൾ ലഭിച്ചുവെന്നും അദ്ദേഹം സമിതിയെ അറിയിച്ചു. ജനങ്ങളെ ടൂറിസം വകുപ്പുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തി ഉത്തരവാദിത്ത ടൂറിസം കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലേയ്ക്കും വ്യാപിപ്പിക്കണമെന്നും, പ്രസ്തുത പ്രവർത്തികൾക്കായി അധികമായി ആവശ്യപ്പെട്ട 24.4 കോടി രൂപ അനുവദിക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ടൂറിസം സംരംഭകർക്ക് 2015 വരെ നൽകി വന്നിരുന്ന മൂലധന സബ്സിഡികൾ, ഇലക്ട്രിസിറ്റി സബ്സിഡി എന്നിവയുടെ പേയ്മെന്റ് എഴുവർഷമായി മുടങ്ങിക്കിടക്കുകയാണെന്നും ഇതിലേയ്ക്കായി 25 കോടി രൂപയുടെ പെൻഡിംഗ് ഉണ്ടെന്നും ആയതിലേയ്ക്കായി "അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും" എന്ന ശീർഷത്തിൽ ബഡ്ജറ്റിൽ അനുവദിച്ച 16 കോടി രൂപ തീരെ അപര്യാപ്തമാണെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ യോഗത്തിൽ വിശദീകരിച്ചു.

ടി ശീർഷകത്തിൽ ആവശ്യപ്പെട്ട 29 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

"ലീഗ് അടിസ്ഥാനത്തിലുള്ള ബോട്ട് മത്സരം" ആദ്യമായി ആരംഭിച്ചത് 2019-ലാണെന്നും ഏകദേശം 20 ലക്ഷത്തോളം പേർ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലും നേരിട്ടും മത്സരം കണ്ടിട്ടുണ്ടെന്നും എന്നാൽ കോവിഡ് സാഹചര്യത്തിൽ മുൻ രണ്ട് വർഷങ്ങളിൽ മത്സരം നടത്തുവാൻ കഴിഞ്ഞില്ലെന്നും നടപ്പു വർഷം പ്രസ്തുത മത്സരം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുവെന്നും ആയതിലേയ്ക്കായി വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ടൂറിസം ഡയറക്ടർ സമിതിയോട് ആവശ്യപ്പെടുകയും ആയതിന് അധികമായി ആവശ്യപ്പെട്ട 15 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2020-21 വർഷങ്ങളിൽ കോവിഡ് മഹാമാരിമൂലം ടൂറിസം മേഖലയ്ക്ക് വൻ സാമ്പത്തിക നഷ്ടമാണ് ഉണ്ടായതെന്നും എന്നാൽ നിലവിൽ ദേശീയ/അന്തർദേശീയ തലത്തിൽ ടൂറിസം വിപണനത്തിന് നല്ല അവസരമാണെന്നും എന്നാൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം 81 കോടി രൂപ മാത്രമായതിനാൽ അധികമായി 69 കോടി രൂപ കൂടി ആവശ്യപ്പെടുന്നുവെന്നും, കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ച 65 കോടി രൂപ മുഴുവനും വിനിയോഗിച്ചുവെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സമിതി മുൻപാകെ വിശദമാക്കി.

ഡിജിറ്റൽ മീഡിയ, സോഷ്യൽ മീഡിയ എന്നീ മാധ്യമങ്ങളിലൂടെ ശക്തമായ പ്രചരണ പരിപാടികൾ ലക്ഷ്യമിടുന്നതിനാൽ "ടൂറിസം വിപണനവും പ്രോത്സാഹനവും" എന്ന ശീർഷകത്തിൽ അധികമായി 69 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

'മുസിരീസ് സ്പൈസസ് റൂട്ട് പൈതൃക പദ്ധതി' ആരംഭിച്ചത് മുസരീസ് പദ്ധതിയ്ക്ക് വേണ്ടിയാണെങ്കിലും നിലവിൽ ആലപ്പുഴ, തലശ്ശേരി, മുസിരീസ്, തിരുവിതാംകൂർ എന്നീ പൈതൃക പദ്ധതികൾ കൂടി ഇതിലുൾപ്പെടുത്തിയിട്ടുണ്ടെന്നും അവസാന ഘട്ട പണികളാണ് ഇപ്പോൾ നടക്കുന്നതെന്നും ഏകദേശം 30 കോടി രൂപയുടെ ബില്ലുകൾ പെന്റിംഗിലാണെന്നും നടപ്പു വർഷം വകയിരുത്തിയിരുന്ന 15 കോടി രൂപ പദ്ധതി പ്രവർത്തനങ്ങൾക്ക് തീരെ അപര്യാപ്തമായതിനാൽ 68 കോടി രൂപ അധികമായി അനുവദിക്കണമെന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ സമിതിയോട് ആവശ്യപ്പെടുകയുണ്ടായി.

തിരുവിതാംകൂർ പൈതൃക പദ്ധതിയുടെ വിശദാംശം സമിതി ആരാഞ്ഞതിന് 35 കോടി രൂപ ചെലവു വരുന്ന ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ ഹെറിറ്റേജ് സെന്ററുകളെ രാത്രിയിൽ ഗോൾഡൻ കളർ ഇല്യൂമിനേഷൻ ചെയ്ത് സഞ്ചാരികളെ ആകർഷിക്കുന്ന രീതിയിൽ മാറ്റുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ ഉദ്ഘാടനം ഉടനെ നടക്കുമെന്നും ഡയറക്ടർ മറുപടി നൽകി.

റിവർ ക്രൂയിസ് ഹെറിറ്റേജ് പദ്ധതിയുടെ നിലവിലെ അവസ്ഥയെക്കുറിച്ച് സമിതി ആരാഞ്ഞതിന്, ടി പദ്ധതിയുടെ സ്റ്റേറ്റ് കമ്പോണന്റ്സിന്റെ ജോലി ഈ വർഷം തന്നെ പൂർത്തിയാക്കുമെന്നും, സെൻട്രൽ കമ്പോണന്റ്സിന്റെ മൂന്ന് ഭാഗങ്ങളിൽ ഒരു ഭാഗത്തിന്റെ CRZ ക്ലിയറൻസ് കിട്ടിയിട്ടുണ്ടെന്നും രണ്ട് ഭാഗത്തിന്റെ CRZ ക്ലിയറൻസുമായി ബന്ധപ്പെട്ട് നടന്ന യോഗത്തിൽ ചില നിർദ്ദേശങ്ങൾ വരികയുണ്ടായെന്നും അതു കൂടി പൂർത്തിയാക്കി അടുത്ത മീറ്റിംഗിൽ സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ടൂറിസം ഡയറക്ടർ മറുപടി നൽകി.

"മുസിരീസ് സ്പൈസ് റൂട്ട് പൈതൃക പദ്ധതിക്കായി" 68 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പരിസ്ഥിതി ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനം എന്ന ശീർഷകത്തിൽ നടപ്പു വർഷം അനുവദിച്ച 2 കോടി രൂപ തീരെ അപര്യാപ്തമാണെന്നും ഈ ശീർഷകത്തിൽ ഇതിനകം ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് തന്നെ 5.52 കോടി രൂപ ആവശ്യമായി വരുമെന്നും കൂടാതെ കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ഗവി ഇക്കോ ടൂറിസം പദ്ധതി അപ്ഗ്രേഡ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും അതോടൊപ്പം വാഗമൺ, നെല്ലിയാമ്പതി എന്നീ ഇക്കോ ടൂറിസം പദ്ധതിയും പുനർ നിർമ്മിക്കേണ്ട സ്ഥിതിയിലാണെന്നും പ്രകൃതിരമണീയമായ സ്ഥലങ്ങളിൽ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെന്ററുകളുണ്ടെന്നും അവരുമായി ചേർന്ന് ഇക്കോ ടൂറിസം പദ്ധതികൾ ആരംഭിക്കുകയാണെങ്കിൽ കൂടുതൽ സന്ദർശകരെ ലഭിക്കുമെന്നും ആയതിനാൽ 8.3 കോടി രൂപ അധികമായി അനുവദിക്കണമെന്നും ഇക്കോ ടൂറിസം വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

ഏഷ്യയിലെ തന്നെ പ്രധാനപ്പെട്ട ഇക്കോ ടൂറിസം സെന്ററായ തെന്മല ഇക്കോ ടൂറിസം കേന്ദ്രത്തിലെ ഏകോപനമില്ലായ്മയെക്കുറിച്ച് സ്ഥലം എം.എൽ.എ. കൂടിയായ സമിതിയംഗം വിശദീകരിക്കുകയുണ്ടായി. തെന്മല ഇക്കോ ടൂറിസം പ്രോജക്ടിന്റെ ഭാഗമായ പാലരുവിയിൽ വർഷം 2 കോടി രൂപ വരുമാനമായി ലഭിക്കുന്നുണ്ടെന്നും എന്നാൽ തെന്മലയിൽ നിന്നും സഞ്ചാരികളെ പാലരുവിയിലേക്ക് കൊണ്ടുപോകുന്നതിനും തിരിച്ചെത്തിക്കുന്നതിനും യാത്രസൗകര്യം നിലവിലില്ലാത്തതിനാൽ സഞ്ചാരികൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണെന്നും പ്രസ്തുത ആവശ്യത്തിനായി മൂന്ന് ബസുകൾ പ്രവർത്തിപ്പിച്ചിരുന്നുവെങ്കിലും രണ്ട് വർഷത്തോളമായി അവ പ്രവർത്തന- സജ്ജമല്ലെന്നും ഇതുമൂലം സഞ്ചാരികൾ പാലരുവി സന്ദർശിക്കാതെ മടങ്ങുന്ന സാഹചര്യമാണുള്ളതെന്നും, ഇത്തരം ഏകോപനമില്ലായ്മ കാരണം പ്രസ്തുത പ്രദേശത്തിന്റെ ടൂറിസം സാധ്യതകൾ വേണ്ട രീതിയിൽ വിനിയോഗിക്കാൻ സാധിക്കുന്നില്ലെന്നും അദ്ദേഹം വിലയിരുത്തി. പ്രസ്തുത പ്രദേശത്തിന്റെ ദുരവസ്ഥ തന്നെയാണ് നെയ്യാർ ഡാം നേരിടുന്നതെന്നും സ്ഥലം എം.എൽ.എ. ആയ സമിതി അംഗം കൂട്ടിച്ചേർത്തു.

ഇത്തരം ഏകോപനമില്ലായ്മ പരിഹരിക്കുന്നതിനായി വനം വകുപ്പും ടൂറിസം വകുപ്പും പ്രത്യേകമായി ഈ വിഷയത്തിൽ ഇടപെട്ടിട്ടുണ്ടെന്നും ഇതിൽ നിന്നുള്ള വരുമാനം ലഭിക്കുന്നത് വനം വകുപ്പിനാണോ എന്ന് ചെയർമാൻ ആരാഞ്ഞതിന്, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി, വന സംരക്ഷണ സമിതി എന്നിവയ്ക്ക് ഡിവിഷൻ ലെവലിൽ ഒരു ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയുണ്ടെന്നും അതിലേക്കാണ് ഈ തുക വരുന്നതെന്നും ഇതിൽ 70% തുകയും കമ്മിറ്റികളിലെ ജീവനക്കാരുടെ വേതനത്തിനാണ് വിനിയോഗിക്കുന്നതെന്നും, കഴിഞ്ഞ രണ്ട് വർഷം വരുമാനം കുറഞ്ഞ സാഹചര്യത്തിൽ അധികമായി ഫണ്ട് ഇല്ലെന്നും ടൂറിസം ഡയറക്ടർ വ്യക്തമാക്കി.

ഇക്കോ ടൂറിസം പ്രോഡക്ട് എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന്, ഓരോ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെയാണ് പ്രോഡക്ട് എന്ന് പറയുന്നതെന്നും ഉദാഹരണമായി ബോട്ടിംഗ് ആക്ടിവിറ്റി, കുട്ടവഞ്ചി തുടങ്ങിയവല്ലാം ഓരോ പ്രോഡക്ടുകളാണെന്നും ടൂറിസം ഡയറക്ടർ മറുപടി നൽകി.

വാൽപ്പാറയിലും ജഡായുപ്പാറയിലും നടപ്പിലാക്കിയതുപോലെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ഭാഗികമായി സ്വകാര്യ പങ്കാളിത്തമോ പ്രാദേശികമായ എന്തെങ്കിലും സംവിധാനങ്ങളോ നടപ്പിലാക്കുകയാണെങ്കിൽ വളരെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനം നടത്താൻ സാധിക്കുമെന്ന് സമിതി നിരീക്ഷിച്ചു. എറണാകുളം ജില്ലയിലെ

'പാണിയേലിപോര്' ടൂറിസം കേന്ദ്രത്തിലെത്തുന്ന സഞ്ചാരികൾ പുഴയിലേക്കിറങ്ങി ഒഴുക്കിൽപ്പെട്ട് ജീവഹാനി സംഭവിക്കുന്നത് പതിവാകുന്നുവെന്നും വർഷത്തിൽ ഏകദേശം 15 പേരെങ്കിലും മരണപ്പെടുന്നുണ്ടെന്നും ഇതൊഴിവാക്കുന്നതിനായി നിരീക്ഷണക്യാമറ, സേഫ് ഗാർഡ് എന്നിവ അടിയന്തരമായി സജ്ജീകരിക്കണമെന്നും സമിതി ടൂറിസം ഡയറക്ടറോട് ആവശ്യപ്പെട്ടു.

ഈ വർഷം മുതൽ എല്ലാ ടൂറിസം ഡെസ്റ്റിനേഷനുകളിലും സേഫ്റ്റി ഓഡിറ്റ് ചെയ്യുന്നതിനായി ഒരു പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ടെന്നും ഇക്കോ ടൂറിസം ഡയറക്ടർ മറുപടി നൽകി.

സമിതി അംഗങ്ങളായ എം.എൽ.എ.മാർ അടക്കമുള്ള ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഏതെല്ലാം ഡെസ്റ്റിനേഷനുകളിൽ മാറ്റങ്ങൾ വന്നിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത നിർദ്ദേശം അടിയന്തരമായി നടപ്പിലാക്കുകയാണെങ്കിൽ ജനപങ്കാളിത്തത്തോടെ പ്രവർത്തനം വിപുലീകരിക്കുവാൻ സാധിക്കുമെന്ന് ചെയർമാൻ പ്രത്യാശ പ്രകടിപ്പിക്കുകയും 'പരിസ്ഥിതി ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനം' എന്ന ശീർഷകത്തിലേയ്ക്ക് 80.3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

പദ്ധതിയേതര വിഹിതത്തിൽ ആകെ അനുവദിച്ചത് 66 കോടി രൂപയാണെന്നും അധികമായി 3.69 കോടി രൂപ കൂടി അവശ്യപ്പെടുന്നുണ്ടെന്നും ടൂറിസം ഡയറക്ടർ സമിതിയെ അറിയിക്കുകയും, ടൂറിസ്റ്റ് ഗതാഗത സേവനം മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികൾക്കുമായി 50 ലക്ഷം രൂപയും ഭരണവും നടത്തിപ്പും-വേതനത്തിനായി 80 ലക്ഷം രൂപയും, വി.വി.ഐ.പി. സന്ദർശനവുമായി ബന്ധപ്പെട്ടുള്ള ചെലവുകൾക്കായി 2 കോടി രൂപയും, ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും വാടക, കരം, നികുതി എന്നിവയ്ക്കായി 39 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ടൂറിസ്റ്റ് ഗസ്റ്റ് ഹൗസുകളുടെ മെയിന്റനൻസ് യഥാസയം നടക്കുന്നില്ലെന്നതിന്റെ നിജസ്ഥിതി സംബന്ധിച്ച് സമിതി ചെയർമാൻ ടൂറിസം ഡയറക്ടറോട് ആരായുകയും പുതിയ ഗസ്റ്റ് ഹൗസുകളുടെ പദ്ധതി ആരംഭിക്കുന്നതോടൊപ്പം നിലവിലുള്ളവ നശിച്ചു പോകാതെ സംരക്ഷിക്കുന്ന കാര്യത്തിൽ ശ്രദ്ധ പുലർത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

സമിതിയോഗം ഉച്ചയ്ക്ക് 12.10-ന് പിരിഞ്ഞു.

## 18-5-2022-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2022 മേയ് 18-ാം തീയതി, ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. വനം-വന്യജീവി വകുപ്പ് മന്ത്രിയുമായ ശ്രീ. എ. കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പു മന്ത്രി ശ്രീ. പി.എ. മുഹമ്മദ് റിയാസും ചുവടെ ചേർത്തിട്ടുള്ള അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. സി.കെ. ഹരീന്ദ്രൻ, എം.എൽ.എ.
2. ശ്രീ. എം. മുകേഷ്, എം.എൽ.എ.

വീഡിയോ കോൺഫറൻസ് മുഖേന ഹാജരായ അംഗം

ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. റ്റി. പുഷ്പാംഗദൻ, അണ്ടർ സെക്രട്ടറി

സമിതിയുടെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

തുടർന്ന്, വനമേഖലകളിലൂടെയുള്ള റോഡുകളുടെ നിർമ്മാണത്തിനുണ്ടാകുന്ന കാലതാമസത്തെക്കുറിച്ച് സമിതി അംഗം ബഹു. ചെയർമാന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി.

പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരമുള്ള റോഡുനിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ അനുവദിച്ച തുക റോഡ് നിർമ്മാണ പ്രവർത്തികൾക്കായി ചെലവഴിക്കുവാൻ സാധിക്കാത്ത സാഹചര്യമാണെന്നും അതോടൊപ്പം ഗോത്ര വിഭാഗത്തിൽപ്പെട്ട ധാരാളം ആളുകൾ താമസിക്കുന്ന ഈ കോളനികളിൽ നവീകരണത്തിന്റെ ഭാഗമായി കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിക്കുന്ന ഫണ്ട് ഗതാഗത സൗകര്യമില്ലെന്ന കാരണത്താൽ വിനിയോഗിക്കാൻ സാധിക്കുന്നില്ലെന്നും വനം വകുപ്പിന്റെ ഭാഗത്ത് നിന്ന് ആയതിന് അനുമതി ലഭിക്കുന്നില്ലെന്നും ഈ വിഷയത്തിൽ സമിതിയുടെ അടിയന്തര ശ്രദ്ധ പതിയേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് സമിതി അംഗം ആവശ്യപ്പെടുകയുണ്ടായി. ആയതിന്മേൽ, പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകളിൽ എത്ര കേസുകളാണ് പ്രസ്തുത കാരണത്താൽ മുടങ്ങിയിട്ടുള്ളതെന്ന് പരിശോധിക്കേണ്ടതാണെന്നും, പ്രധാന മന്ത്രിയുടെ പ്രത്യേക റോഡ് നിർമ്മാണ പദ്ധതി പ്രകാരമുള്ള റോഡ് നിർമ്മാണം വനസംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് അംഗീകരിച്ചിട്ടുള്ളതാണെന്ന് കേന്ദ്രസർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പലപ്പോഴും അത്തരം മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ലെന്നും അതിനാൽ, എല്ലാ സമിതി അംഗങ്ങൾക്കും പങ്കെടുക്കാൻ സാധിക്കുന്ന വിധത്തിൽ സൗകര്യപ്രദമായ ഒരു തീയതി തീരുമാനിച്ച് ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥന്മാരെക്കൂടി ഉൾപ്പെടുത്തി നിയമസഭാ ചട്ടം 235 (എ) പ്രകാരം ഒരു യോഗം ചേർന്ന് ഈ വിഷയം സംബന്ധിച്ച് ചർച്ച നടത്താവുന്നതാണെന്ന ബഹു. സമിതി ചെയർമാന്റെ നിർദ്ദേശം സമിതി അംഗീകരിച്ചു. സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾ സന്ദർശിക്കുന്നതിന് സൗകര്യപ്രദമായ ഒരു തീയതി പിന്നീട് നിശ്ചയിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു.

സമിതി യോഗം രാവിലെ 11.50- ന് പിരിഞ്ഞു.

## സമിതിയുടെ 15-6-2022-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2022 ജൂൺ 15-ാം തീയതി (ബുധനാഴ്ച) രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനം വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ.കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ ചുവടെ ചേർക്കുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.

3. ശ്രീ. കെ.യു. ജനീഷ് കുമാർ, എം.എൽ.എ.

4. ശ്രീ. എം. മുകേഷ്, എം.എൽ.എ.

5. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ബി. റെജി, അഡീഷണൽ സെക്രട്ടറി

2. ശ്രീ. റ്റി. പുഷ്പാംഗദൻ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. അജിത് കുമാർ, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്

2. ശ്രീ. അജിത് കെ. ജോസഫ്, അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

3. ശ്രീ. ജി.ആർ. രാജേഷ്, ജോയിന്റ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്

4. ശ്രീ. ബെന്നിച്ചൻ തോമസ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

5. ശ്രീ. ഡി. ജയപ്രസാദ്, ഐ.എഫ്. എസ്., പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (പി.&ഡി.)

6. ഡോ. പി. പുകഴേന്തി, ഐ.എഫ്.എസ്., അഡീഷണൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (പി.&ഡി)

7. ശ്രീ. റ്റി.സി. ത്യാഗരാജ്, ഐ.എഫ്. എസ്., കൺസർവേറ്റർ ഓഫ് ഫോറസ്റ്റസ്, എ.ബി.പി. സർക്കിൾ

8. ശ്രീ. അരുൺ ആർ.എസ്., കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, സ്പെഷ്യൽ അഫോറസ്റ്റേഷൻ

9. ശ്രീമതി ഡാർലിൻ ഡിക്രൂസ്, പ്രോജക്ട് ഡയറക്ടർ, കേരള റോഡ് ഫണ്ട് ബോർഡ്

10. ശ്രീ. അജിത് രാമചന്ദ്രൻ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്.

11. ശ്രീ. സുരേഷ് ബാബു ഐ.എസ്., വൈൽഡ് ലൈഫ് വാർഡൻ

സമിതി, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം "വനമേഖലകളിലെ റോഡുകളുടെ നവീകരണവും

സങ്കീർണ്ണതകളും സംബന്ധിച്ച പഠനം" എന്ന വിഷയത്തിന്മേൽ വനം വന്യജീവി, പൊതുമരാമത്ത് എന്നീ വകുപ്പുദ്യോഗസ്ഥന്മാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും തുടർന്ന് നെയ്യാർ വനമേഖലയിലെ ചാക്കപ്പാറ കോളനി സന്ദർശിക്കുകയും ചെയ്തു.

വനത്തിനുള്ളിലെ ആദിവാസി ഗോത്രവർഗ്ഗക്കാർ അധിവസിക്കുന്ന കോളനികളിൽ റോഡ് നിർമ്മിക്കുന്നതിന് പഞ്ചായത്തുകൾ പ്രമേയം പാസ്സാക്കി അനുവാദത്തിനായി വനം വകുപ്പിനെ സമീപിച്ചാൽ വനം വകുപ്പ് അനുവാദം നൽകുന്നില്ല എന്നത് കേരളത്തിലെ മലയോരമേഖലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളെയും ബാധിക്കുന്ന ഒരു ഗൗരവമേറിയ പ്രശ്നമായി മാറുന്നതുകൊണ്ടാണ് ഈ വിഷയത്തിൽ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കുന്നതെന്ന് സമിതി ചെയർമാൻ ആമുഖമായി പറഞ്ഞു. നടപടിക്രമങ്ങൾ പാലിക്കാതെ വീഴ്ച വരുത്തുന്ന ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുവാൻ സമിതി നിർബന്ധിതമാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണെന്നും അദ്ധ്യക്ഷൻ സൂചിപ്പിച്ചു. അതോടൊപ്പം പഠന വിഷയവുമായി ബന്ധപ്പെട്ട് സമിതി നൽകിയ ചോദ്യാവലിക്ക് മറുപടി ലഭ്യമാക്കാത്ത വകുപ്പിന്റെ നടപടിയിൽ ചെയർമാൻ അതൃപ്തി രേഖപ്പെടുത്തുകയും ഇതിന്മേലുള്ള വകുപ്പിന്റെ വിശദീകരണം ആരായുകയും ചെയ്തു.

വനംവന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് പകരം യോഗത്തിലേയ്ക്ക് നിയോഗിക്കപ്പെട്ട വകുപ്പ് ജോയിന്റ് സെക്രട്ടറി, സമിതിയോട് ക്ഷമ ചോദിക്കുകയുണ്ടായി. വനം വന്യജീവി വകുപ്പിലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റുമായി (പ്ലാനിംഗ് & ഡെവലപ്പ്മെന്റ്) ഇന്നുരാവിലെവരെയും നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്നു വെങ്കിലും, സങ്കീർണ്ണമായ വിഷയമായതിനാൽ ചർച്ച ചെയ്ത് തീർപ്പാക്കിയിട്ടില്ലെന്ന മറുപടിയാണ് ലഭിച്ചതെന്നും അദ്ദേഹം വിശദീകരിച്ചു.

രണ്ടായിരത്തോളം കുടുംബങ്ങൾ താമസിക്കുന്ന കുന്നത്തുമലയടക്കമുള്ള 12 ഗോത്രവർഗ്ഗ കോളനി മേഖലയിൽ റോഡ് നിർമ്മിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ പ്രധാന മന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ.) യിൽ ഉൾപ്പെടുത്തി 9 കോടി രൂപ അനുവദിച്ചുവെങ്കിലും വനംവകുപ്പിന്റെ അനാസ്ഥ കാരണം പ്രസ്തുത ഫണ്ട് ലാപ്സായി എന്നാണ് മനസ്സിലാക്കുന്നതെന്നും ഇതിന് മറുപടി പറയേണ്ടത് വനം വകുപ്പാണെന്നും, പ്രസ്തുത പ്രദേശത്തെ വന്യജീവി സങ്കേതത്തിലുൾപ്പെട്ട സ്ഥലമായാണ് വനം വകുപ്പ് കാണുന്നതെന്നും, എന്നാൽ പ്രസ്തുത പ്രദേശം അങ്ങനെയൊരു ഘോരവനമല്ലെന്നും കുരങ്ങനും പന്നികളുമാണ് അവിടെയുള്ളതെന്നും സിമന്റ്, കോൺക്രീറ്റ്, ടാർ, ടൈൽ എന്നിവ പാകിയാൽ പ്രസ്തുത മൃഗങ്ങൾക്ക് സുഗമമായി വെള്ളം കുടിക്കാൻ കരിപ്പയാറിൽ ഇറങ്ങാൻ കഴിയില്ലെന്നുള്ള അനാവശ്യകാര്യങ്ങൾ നിരത്തിയാണ് വകുപ്പ് ഫണ്ട് ലാപ്സാക്കിയതെന്നും സ്ഥലം എം.എൽ.എ. ആയ സമിതി അംഗം വിശദീകരിച്ചു.

വനാവകാശ നിയമമനുസരിച്ച് വനം വകുപ്പിൽ എത്ര അപേക്ഷകളാണുള്ളതെന്നും അവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്താണെന്നും അവ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്നതും സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിശദമായ മറുപടി നൽകണമെന്ന് ചെയർമാൻ ആവശ്യപ്പെട്ടതനുസരിച്ച്, പുതിയ റോഡുകളുടെ നിർമ്മാണത്തിനായി 81-ഉം നവീകരണത്തിനായി 695-ഉം അപേക്ഷകളുള്ളതിൽ റോഡ് നിർമ്മാണത്തിനുള്ള 81-ൽ 67-ലും നവീകരണത്തിനുള്ള 695-ൽ 661-ലും തീർപ്പുകൽപ്പിച്ച് അനുവാദം നൽകിയിട്ടുണ്ടെന്നും ശേഷിക്കുന്നവയുടെ പരിശോധന തുടർന്നുവരുന്നുവെന്നും, ബഹു. എം.എൽ.എ. ഉന്നയിച്ച വിഷയത്തിൽ, 8.8 K.m നീളമുള്ള റോഡിന്റെ പുനരുദ്ധാരണമാണെന്നും, നിലവിൽ പ്രസ്തുത റോഡിന്റെ വീതി 3-3.5 മീറ്റർ ആണെന്നും, 6-6.5 മീറ്റർ വീതി കൂട്ടണമെന്ന ആവശ്യമാണ് പഞ്ചായത്ത് ഉന്നയിച്ചതെന്നും അതുപ്രകാരം വിസ്തീർണ്ണം കണക്കാക്കുമ്പോൾ 5.4 ഹെക്ടർ ആവശ്യമായി വരുമെന്നും എന്നാൽ ഒരു അപേക്ഷയിൽ 1 ഹെക്ടറിൽ കവിയാത്ത ഭൂമിയേ നൽകാൻ പാടുള്ളുവെന്നതിനാലാണ് പ്രസ്തുത അപേക്ഷ നിരസിച്ചതെന്നും ആവശ്യമെങ്കിൽ മൂന്നോ നാലോ കോളനികൾക്കായി അപേക്ഷ split ചെയ്ത് പുതുതായി അപേക്ഷ സ്വീകരിച്ച് അനുമതി നൽകാമെന്ന തീരുമാനത്തിലിരിക്കുന്നുവെന്നും ആദിവാസിക്ഷേമവുമായി ബന്ധപ്പെട്ട അധിക ചുമതല വഹിക്കുന്ന അഡീഷണൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് മറുപടി നൽകിയപ്പോൾ, അപേക്ഷ നൽകി നാലര വർഷം കഴിഞ്ഞതിനുശേഷമാണോ ഒരു തീരുമാനത്തിലെത്താൻ സാധിച്ചതെന്നും ഇത് വകുപ്പിന്റെ പരാജയമാണെന്നും സമിതി വിമർശിച്ചു.

റോഡ് പണി തുടങ്ങണമെന്നാവശ്യപ്പെട്ട് അമ്പൂരി പഞ്ചായത്തംഗം ശ്രീ. ഷിബു, ഹൈക്കോടതിയിൽ നൽകിയ കേസിനെക്കുറിച്ച് സമിതിക്ക് വ്യക്തമായ ധാരണയുണ്ടായിരുന്നു. വനം വകുപ്പിന് അനുവാദം നൽകുന്നതിന് തടസ്സമായിട്ടുള്ള കേസല്ല ഇതെന്നും ആയതിനാൽ, അനുവാദം നൽകിയെന്ന് കോടതിയിൽ റിപ്പോർട്ട് ചെയ്യുകയാണ് ഇതിനൊരു പരിഹാരമെന്നും കേരളം പോലെ വിസ്തൃതി കുറഞ്ഞ സംസ്ഥാനത്തിന്റെ മൂന്നിലൊന്ന് ഭാഗം വരുന്ന വനത്തിലൂടെയുള്ള റോഡുകളുടെ വികസനം വനം വകുപ്പിന്റെ ഇത്തരത്തിലുള്ള അനാസ്ഥ കാരണം വർഷങ്ങൾ നീളുന്ന അവസ്ഥ വനസംരക്ഷണ നിയമത്തിനുള്ളിൽ നിന്നുകൊണ്ട് പരിഹരിക്കപ്പെടേണ്ടതാണെന്നും സമിതി വ്യക്തമാക്കി.

പ്രസ്തുത റോഡ് പണി ചെയ്യാൻ തീരുമാനമെടുത്തത് മുഖ്യമന്ത്രി പങ്കെടുത്ത യോഗത്തിലാണെന്നും വേണ്ടത്ര പഠനം നടത്താതെ ആരെങ്കിലും നൽകുന്ന വിവരങ്ങൾ കാണിച്ച് പ്രസ്തുത റോഡ് പണി തടസ്സപ്പെടുത്തിയാണ് ചെയ്യുന്നതെന്ന് സമിതി പറഞ്ഞതിന് ബഹു. ചെയർമാന്റെ അനുവാദത്തോടെ വൈൽഡ് ലൈഫ് വാർഡൻ,

തിരുവനന്തപുരം ഈ വിഷയത്തിന്റെ നാളിതുവരെയുള്ള ചരിത്രം വിശദീകരിക്കുകയുണ്ടായി. 8.8 KM ദൂരമുള്ള റോഡ് ആറ് മീറ്റർ വീതി കൂട്ടുന്നതിനായി 2018-ൽ പഞ്ചായത്ത് മുഖേന വനാവകാശ നിയമ പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിനായി 5.4 ഹെക്ടർ വേണ്ടി വരും എന്നാൽ 1 ഹെക്ടർ മാത്രമേ ഒരു പ്രോജക്ടിന് നൽകാൻ സാധിക്കുകയുള്ളൂ എന്ന കാരണത്താൽ അപേക്ഷ നിരസിക്കുകയും, വനാവകാശ സംരക്ഷണ നിയമപ്രകാരം അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച അപേക്ഷ 2020 ജനുവരി 23-ന് സ്റ്റേറ്റ് വൈൽഡ് ബോർഡ് നിരസിക്കുകയും, തുടർന്ന് ഹൈക്കോടതിയിൽ പോവുകയും ഹൈക്കോടതിയിൽ നിന്ന് 2021 സെപ്റ്റംബർ 1-ന് വിധി വന്നുവെന്നും വാർഡൻ വ്യക്തമാക്കി.

വന്യജീവി സങ്കേതത്തിലുള്ള 1 ഹെക്ടർ വനപ്രദേശത്തിനു മാത്രമേ വൈൽഡ് ലൈഫ് വാർഡന് അനുവാദം നൽകുവാൻ അധികാരമുള്ളൂ എന്നും വനാവകാശ നിയമ പ്രകാരം ആദ്യം ലഭിച്ച അപേക്ഷയിൽ റോഡുകളുൾപ്പെടെ 13 ആവശ്യങ്ങളാണുണ്ടായിരുന്നതെന്നും തുടർന്ന് നൽകിയ അപേക്ഷ വനസംരക്ഷണ നിയമ പ്രകാരമുള്ളതായിരുന്നുവെന്നും വൈൽഡ് ലൈഫ് ബോർഡ് അനുമതി നൽകാത്ത അപേക്ഷകളിന്മേൽ സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും അതിനാലാണ് പ്രസ്തുത അപേക്ഷ ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദീകരിച്ചു. ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിൽ ഒരു ഹെക്ടറിൽ താഴെയുള്ള റോഡുകൾക്ക് അനുമതി നൽകുന്നതു പോലെ ഈ വിഷയത്തിലും അനുമതി നൽകണമെന്ന് നിർദ്ദേശം ഉണ്ടായിരുന്നുവെന്നും എന്നാൽ ഒരു അപേക്ഷയിൽ 5.4 ഹെക്ടറിന് അനുമതി നൽകാൻ സാധിക്കില്ലെന്നതാണ് സാങ്കേതിക തടസ്സമെന്നും പഞ്ചായത്തിനോട് split ചെയ്ത് അപേക്ഷ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും അപ്രകാരമുള്ള അപേക്ഷ തന്നിട്ടില്ലെന്നും വൈൽഡ് ലൈഫ് വാർഡൻ കൂട്ടിച്ചേർത്തു.

2018-ൽ തുടങ്ങി 2022-ൽ അവസാനിച്ച ഈ വിഷയത്തിലൂടെ മനസ്സിലാക്കുന്ന ഒരു പൊതുവായ കാര്യം, സംസ്ഥാനത്തിലും കേന്ദ്രത്തിലും ഒരു ഫയൽ പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിന്റെ നേർക്കാഴ്ചയാണെന്നും അപേക്ഷ സമർപ്പിച്ച് 3-4 വർഷം കഴിയുമ്പോഴാണ് മറുപടി ലഭിക്കുന്നതെന്നും അപ്പോഴേക്കും അതുമായി ബന്ധപ്പെട്ട എല്ലാ ആവശ്യങ്ങളും സാഹചര്യങ്ങളും മാറിയിട്ടുണ്ടാകുമെന്നും ഇപ്പോൾ 9 കോടി രൂപയുടെ നഷ്ടമാണ് സംസ്ഥാനത്തിന് ഉണ്ടായതെന്നും ഇത് സബ്ജക്റ്റ് കമ്മിറ്റി ഗൗരവമായി വീക്ഷിക്കുന്നുവെന്നും സമിതി ചെയർമാൻ വ്യക്തമാക്കി.

ഈ വിഷയത്തിൽ വനം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ അക്ഷന്തവ്യമായ കാലതാമസത്തിലൂടെ സംസ്ഥാനത്തിനുണ്ടായ നഷ്ടം അപരിഹാര്യമാണ്. ഇത്തരം

പ്രവണത മേലിൽ ആവർത്തിക്കുകയാണെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്യേണ്ടിവരുമെന്ന് സമിതി വ്യക്തമാക്കി.

എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കാൻ സാധിക്കുമെന്നും സാധിക്കില്ലെന്നുമുള്ള വിവരങ്ങൾ, പ്രവൃത്തി ചെയ്യാതിരിക്കാനുള്ള കാരണം തടസ്സങ്ങൾ നീക്കാനുള്ള നടപടികൾ എന്നിവ സംബന്ധിച്ച വിശദമായ മറുപടി അടുത്ത യോഗത്തിൽ വനം വകുപ്പ് വ്യക്തമാക്കണമെന്ന് ചെയർമാൻ നിർദ്ദേശിച്ചു.

കണ്ണൂർ ജില്ലയിലെ വയനാടുമായി ബന്ധിപ്പിക്കുന്ന ബോയിസ് ടൗൺ-കുറ്റ്യാടി, വയനാട് റോഡും Pending with user agency എന്ന അവസ്ഥയിൽ Pending ലാണെന്നും കേരളത്തിന്റെ മലയോര മേഖലയിൽ ഇത്തരത്തിൽ ആകെ 816 അപേക്ഷകൾ പെൻഡിംഗിലാണെന്നും അവ തീർപ്പാക്കുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്നും ചെയർമാൻ നിർദ്ദേശിച്ചു.

അപേക്ഷ സമർപ്പിക്കുന്ന പഞ്ചായത്ത് മെമ്പർമാർക്ക് വനാവകാശ നിയമപ്രകാരമാണോ, വനസംരക്ഷണ നിയമപ്രകാരമാണോ അപേക്ഷ സമർപ്പിക്കേണ്ടതെന്നതിന്മേൽ വ്യക്തത ഉണ്ടാവണമെന്നില്ലെന്നും ഗ്രാമപഞ്ചായത്തുൾപ്പെടെ നൂറോ ഇരുന്നൂറോ മീറ്റർ നീളം കൂട്ടാൻ കഴിയാത്ത പെൻഡിംഗിലുള്ള കേസുകൾ ധാരാളമുണ്ടെന്നും ഇതിനായി ഡിസ്ട്രിക്റ്റ് ഫോറസ്റ്റ് ഓഫീസർമാരിൽ നിന്ന് റിപ്പോർട്ട് കിട്ടാൻ ഒരു ദിവസം മതിയാകുമെന്നും ചെയർമാൻ അഭിപ്രായപ്പെട്ടു. റോഡുകൾ റിപ്പയർ ചെയ്ത് സഞ്ചാരയോഗ്യമാക്കുന്നതിന് ഒരിഞ്ച് ഭൂമി ഏറ്റെടുക്കാതെയും ഒരു മരം പോലും വെട്ടിമുറിക്കാതെയും റോഡ് നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുന്ന എത്ര അപേക്ഷകളുണ്ടെന്നും സ്ഥലം ഏറ്റെടുക്കേണ്ടതായ എത്ര അപേക്ഷകളുണ്ടെന്നും, അതിൽതന്നെ Split ചെയ്ത് കൊടുക്കാൻ സാധിക്കുന്നതും അല്ലാത്തതുമായ എത്ര അപേക്ഷകളുണ്ടെന്നും. കേന്ദ്രത്തിന്റെ അനുവാദത്തിനായി സമർപ്പിച്ചിരിക്കുന്ന എത്ര അപേക്ഷകളുണ്ടെന്നും ഉള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷകൾ തരം തിരിച്ച് തുടർ നടപടി സ്വീകരിക്കുകയാണെങ്കിൽ വളരെ വേഗം തീർപ്പാക്കാൻ സാധിക്കുമെന്നുമുള്ള വിവരങ്ങൾ സമിതിക്ക് നൽകണമെന്ന് ചെയർമാൻ ആവശ്യപ്പെട്ടു.

വനാവകാശ നിയമം കേരളത്തിന് അനുകൂലമല്ലെന്നും, വനസംരക്ഷണ നിയമത്തിന്റെ അനുവാദം വേണ്ടി വരുമ്പോൾ, വീതികൂട്ടുന്ന വന്യജീവി സങ്കേതങ്ങളിൽപ്പെടാത്ത പ്രദേശത്തിനു പകരം സ്ഥലം കണ്ടെത്തേണ്ടിവരുന്നതു കൊണ്ടാണ് കൂടുതൽ സമയം എടുക്കുന്നതെന്നും ഇതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും കൃത്യമായി മറുപടി ലഭിക്കാറില്ലെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് സമിതി മുൻപാകെ അറിയിച്ചു. ഇങ്ങനെയുള്ള അപേക്ഷകളിലാണ് 'പെൻഡിംഗ് വിത്ത് യൂസർ ഏജൻസി എന്ന് കാണുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇതിനെക്കുറിച്ച് പൊതുമരാമത്തു വകുപ്പിന്റെ അഭിപ്രായം സമിതി ആരാഞ്ഞതിന്, റോഡിന്റെ

വീതി കൂട്ടാൻ 3 മീറ്ററാണ് വനം വകുപ്പ് അനുവദിച്ചിട്ടുള്ളതെന്നും Compensatory Afforestation Fund Act പ്രകാരം വകുപ്പിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും കളക്ടർമാർ Vauge ആയിട്ടുള്ള സ്ഥലം കണ്ടുപിടിക്കാറുണ്ടെന്നും, പക്ഷെ ആദിവാസി കോളനികൾ വനമേഖലയിലായതിനാൽ റോഡ് നിർമ്മിക്കുന്നതിന് ചില സാങ്കേതിക പ്രശ്നങ്ങളുണ്ടെന്നും, പ്രസ്തുത സ്ഥലങ്ങളിൽ ടാർ ചെയ്യുന്നതിനും സംരക്ഷണ ഭിത്തി കെട്ടുന്നതിനും അനുവാദമില്ലെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി മറുപടി നൽകി.

ഹിൽ ഏരിയയുമായി ബന്ധപ്പെട്ട് 7 ജില്ലകളിൽ നിന്നും 48 ഹെക്ടർ ഒരു ലാന്റിന് എന്ന രീതിയിൽ പരിവേഷ് പോർട്ടലിൽ അപേക്ഷിച്ചിട്ടുണ്ടെന്നും കാസർഗോഡ് ഒഴികെയുള്ള 7 ജില്ലകളാണ് ഇതിലുൾപ്പെടുന്നതെന്നും കാസർഗോഡിന് ഇതിനകം തന്നെ അനുമതി ലഭിച്ചുവെന്നും ബാക്കി 7 ജില്ലകൾക്കുമുള്ള പകരം പ്രദേശം കണ്ടെത്തിയിട്ടുണ്ടെന്നും ബാക്കിയുള്ളവയുടെ കറക്ഷൻ ക്ലിയർ ചെയ്തുകൊണ്ട് 4-6-2022-ന് പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നും Compensatory Land-ന്റെ Sketch റവന്യൂ വകുപ്പിൽ നിന്നും കിട്ടിയശേഷം, അതുകൂടി upload ചെയ്താൽ മാത്രമേ നിലവിലുള്ള പൊതുമരാമത്ത് വ്യവസ്ഥ പ്രകാരം വീതി കൂട്ടലിന് വനം വകുപ്പിൽ നിന്നും അനുമതി ലഭിക്കുകയുള്ളൂവെന്നും അതുകൊണ്ട് പൊതുമരാമത്ത് വകുപ്പിന് റോഡിന്റെ വീതി കൂട്ടുന്നതിനോ സംരക്ഷണഭിത്തി കെട്ടുന്നതിനോ അനുവാദം കിട്ടാറില്ലെന്നും എല്ലാം പരിവേഷ് പോർട്ടലിൽ അപേക്ഷിക്കേണ്ടതായി വരുന്നുവെന്നും, റോഡ് റോളർ ഉപയോഗിച്ച് ടാറിംഗ് നടത്താൻ പറ്റാത്ത അവസ്ഥയാണെന്നും, മരത്തിന്റെ ചില്ലകൾ പോലും മുറിക്കാൻ അനുവദിക്കാറില്ലെന്നും, ഇതുമൂലം പല സ്ഥലങ്ങളിലും വികസനം നടക്കാത്ത അവസ്ഥയാണെന്നും കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് ഡയറക്ടർ യോഗത്തിൽ വിശദീകരിച്ചു.

മലയോര ഹൈവേയുടെയും മലയാറ്റൂർ ഹിൽ ഹൈവേയുടെയും നിലവിലെ അവസ്ഥ സമിതി ആരാഞ്ഞതിന്, രണ്ടും കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നടന്നുവരുന്നുവെന്നും, കിഫ്ബിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് ഉള്ളതിനാൽ തടസ്സങ്ങളൊന്നുമില്ലെന്നും അതോടൊപ്പം വനം വകുപ്പിന്റെ എല്ലാ സഹായവും ലഭിക്കുന്നുണ്ടെന്നും കോമ്പൻസേറ്റീവ് അഫോറസ്റ്റേഷൻ ലാന്റ് ഐഡന്റിഫൈ ചെയ്തിട്ടുണ്ടെന്നും, അതിന്റെ സ്കെച്ചുകൂടി വച്ച് സബ്മിറ്റ് ചെയ്താൽ മതിയാകുമെന്നും കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് ഡയറക്ടർ മറുപടി നൽകി.

ട്രൈബൽ റൈറ്റ്സ് ആക്ട് പ്രകാരം ലഭിച്ച 81 പുതിയ അപേക്ഷകളിൽ 67-നും അനുവാദം കൊടുത്തുവെന്നും, റിട്ടൺ റെക്കമെന്റേഷനിൽ 695-ൽ 661-നും അനുമതി കൊടുത്ത് പണി പൂർത്തിയായിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തമാക്കി. വന സംരക്ഷണ നിയമ പ്രകാരം ലഭിച്ച 54 അപേക്ഷകളിൽ 17 എണ്ണത്തിന്റെ ജോലികൾ നടന്നുവരുന്നുവെന്നും ബാക്കിയുള്ളവ അനുമതി കൊടുത്തിട്ടുള്ളതും, നിരസിച്ചവയുമാണെന്നും

ഇതിൽ 17-ൽ 12-ഉം ഹിൽ ഹൈവേ പ്രോജക്ടുകളാണെന്നും ബഹു. സമിതി അംഗം സൂചിപ്പിച്ച കണ്ണൂർ ജില്ലയിലെ ബോയിസ് ടൗണും ഇതിൽ ഉൾപ്പെടുന്നുവെന്നും, ഇതിന്റെ അപേക്ഷ ലഭിക്കുന്നത് 3-4-2022-ലാണെന്നും കഴിഞ്ഞ ഡിസംബർ മുതലുള്ള അപേക്ഷകൾ മാത്രമാണ് പെൻഡിംഗിലുള്ളതെന്നും, ബാക്കിയുള്ളവ നടപടിക്രമങ്ങൾ പൂർത്തിയാക്കി നോഡൽ ഓഫീസറിന്റെ മുന്നിലെത്തിയിരിക്കുകയാണെന്നും, കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ലാന്റിന്റെ വിശദാംശങ്ങൾ കൂടി ചേർത്ത് ജില്ലാ കളക്ടറിൽ നിന്നും അംഗീകാരം ലഭിച്ചാൽ മാത്രമേ കേന്ദ്ര സർക്കാരിലേയ്ക്ക് അയയ്ക്കാൻ സാധിക്കുകയുള്ളൂവെന്നും, അതുകൊണ്ട് നോഡൽ ഓഫീസർ ലെവലിൽ ക്വറി കൊടുത്ത് പെൻഡിംഗിൽ ഉൾപ്പെടുത്തിയതാണെന്നും കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് വ്യക്തമാക്കി.

മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിലുൾപ്പെട്ട ഹിൽ ഹൈവേ പ്രോജക്ടിന് വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടില്ലെന്നും എന്നാൽ കോതമംഗലം ഭാഗത്തുകൂടി കടന്നുപോകുന്ന സ്ഥലത്തിന് വനം വകുപ്പ് അനുമതി നൽകിയിട്ടുണ്ടെന്നും ഇതിന്റെ വിശദാംശം സമിതി ആരാഞ്ഞതിന് ഈ പ്രോജക്ടിന്റെ അപേക്ഷ 10-4-2022-ലാണ് ലഭിച്ചതെന്നും, ഇതിനായി 4.0497 ഹെക്ടർ സ്ഥലം ആവശ്യമാണെന്നും അതിനായി കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ലാന്റ് ഐഡന്റിഫൈ ചെയ്യേണ്ടതുണ്ടെന്നും, സി. എ. ലാന്റ് എത്രയും വേഗം ഐഡന്റിഫൈ ചെയ്യണമെന്ന നിർദ്ദേശം ചീഫ് സെക്രട്ടറി, എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ടെന്നും, അത് കിട്ടുന്ന മുറയ്ക്ക് പണി ആരംഭിക്കാവുന്നതാണ് എന്നും കൺസേർവേറ്റർ ഓഫ് ഫോറസ്റ്റ്സ് മറുപടി നൽകി.

എല്ലാ ജില്ലകളിലും സി.എ. ലാന്റ് ഐഡന്റിഫൈ ചെയ്തുകഴിഞ്ഞുവെന്നും സ്കെച്ചുകൂടി കിട്ടി കഴിഞ്ഞാൽ പൊതുമരാമത്ത് വകുപ്പ് പണി ആരംഭിക്കുമെന്നും കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് ഡയറക്ടർ അറിയിച്ചു.

ആചാര്യ കോളനിയിലേയ്ക്കുള്ള ആവണിപ്പാറ പാലവുമായി ബന്ധപ്പെട്ട റോഡുപണിക്കായി 2018-ൽ അപേക്ഷ നൽകിയെങ്കിലും പണി ആരംഭിച്ചിട്ടില്ല അച്ചൻകോവിൽ - പ്ലാപ്പള്ളി റോഡ് 1980-നു മുമ്പുള്ളതാണെങ്കിലും മറുപടിയിൽ 1980-നു ശേഷമുള്ള റോഡായതിനാൽ portal-ൽ രജിസ്റ്റർ ചെയ്യേണ്ടതില്ലെന്നറിയിച്ചിരുന്നു. ഈ രണ്ട് വിഷയങ്ങളും പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ശബരിമല റോഡിന്റെ ഇരുവശങ്ങളിലുമുള്ള ധാരാളം മരങ്ങൾ അപകടാവസ്ഥയിലാണെന്ന വിഷയം പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ആയതിന് അപേക്ഷ സമർപ്പിച്ചാൽ നടപടി സ്വീകരിക്കുന്നതാണെന്ന് വനംവകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകുകയും ചെയ്തു.

തുടർന്നുള്ള ചർച്ച നെയ്യാറിൽ വച്ച് തുടരാം എന്ന് സമിതി ചെയർമാൻ അറിയിക്കുകയും യോഗം ഉച്ചയ്ക്ക് 12.20-ന് പിരിയുകയും ചെയ്തു.

തുടർന്ന്, നെയ്യാർ ഡാമിലെ ശുദ്ധജല മത്സ്യകൃഷി കേന്ദ്രത്തിലെ 'അഗസ്ത്യ' കോൺഫറൻസ് ഹാളിൽ ഉച്ചയ്ക്ക്ശേഷം 2.30-ന് സമിതി ചെയർമാന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ചുവടെ ചേർക്കുന്ന അംഗങ്ങൾ ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.

2. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ആർ. സുധീഷ്, ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), തിരുവനന്തപുരം

2. ശ്രീ. ജി. ആർ. രാജേഷ്, ജോയിന്റ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്

3. ശ്രീ. ഡി. ജയപ്രസാദ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (പി. &ഡി)

4. ശ്രീ. റ്റി.സി. ത്യാഗരാജ്, കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, എ.ബി.പി. സർക്കിൾ.

5. ശ്രീ. സുരേഷ് ബാബു ഐ. എസ്., വൈൽഡ് ലൈഫ് വാർഡൻ

വനാതിർത്തിയിൽ നിന്ന് 1 KM വരെയുള്ള പ്രദേശം പരിസ്ഥിതിലോല പ്രദേശ (Ecologically Sensitive Zones)മായി പ്രഖ്യാപിച്ചതു സംബന്ധിച്ച ബഹു. സുപ്രീംകോടതി വിധിക്കെതിരെ സർക്കാർ തുടർനടപടി സ്വീകരിക്കുമെന്ന് ബഹു. മുഖ്യമന്ത്രിയും വനം മന്ത്രിയും പറഞ്ഞിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് 13-6-2022-ലെ 'ദി ഹിന്ദു' ദിനപത്രത്തിൽ ബഹു. സുപ്രീംകോടതിയുടെ വിധി സ്വീകാര്യമാണെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റസ് വ്യക്തമായി പറഞ്ഞിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിലെ operative portion ആയ page 52 para 4-ൽ "Uniform guidelines may not be possible in respect of each sanctuary of national parks for maintaining ESZ" അതായത് എല്ലാ സ്ഥലത്തും ഒരുപോലെ സാധിക്കില്ല. മിനിമം 1 KM വേണം. This would be the standard formula, subject to changes in special circumstances പ്രത്യേക സാഹചര്യത്തിൽ ഭേദഗതി വരുത്താമെന്നും പറയുന്നു.

ക്വാറിയിംഗ് നടക്കുന്ന രാജസ്ഥാനിൽ മിനിമം ദൂരം 500 M ആയി കുറച്ചിട്ടുണ്ട്. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് പറഞ്ഞതിന്റെ അപകടം 44(c) -ൽ "The Principal Chief-Conservator of Forest for each State and Union Territory shall also arrange to make a list of subsisting structures and other relevant details within the respective ESZs forthwith and a report shall be furnished before this court by the Principal Chief-Conservator of forests of each State and Union Territory within a period of three months”. അതായത് മൂന്ന് മാസത്തിനുള്ളിൽ ലിസ്റ്റ് കോടതിയിൽ കൊടുക്കണം എന്നു പറയുന്നുണ്ട്.

സർക്കാരും വനംവകുപ്പും ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള പരിശോധന നടത്തുന്ന വെന്നാണ് മനസ്സിലാക്കുന്നതെന്നും എന്നാൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഒരു അപകടവുമില്ലെന്ന് പറയുമ്പോഴും ഇതിലെ 44(c)-ൽ In the event any activity is already being undertaken within the one kilometre or extended buffer zone (ESZ), as the case may be of any wildlife sanctuary or national park which does not come within the ambit of prohibited activities as per the 9th February 2011 Guidelines, such activities may continue with permission of the Principal Chief-Conservator of Forests of each State or Union Territory and the person responsible for such activities in such a situation shall obtain necessary permission within a period of six months. Such permission shall be given once the Principal Chief Conservator of Forest is satisfied that the activities concerned do not come within the prohibited list and were continuing prior to passing of this order in a legitimate manner. No new permanent structure shall be permitted to come up for whatsoever purpose within the ESZ' എന്നുപറയുന്നു. നിലവിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾക്ക് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അനുമതി ആറു മാസത്തിനകം നേടിയിരിക്കണമെന്നും കേരളത്തിലെ മുഴുവൻ വനാതിർത്തികളിൽ നിന്നും വന്യമൃഗസങ്കേതങ്ങളുമായുള്ള ദൂരപരിധി ഒരു കി.മി. വേണമെന്നും പ്രസ്തുത ഉത്തരവിൽ പറയുന്നുവെന്നും കൂടാതെ 44(c)-ൽ വ്യക്തമായി പറഞ്ഞിരിക്കുന്ന "No new permanent Structure shall be permitted to come up for whatsoever purpose within the ESZ.” ഇതൊന്നും അറിയാതെയാണോ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഇതിനെക്കുറിച്ച് അഭിപ്രായപ്പെട്ടതെന്നും ഒരാവശ്യത്തിനും ഒരു പുതിയ നിർമ്മാണം പാടില്ലെന്ന ബഹു. സുപ്രീംകോടതി വിധി അപകടമാണെന്ന് ബഹു. മുഖ്യമന്ത്രിയും ബഹു. വനം മന്ത്രിയും അഭിപ്രായപ്പെടുകയുണ്ടായിട്ടുണ്ടെന്നും ബഹു. സമിതി അംഗം വിശദീകരിച്ചു.

കേരളത്തിലെ രണ്ട് വന്യമൃഗ സങ്കേതങ്ങളായ കൊട്ടിയൂരും ആനമടയും തന്റെ നിയോജകമണ്ഡലത്തിലാണെന്നും എം.പി.യും, രണ്ട് എം.എൽ.എ.മാരും, ബിഷപ്പും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമുൾപ്പെടെ ആയിരക്കണക്കിനാളുകൾ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ യോഗം ചേർന്ന് ഈ ഉത്തരവിനെതിരെ പ്രതിഷേധം രേഖപ്പെടുത്തുകയുണ്ടായെന്നും ബഹു. അംഗം കൂട്ടിച്ചേർത്തു.

ബഹു. സുപ്രീംകോടതി വിധിയുടെ operative portion നടപ്പാക്കിയാലുണ്ടാകുന്ന ഭവിഷ്യത്ത് എന്താണെന്ന് മനസ്സിലാക്കാതെയാണ് 'Baring the setting up of quarries, no new restrictions have been proposed by the top Court. The Court order will in no way affect the life and livelihood of those living in ESZ." പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പത്രത്തിലൂടെ അഭിപ്രായപ്പെട്ടിരിക്കുന്നതെന്ന് ബഹു. അംഗം സമിതിയെ ബോധ്യപ്പെടുത്തുകയും ഇതുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ നിലപാട് സബ്ജക്ട് കമ്മിറ്റിയിൽ പറയാൻ സാധിക്കില്ലെന്നും, ഈ പ്രശ്നത്തിന് ഗോവ സംസ്ഥാനം, പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിക്കാൻ സാധിക്കില്ലെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ പ്രത്യേകം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ സ്പെസിഫൈ ചെയ്ത അളവനുസരിച്ച് സുപ്രീംകോടതി ഇളവനുസരിച്ചിട്ടുണ്ടെന്നും അത്തരത്തിൽ ഒരു തീരുമാനമെടുത്ത് ഒരു അഫിഡവിറ്റ് ഫയൽ ചെയ്യാനുള്ള അവസരമുണ്ടാകേണ്ടതാണെന്നും ബഹു. അംഗം ആവശ്യപ്പെട്ടു.

ജനവാസകേന്ദ്രങ്ങളെ ഒഴിവാക്കണമെന്ന ഗവൺമെന്റിന്റെ ആവശ്യം 2021-ൽ ബഹു. സുപ്രീംകോടതിക്ക് കൊടുത്ത റിപ്പോർട്ടിൽ ആവശ്യപ്പെട്ടതാണെന്നും എന്നാൽ ഈ ആവശ്യം കോടതി സ്വീകരിച്ചിട്ടില്ലെന്നാണ് ഇതിലൂടെ മനസ്സിലാക്കുന്നതെന്നും അതുപോലെ ഗവൺമെന്റ് നയവുമായി ബന്ധപ്പെട്ട ഇത്തരം കാര്യങ്ങളിന്മേൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് പത്രമാധ്യമത്തിൽ കൂടി വ്യക്തിപരമായ അഭിപ്രായം പ്രകടിപ്പിച്ചത് അനുചിതമാണെന്നും ഇതിന്മേൽ വകുപ്പ് വിശദീകരണം നൽകണമെന്നും ചെയർമാൻ വ്യക്തമാക്കി.

ഈ ഉത്തരവ് ബാധകമാകുന്ന സംസ്ഥാനങ്ങൾക്ക് എംപവർ കമ്മിറ്റി മുഖാന്തിരം കേന്ദ്രഗവൺമെന്റിനേയും അതുവഴി സുപ്രീംകോടതിയേയും സമീപിക്കാമെന്ന് കോടതി വിധിയിൽ പറഞ്ഞിട്ടുണ്ടെന്നും അപ്രകാരം ഈ വിഷയം പ്രിൻസിപ്പൽ സെക്രട്ടറി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, അക്കൗണ്ടന്റ് ജനറൽ ഉൾപ്പെടെയുള്ളവരുമായി ആലോചിച്ച് തീരുമാനിക്കാവുന്നതാണെന്നും ചെയർമാൻ കൂട്ടിച്ചേർത്തു.

കർണ്ണാടകവും തമിഴ്നാടുമായി അതിർത്തി പങ്കുവയ്ക്കുന്നുവെന്നതാണ് കേരളത്തിന് തിരിച്ചടിയായി മാറുന്നതെന്നും, പ്രസ്തുത സംസ്ഥാനങ്ങൾ 1 KM മുതൽ 8 KM വരെ

ദൂരപരിധി അനുവദിക്കാമെന്നാണ് അറിയിച്ചിരിക്കുന്നതെന്നും അതുകൊണ്ടുതന്നെ അവരുടെ സഹായം കേരളത്തിനു ലഭിക്കാനിടയില്ലെന്നും ഭൂമിയുടെ വിസ്തൃതി കുറവും ജനസാന്ദ്രത കൂടുതലുമാണെന്നുമുള്ള കേരളത്തിന്റെ പ്രത്യേകത കോടതിയെ ബോധ്യപ്പെടുത്തുന്നതിനായി 1KM ചുറ്റളവിലുള്ള സ്ഥാപനങ്ങളുടെയും ജനപ്പെരുപ്പത്തിന്റെയും വിശദമായ ഡാറ്റ തയ്യാറാക്കുന്നതിനായി ഡിസ്ട്രിക്റ്റ് ഫോറസ്റ്റ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത വിവരങ്ങൾ ക്രോഡീകരിച്ച് സംസ്ഥാനത്തിന്റെ നിലപാടുകൾ വ്യക്തമാക്കി റിപ്പോർട്ട് സമർപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും സമിതി ചെയർമാൻ വ്യക്തമാക്കി.

തുടർന്ന്, വനമേഖലയിലെ റോഡുകളുടെ ശോച്യാവസ്ഥ മനസ്സിലാക്കുന്നതിനായി, തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിലുൾപ്പെട്ട ചാക്കപ്പാറ സെറ്റിൽമെന്റ് കോളനി സന്ദർശിക്കുകയും കാരിക്കുഴി കമ്മ്യൂണിറ്റി ഹാളിലെ സാമൂഹ്യ പഠനമുറിയിൽ വച്ച് തദ്ദേശവാസികളുമായി അവരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച നടത്തുകയും, ഫണ്ടില്ലെന്ന കാരണത്താൽ ഉൾവനങ്ങളിൽ ജോലിനോക്കുന്ന വാച്ചർമാരുടെ പ്രവൃത്തിദിവസങ്ങൾ 26-ൽ നിന്നും 15 ദിവസമായി വെട്ടിക്കുറച്ചിരിക്കുകയാണെന്നും കൂടാതെ അവർക്ക് 2 മാസത്തെ ശമ്പളം പെൻഡിംഗിലാണെന്നും, ആയത് പരിഹരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഷിബുവും പ്രസ്തുത പ്രദേശത്തെ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ശ്രീജയും സമിതി മുമ്പാകെ പരാതി ബോധിപ്പിച്ചു. ചാക്കപ്പാറ-പുരവിമല റോഡ് ടാറിംഗിനു വേണ്ട നടപടി അടിയന്തരമായി കൈക്കൊള്ളാമെന്ന് ബഹു.ചെയർമാൻ തദ്ദേശവാസികൾക്ക് ഉറപ്പുനല്കി.

യോഗം വൈകുന്നേരം 4.40-ന് പിരിഞ്ഞു.

## സമിതിയുടെ 12-7-2022-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2022 ജൂലൈ 12-ാം തീയതി (ചൊവ്വാഴ്ച) സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 4.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ.കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. പ്രസ്തുതയോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസും ചുവടെ ചേർക്കുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.
3. ശ്രീ.നജീബ് കാന്തപുരം, എം.എൽ.എ.
4. ശ്രീ.എ.രാജ, എം.എൽ.എ.
5. ശ്രീ. പി.എസ്.സുപാൽ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ബി. റെജി, അഡീഷണൽ സെക്രട്ടറി.
2. ശ്രീ. റ്റി. പുഷ്പാംഗദൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. കെ. എസ്. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.
2. ശ്രീ. ഡി. ജയപ്രസാദ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പി.&ഡി).
3. ഡോ.സി. ജോർജ്ജ് തോമസ്, ചെയർമാൻ, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്.
4. ശ്രീമതി ഷർമിള.സി, അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്.
5. ശ്രീമതി വി. മിനി, അഡീഷണൽ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്.
6. ശ്രീ. രാജീവ്.ജി.എൽ, ഡെപ്യൂട്ടി ഡയറക്ടർ,ടൂറിസം ഡയറക്ടറേറ്റ്.

സമിതി, 2021-22 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 1 മുതൽ 19 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വനം-വന്യജീവി വകുപ്പും, 20, 21 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പരിസ്ഥിതി വകുപ്പും, 22 മുതൽ 41 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വിനോദസഞ്ചാര വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും, അംഗീകരിക്കുകയും ചെയ്തു.

ഫ.നം 12206/സബ്.സി.എഫ്1/2021/നി.സെ.

തുടർന്ന്, അംഗീകരിച്ച നടപടി സ്റ്റേറ്റുമെന്റുകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഒന്നാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഫ.നം.12206/സബ്.സി.എഫ്1/2021/നി. സെ.

സമിതിയുടെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഫ.നം.9271/സബ്.സി. എഫ്1/2022/ നി സെ.

സമിതിയുടെ അഖിലേന്ത്യാ പഠന പര്യടന പരിപാടി 2022 ഒക്ടോബർ 2-ാം തീയതിക്കുശേഷം നടത്തുന്നതിനുവേണ്ടിയുള്ള രൂപരേഖ തയ്യാറാക്കാൻ നിയമസഭാ സെക്രട്ടേറിയേറ്റിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

സമിതി യോഗം വൈകുന്നേരം 4.10-ന് പിരിഞ്ഞു.

## സമിതിയുടെ 13-9-2022-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2022 സെപ്റ്റംബർ 13-ാം തീയതി (ചൊവ്വാഴ്ച) ഉച്ചയ്ക്കുശേഷം 3.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം. എൽ. എ.
2. ശ്രീ. സി. കെ. ഹരീന്ദ്രൻ, എം. എൽ. എ.
3. ശ്രീ സണ്ണി ജോസഫ്, എം. എൽ. എ.
4. ശ്രീ. പി. എസ്. സുപാൽ, എം. എൽ. എ.
5. ശ്രീ. നജീബ് കാന്തപുരം, എം. എൽ. എ. (ഗൂഗിൾ മീറ്റ്)

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എ. എം. ബഷീർ, സെക്രട്ടറി.
2. ശ്രീ. ബി. റെജി, അഡീഷണൽ സെക്രട്ടറി.

3. ശ്രീ. പി. എസ്. സെൽവരാജൻ, ഡെപ്യൂട്ടി സെക്രട്ടറി.

4. ശ്രീ. റ്റി. പുഷ്പാംഗദൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ഡി. ജയപ്രസാദ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (പ്ലാനിംഗ് & ഡെവലപ്മെന്റ്)

2. ശ്രീ. ജയറാംകുമാർ ആർ., ജോയിന്റ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

3. ശ്രീ. രാധാകൃഷ്ണൻ എസ്. ആർ., ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എൻ.സി.), ഓഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഇ.ഡി. & റ്റി.ഡബ്ല്യൂ.)

4. ശ്രീ. ജോർജ്ജ് അലക്സാണ്ടർ, അസിസ്റ്റന്റ് മാനേജർ (പാർട്ടിസിപ്പേറ്ററി ഫോറസ്റ്റ് മാനേജ്മെന്റ്) ഓഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഇ.ഡി. & റ്റി.ഡബ്ല്യൂ.)

5. ശ്രീ. അജിൻ വി. സി., അസിസ്റ്റന്റ് പാർട്ടിസിപ്പേറ്ററി ഫോറസ്റ്റ് മാനേജ്മെന്റ് മാനേജർ, ഓഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഇ.ഡി. & റ്റി.ഡബ്ല്യൂ.)

സമിതി, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം "ഇക്കോ ടൂറിസം സെന്ററുകളുടെ പ്രവർത്തനം" എന്ന വിഷയം സംബന്ധിച്ച് വനം വന്യജീവി വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും വിശദമായ തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

നിയമസഭാ സെക്രട്ടറിയായി ചുമതലയേറ്റ ശ്രീ. എ. എം. ബഷീർ, സമിതിയുമായി സംവദിക്കുവാനും കാര്യങ്ങൾ മനസ്സിലാക്കുന്നതിനുമായി എത്തിച്ചേർന്നു എന്നതാണ് ഇന്നത്തെ യോഗത്തിന്റെ പ്രാധാന്യമെന്നും, ബഹു. പൊതുമരാമത്ത്, വിനോദസഞ്ചാരം, യുവജനകാര്യം വകുപ്പുമന്ത്രിയും എക്സ്-ഒഫീഷ്യോ അംഗവുമായ ശ്രീ. പി. എ. മുഹമ്മദ് റിയാസിന് മറ്റൊരു യോഗത്തിൽ പങ്കെടുക്കേണ്ടതുള്ളതിനാൽ ഈ യോഗത്തിൽ ഹാജരാകാൻ സാധിക്കില്ല എന്ന വിവരം അറിയിച്ചിട്ടുണ്ടെന്നും ചെയർമാൻ ആമുഖമായി വ്യക്തമാക്കി.

യോഗത്തിന്റെ ചർച്ചാ വിഷയമായ "ഇക്കോ ടൂറിസം സെന്ററുകളുടെ പ്രവർത്തനം" എന്ന വിഷയത്തിന്മേൽ വനം-വന്യജീവി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിലെ ഇക്കോ ടൂറിസം പദ്ധതികളുടെ ലിസ്റ്റ് പരിശോധിച്ചതിൽ, തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിക്ക്

സമീപം തെക്കുംകര പഞ്ചായത്തിൽ വിരുപ്പാക്കയിൽ കേച്ചേരിപുഴ (ആളൂർ പുഴ)-യുടെ കുറുകെ പരമ്പരാഗത രീതിയിൽ മണ്ണു കൊണ്ട് നിർമ്മിച്ചിരിക്കുന്ന അപൂർവ്വം അണക്കെട്ടുകളിൽ ഒന്നായ വാഴാനി അണക്കെട്ടിനെ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ലെന്നും ആയതിനാൽ പ്രസ്തുത പ്രദേശത്തെക്കൂടി ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കണമെന്ന് ബഹു. സെക്രട്ടറി ആവശ്യപ്പെടുകയും ആയത് പരിഗണിക്കണമെന്ന് ചെയർമാൻ നിർദ്ദേശിക്കുകയും ചെയ്തു.

15 ഏക്കറോളം സ്ഥലത്ത് സ്ഥിതി ചെയ്യുന്ന നിയമസഭാ സെക്രട്ടേറിയറ്റിന്റെ പരിസരം വിനോദസഞ്ചാര വകുപ്പിന്റെ സഹായത്തോടെ മികച്ച ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കാൻ സാധിക്കുമെന്നും അതിനായി ഒരു പ്രൊപ്പോസൽ തയ്യാറാക്കാവുന്നതാണെന്നും ബഹു. സെക്രട്ടറി അഭിപ്രായപ്പെട്ടു.

ആദ്യഘട്ടമെന്ന നിലയിൽ ഇതിനായി സ്പീക്കർ ഓഫീസിന്റെ നേതൃത്വത്തിൽ ഒരു ആകർഷകമായ പ്രൊപ്പോസൽ തയ്യാറാക്കിയാൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുവാൻ തടസ്സമൊന്നുമില്ലെന്ന് ചെയർമാൻ മറുപടി നൽകി.

ഹൈറേഞ്ച് സർക്കിൾ ഹെഡിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന് ഇക്കോ ടൂറിസം ഡയറക്ടറിന്റെ അധിക ചുമതല കൂടി ഇപ്പോൾ നൽകിയിരിക്കുകയാണെന്നും ഇതുമൂലം ഇക്കോ ടൂറിസം വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ സാധിക്കുന്നില്ലെന്നും ആയതിനാൽ ഇക്കോ ടൂറിസം വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു ഡയറക്ടറേറ്റ് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ചെയർമാൻ സമിതിയിൽ ഉന്നയിച്ചു.

വരുംകാലങ്ങളിലെ ഇക്കോ ടൂറിസത്തിന്റെ പ്രാധാന്യവും സാധ്യതകളും മനസ്സിലാക്കി ബഹു. ചെയർമാൻ മുന്നോട്ടുവച്ച പ്രത്യേക ഡയറക്ടറേറ്റ് എന്ന ആശയത്തിനുള്ള പ്രൊപ്പോസൽ എത്രയും വേഗം തയ്യാറാക്കണമെന്ന് വനം വകുപ്പിന് നിർദ്ദേശം നൽകാൻ സമിതി തീരുമാനിച്ചു.

കേരളത്തിലെ വനമേഖലകളിലെ ഇക്കോ ടൂറിസം സാധ്യതകൾ വേണ്ട വിധം പ്രയോജനപ്പെടുത്തുന്നതിനായി പ്രത്യേക ഡയറക്ടറേറ്റ് സ്ഥാപിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഇക്കോടൂറിസം പ്രവർത്തനങ്ങൾക്ക് ഫണ്ടിന്റെ അപര്യാപ്തതയുണ്ടെന്നും, ആകെയുള്ള 30-40 ലക്ഷം രൂപ നിലവിലുള്ള ഇക്കോ ടൂറിസം ഡെസ്റ്റിനേഷനുകൾക്ക് വേണ്ടിയാണ് ചെലവഴിക്കുന്നതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതിയെ ധരിപ്പിച്ചു.

നിയമസഭാ പരിസരത്തെ ഒരു സ്ഥലം പോലും നഷ്ടപ്പെടുത്താതെ പ്രകൃതിരമണീയമായ ഉദ്യാനമായി മാറ്റുന്ന പ്രവൃത്തികൾ ആരംഭിക്കണമെന്ന് ബഹു. സ്പീക്കറോട് അഭ്യർത്ഥിക്കാമെന്ന് ബഹു. ചെയർമാൻ വ്യക്തമാക്കി. അതോടൊപ്പം നിയമസഭാ പരിസരത്ത് പലതരം മുളകൾ വച്ചു പിടിപ്പിക്കുന്നതിനായി കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായം ആവശ്യപ്പെടാവുന്നതാണെന്നും ചെയർമാൻ കൂട്ടിച്ചേർത്തു.

വനം വകുപ്പ് നടപ്പിലാക്കുന്ന ഇക്കോ ടൂറിസം പദ്ധതികളുടെ ലിസ്റ്റിലുൾപ്പെട്ട ബഹുമാനപ്പെട്ട വനം മന്ത്രി ഉദ്ഘാടനം ചെയ്ത നെയ്യാറിലെ ഭ്രതക, വെട്ടിമുറിച്ചകോൺ, കൊമ്പൈ എന്നീ സ്പോട്ടുകളിൽ നിന്നും നല്ല വരുമാനം ലഭിക്കുന്നുണ്ടെന്നും, ഇതിൽ ആനകൾ ഇറങ്ങുന്ന കൊമ്പൈ മാത്രമാണ് അഡ്വഞ്ചറസായിട്ടുള്ളതെന്നും എന്നാൽ അവിടെയും ഇപ്പോൾ ആളുകൾ വന്നു തുടങ്ങിയിട്ടുണ്ടെന്നും തമിഴ്നാടിന്റെ ഒരു ഭാഗത്തുകൂടെ സഞ്ചരിച്ച് എത്തിച്ചേരാവുന്ന അവിടെ നിർമ്മാണം പൂർത്തിയായ 'ആനനിരത്തി' ഉദ്ഘാടനം ചെയ്യാനുണ്ടെന്നും, അവിടെ സഞ്ചാരികൾക്കായി ഡബിൾഡെക് ബിൽഡിംഗുകളാണ് നിർമ്മിച്ചിരിക്കുന്നതെന്നും സ്ഥലം എം. എൽ. എ കൂടിയായ അംഗം വിശദീകരിച്ചു.

വനം വകുപ്പ് നടപ്പിലാക്കുന്ന ഇക്കോ ടൂറിസം പദ്ധതികളുടെ ലിസ്റ്റിൽ പത്മനാഭപുരം കൊട്ടാരത്തിൽ നിന്നും ഭൂമിക്കടിയിലൂടെ ഏകദേശം 60 കി.മീ. തുരങ്കത്തിലൂടെ സഞ്ചരിച്ചാൽ എത്തിച്ചേരുന്ന 'മായം' എന്ന സ്ഥലത്തെക്കൂടി ഉൾപ്പെടുത്തണമെന്ന് ബഹു. അംഗം ആവശ്യപ്പെട്ടു.

അതോടൊപ്പം, സഹ്യപർവ്വതത്തിന്റെ താഴ്വാരമായ പ്ലാങ്കുടിക്കാവ് എന്ന സ്ഥലത്ത് ഏകദേശം 2000 പേർക്ക് ഇരിക്കാൻ കഴിയുന്ന പടർന്ന പാറയും കുനിച്ചി, കൊണ്ടകെണ്ടി എന്നീ രണ്ട് മലകളുണ്ടെന്നും, ഇക്കോ ടൂറിസത്തിന് വളരെയേറെ സാധ്യതകളുള്ള ഈ താഴ്വാരം സന്ദർശിച്ചാൽ മാത്രമേ അതിന്റെ മനോഹാരിത അനുഭവിക്കുവാൻ സാധിക്കുകയുള്ളൂവെന്നും, അവിടെയുള്ള ഒരു ചെറിയ മല പി.ഡബ്ല്യൂ.ഡി.-യെ ഉപയോഗിച്ച് ഒന്നര കിലോമീറ്റർ തുരന്നാൽ തിരുവനന്തപുരത്തു നിന്നും തെങ്കാശിയിലേയ്ക്കുള്ള 150 കി.മീ. യാത്ര ലാഭിക്കാമെന്നും ആ പ്രദേശത്തെക്കൂടി ഇക്കോ ടൂറിസം പദ്ധതികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും സ്ഥലം എം. എൽ. എ. ആയ ബഹു. അംഗം ആവശ്യപ്പെട്ടു.

തെന്മല ഇക്കോ ടൂറിസം പ്രോജക്ട് ഒരു പ്രത്യേക സൊസൈറ്റിയുടെ കീഴിലാണ് പ്രവർത്തിക്കുന്നതെങ്കിലും വനം വകുപ്പുമായി ബന്ധമുള്ള ഇക്കോ ടൂറിസം പദ്ധതിയാണെന്നും ധാരാളം സന്ദർശകരെത്തുന്നതും നല്ല വരുമാനമുള്ളതും മനോഹരവുമായ പാലരുവി വെള്ളച്ചാട്ടം എന്നിവ ഉൾക്കൊള്ളുന്ന പ്രസ്തുത സ്ഥലത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടത് അത്യാവശ്യമാണെന്നും, പാലരുവി വെള്ളച്ചാട്ടം കാണുന്നതിനായി വാഹനം ലഭ്യമല്ലാത്ത സ്ഥിതി വിശേഷമാണ്

നിലവിൽ പ്രസ്തുത കേന്ദ്രം നേരിടുന്ന പ്രധാന പ്രശ്നമെന്നും, ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി വനം വകുപ്പ് എത്രയും വേഗം സഞ്ചാരികൾക്കായി വാഹന സൗകര്യം ഏർപ്പെടുത്തണമെന്നും അതിലൂടെ വകുപ്പിന് നല്ല വരുമാനം ലഭിക്കുമെന്നും സ്ഥലം എം. എൽ. എ. ആയ സമിതി അംഗം അഭിപ്രായപ്പെട്ടു.

പ്രധാനപ്പെട്ട വന്യജീവി സങ്കേതമായ ശെന്തരുണിയിൽ അപൂർവ്വമായ ശെന്തരുണി മരങ്ങൾ ധാരാളമുണ്ടെന്നും, ഇതിന്റെ പ്രധാന കേന്ദ്രം റോസ് മലയാണെന്നും, ഇത് നല്ലൊരു ടൂറിസ്റ്റ് കേന്ദ്രമാണെന്നും, രണ്ട് മണിക്കൂർ കൊണ്ട് വനത്തിലൂടെയുള്ള 4 കി.മീ. ട്രക്കിംഗ് ആകർഷകമായ ഒന്നാണെന്നും ഇതിനായി സഞ്ചാരികൾ ധാരാളമായി എത്താറുണ്ടായിരുന്നുവെന്നും എന്നാൽ ഇപ്പോൾ ട്രക്കിംഗ് നിർത്തി വച്ചിരിക്കുകയാണെന്നും, അവിടെ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും, വന സംരക്ഷണ സമിതികളും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്നും കൂടാതെ വനത്തിലെ തനത് വന ഉൽപ്പന്നങ്ങൾ ധാരാളമായി ശേഖരിക്കുന്നുണ്ടെങ്കിലും അവ വിറ്റഴിക്കുന്നതിനുള്ള സൗകര്യം നിലവിലില്ലെന്നും, ഇതിനായി ഇക്കോ-ഷോപ്പ് സംവിധാനം പ്രവർത്തനക്ഷമമാക്കിയാൽ അവർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും അതുവഴി സാമ്പത്തിക ഭദ്രതയ്ക്കും സാഹചര്യമുണ്ടാകുമെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു.

ഇക്കോ ടൂറിസം ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് കാലതാമസം ഉണ്ടാകാമെന്നതിനാൽ, എം. എൽ. എ.-മാർ മുൻകൈയ്യെടുത്ത് ഓരോ മേഖലയുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ തയ്യാറാക്കി ഘട്ടം ഘട്ടമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ആലോചിച്ച് നടപ്പിലാക്കണമെന്നും മുൻഗണന വേണ്ട വിഷയങ്ങളിൽ പെട്ടെന്ന് തീരുമാനം എടുത്ത് പോകണമെന്നും സമിതി യോഗത്തിൽ അഭിപ്രായമുണ്ടായി.

പെരുമ്പാവൂരിലെ ഏറ്റവും പ്രധാനപ്പെട്ട ഇക്കോ ടൂറിസം കേന്ദ്രമായ പെരിയാറിന്റെ തീരത്തുള്ള 'പാണിയേലി പോര്' ധാരാളം സന്ദർശകരെത്തുന്ന കേന്ദ്രമാണെങ്കിലും അവിടെ നിരന്തരം ഉണ്ടാകുന്ന അപകട മരണങ്ങൾക്ക് തടയിടുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ലെന്നും ഇതിനായി മുതൽമുടക്കുവാനുള്ള ഫണ്ടിന്റെ ലഭ്യതക്കുറവാണ് പ്രധാന പ്രശ്നമെന്ന് മനസ്സിലാകുന്നു എന്നും, പെരുമ്പാവൂർ വഴി പാണിയേലി വരെയുള്ള 15 കി.മീ. യാത്ര വളരെ ദുർഘടമാണെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു.

കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടായി ലോകം അംഗീകരിക്കുന്നതിന്റെ പ്രധാന ഘടകം കേരളത്തിന്റെ പ്രകൃതി സമ്പത്താണെന്നും, പക്ഷേ അത് ഫലപ്രദമായ രീതിയിൽ നാം ഉപയോഗപ്പെടുത്തുന്നില്ലെന്നും മറ്റ് സംസ്ഥാനങ്ങൾ എത്ര മനോഹരമായാണ് അവരുടെ പ്രകൃതി സൗന്ദര്യം വികസിപ്പിച്ച് സഞ്ചാരികളെ ആകർഷിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതെന്നത് നിയമസഭാ കമ്മിറ്റികളുടെ ഭാഗമായി വിവിധ സംസ്ഥാനങ്ങളിൽ സന്ദർശനം നടത്തുമ്പോൾ കാണാൻ കഴിയുന്നുവെന്നും സമിതി അംഗം വ്യക്തമാക്കി.

കേരള - കർണ്ണാടക അതിർത്തിയിലുള്ള ബാരാപോൾ ജലവൈദ്യുത പദ്ധതിയെ കുറിച്ച് ബഹു. അംഗം സമിതി മുമ്പാകെ വിശദീകരിച്ചു.

അണക്കെട്ടില്ലാതെ പുഴയുടെ അടിയിൽക്കൂടി വെള്ളം വഴിതിരിച്ചുവിടാനുള്ള പ്രത്യേക സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ഈ പദ്ധതി മഴക്കാലത്ത് മാത്രമാണ് പ്രവർത്തനക്ഷമമാകുന്നതെന്നും, ഇതിന് മറുഭാഗം വന്യജീവി സങ്കേതമാണെന്നും; പതിനാലാം കേരള നിയമസഭയുടെ കാലയളവിൽ പബ്ലിക് അണ്ടർടേക്കിംഗ് കമ്മിറ്റി അവിടം സന്ദർശിച്ചിരുന്നുവെന്നും പ്രസ്തുത പ്രദേശത്തെ ടൂറിസ്റ്റ് കേന്ദ്രമാക്കണമെന്ന് പ്രസ്തുത സമിതി ശിപാർശ ചെയ്തിട്ടുണ്ടെന്നും നിലവിൽ ടൂറിസ്റ്റ് കേന്ദ്രമല്ലെങ്കിലും ധാരാളം സഞ്ചാരികൾ ഇവിടം സന്ദർശിക്കുന്നതിനായി എത്തുന്നുണ്ടെന്നും ബഹു. അംഗം വിശദമാക്കി.

റീ ബിൽഡ് കേരളയിലുൾപ്പെടുത്തി റോഡ് പണിക്കായി 125 കോടി രൂപ പഞ്ചായത്തിന് അനുവദിച്ചിട്ടുണ്ടെന്നും, അതോടൊപ്പം പാലത്തിന്റെ പണി പൂർത്തിയാക്കുകയും ചെയ്താൽ ഇക്കോ ടൂറിസം കേന്ദ്രമായി വികസിപ്പിക്കുവാൻ കഴിയുന്ന സ്ഥലമാണ് ബാരാപോൾ എന്നും സമിതി അംഗം അഭിപ്രായപ്പെട്ടു.

കൊട്ടിയൂരിലെ പാലുകാച്ചിയെന്ന വലിയ മല, ടൂറിസം വകുപ്പ് ഐഡന്റിഫൈ ചെയ്യുകയുണ്ടായെന്നും ജില്ലാപഞ്ചായത്തും ഗ്രാമപഞ്ചായത്തും സംയുക്തമായി തയ്യാറാക്കിയ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഇവിടെ റോഡ് നിർമ്മിച്ചിട്ടുണ്ടെന്നും, ആയതിനാൽ വനം വകുപ്പിന്റെ ഇക്കോ ടൂറിസം പദ്ധതികളുടെ ലിസ്റ്റിൽ കൊട്ടിയൂർ, പാലുകാച്ചി എന്നീ സ്ഥലങ്ങൾ കൂടി ഉൾപ്പെടുത്തണമെന്നും ബഹു. സമിതി അംഗം ആവശ്യപ്പെട്ടു.

കേരളത്തിന്റെ ഇക്കോ ടൂറിസം തേക്കടി, അതിരപ്പിള്ളി, തട്ടേക്കാട്, പാലരുവി എന്നീ സ്ഥലങ്ങളിൽ മാത്രമായി ചുരുങ്ങാതെ വിപുലപ്പെടുത്തുവാനുള്ള പദ്ധതി ആവിഷ്കരിക്കണമെന്നും, ആറളം ആദിവാസി മേഖലയിൽ നബാർഡ് സ്കീമിൽ രണ്ട് പാലം പണിതുകൊണ്ടിരിക്കുകയാണെന്നും, പ്രസ്തുത പണി പൂർത്തിയായിക്കഴിഞ്ഞാൽ പാലങ്ങളെത്തമ്മിൽ ബന്ധിപ്പിക്കുന്ന 'റ' പോലെയുള്ള ചെറിയ റോഡുകൂടി വികസിപ്പിച്ചു കഴിഞ്ഞാൽ ആറളം ഇക്കോ ടൂറിസം കേന്ദ്രം കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ വിപുലപ്പെടുത്താൻ കഴിയുമെന്നും ബഹു. സമിതി അംഗം അഭിപ്രായപ്പെട്ടു.

2018-ൽ സന്ദർശവാഹകശേഷി പഠനം നടത്തുന്നതിന് അനുവദിച്ച 37.46 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ടെന്നും ഇനിയും 13 സ്ഥലങ്ങളിൽ പ്രസ്തുത പഠനം നടത്തുന്നതിന് 25.28 ലക്ഷം രൂപ കൂടി അനുവദിക്കുന്നതിനായി ഇക്കോ ടൂറിസം ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും വകുപ്പ് ലഭ്യമാക്കിയ കുറിപ്പിൽ നിന്നും സമിതി

മനസ്സിലാക്കുന്നു. സർക്കാർ എല്ലാവർഷവും ബഡ്ജറ്റിലെ പ്ലാൻ ഫണ്ട് വിഹിതത്തിലുൾപ്പെടുത്തി ഇക്കോ ടൂറിസം പദ്ധതി പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി തുക അനുവദിക്കാറുണ്ടെങ്കിലും, പ്രസ്തുത തുക അപര്യാപ്തമായതിനാൽ, ടൂറിസം വകുപ്പ് മന്ത്രിയുമായി കൂടിയാലോചിച്ച് കൂടുതൽ ഫണ്ട് വരുംവർഷങ്ങളിൽ ആവശ്യപ്പെടണമെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടു.

ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെത്തുന്നവരുടെ സുരക്ഷ സംബന്ധിച്ച് സമിതി ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത കേന്ദ്രങ്ങളിലുണ്ടാകുന്ന അപകടത്തിന്റെ തോത് വളരെ കുറവാണെന്നും, വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള അപകട ഇൻഷുറൻസ് പരിരക്ഷ ഒരു വർഷം പരമാവധി 50 പേർക്കാണ് നൽകുന്നതെന്നും, മരണം/ സ്ഥായിയായ അംഗവൈകല്യം എന്നിവ സംഭവിച്ചാൽ 5 ലക്ഷം രൂപയും ഭാഗികമായ അംഗവൈകല്യം സംഭവിച്ചാൽ 2.5 ലക്ഷം രൂപയുമാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. ഇക്കാര്യം ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച ചെയ്ത് ഇതിലെ ഗുണഭോക്താക്കളുടെ എണ്ണം കൂട്ടുന്നതിനെയും, ഇൻഷ്വറൻസ് പരിരക്ഷ കൊടുക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനെയും കുറിച്ച് ആലോചിക്കേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

കുംഭാവുരുട്ടിയിലെ അപകടത്തിന്റെ വിവരങ്ങൾ ഉദ്യോഗസ്ഥരിൽ നിന്നും ആരാഞ്ഞ സമിതി, കഴിഞ്ഞ വർഷം ഇൻഷ്വറൻസ് ഏർപ്പെടുത്തിയ ശേഷം ഉണ്ടായ ആദ്യത്തെ അപകടമാണ് കുംഭാവുരുട്ടിയിലേതെന്നും, ഒരു തമിഴ്നാട് സ്വദേശി മരണപ്പെട്ടുവെന്നും, പ്രസ്തുത വ്യക്തിയുടെ വിവരങ്ങൾ ശേഖരിച്ച കഴിഞ്ഞുവെന്നും, നോമിനിയാണെന്ന പറഞ്ഞ് സമീപിച്ചവരുടെ നിയമപരമായ അവകാശ സർട്ടിഫിക്കറ്റ് പരിശോധിച്ച ശേഷമേ ഇൻഷ്വറൻസ് തുക നൽകുവാൻ സാധിക്കുകയുള്ളൂവെന്നും, നിയമപരമായ അവകാശിയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലെന്നും, അതു കൂടി ലഭിച്ച ശേഷം തുടർനടപടി സ്വീകരിക്കുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

പരിക്ക് ഏൽക്കുന്നവർക്കുള്ള ഇൻഷുറൻസ് തുക 2.5 ലക്ഷം രൂപയാണെന്നും, പക്ഷെ പ്രസ്തുത തുക ഇതുവരെ ആരും ക്ലെയിം ചെയ്തിട്ടില്ലെന്നും പരിക്കിന്റെയും ഹോസ്പിറ്റൽ ബില്ലിന്റെയും അടിസ്ഥാനത്തിലാണ് പ്രസ്തുത തുക നിശ്ചയിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇക്കോ ടൂറിസത്തിന്റെ നിയന്ത്രണം ഏത് വകുപ്പിനാണ് എന്ന് സമിതി ആരാഞ്ഞതിന്, 60 ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെയും നിയന്ത്രണം വനം വകുപ്പിന് കീഴിലാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു.

ഇക്കോ ടൂറിസം എന്ന ആശയം നിലവിൽ വന്നതുതന്നെ വനസംരക്ഷണ സമിതികളുടെ കീഴിലുള്ള ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾക്ക് സ്ഥായിയായ

തൊഴിലവസരം കൂടി സൃഷ്ടിക്കുന്നതിനു വേണ്ടിയാണെന്നും എല്ലാ ഡെസ്റ്റിനേഷനുകളെയും National Working Plan Code -2014 പ്രകാരമുള്ള ഇക്കോ ടൂറിസം ഡോക്യുമെന്റ് ചാർട്ടിൽ ഉൾപ്പെടുത്തി വനസംരക്ഷണ സമിതികളുടെ മൈക്രോ പ്ലാനിൽപ്പെടുത്തി വരാൻ പോകുന്ന 10 വർഷത്തേയ്ക്ക് എന്തൊക്കെ പദ്ധതികളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്, അതിന് എത്ര ബഡ്ജറ്റ് വേണ്ടിവരും എന്നത് ആദ്യമേ ഡിസൈൻ ചെയ്യുകയും ബംഗ്ലൂരുവിലെ റീജിയണൽ ഓഫീസിൽ പ്രസ്തുത ഡോക്യുമെന്റുകൾ അപ്രൂവ് ചെയ്തുകഴിഞ്ഞാൽ ഇതിന്റെ പകർപ്പുകൾ ബഹു. സുപ്രീം കോടതിക്ക് അയച്ചുകൊടുക്കുകയും അതുകൊണ്ട് അതിൽ ഉൾപ്പെടുന്ന പദ്ധതികൾ മാത്രമേ നടപ്പിലാക്കുവാൻ കഴിയുകയുള്ളൂവെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ വിശദീകരിച്ചു.

ഓരോ ഇക്കോ ടൂറിസം ഡെസ്റ്റിനേഷനുകളിൽ നിന്നും ലഭിക്കുന്ന വരുമാനം അവിടെത്തന്നെ ചെലവഴിക്കുകയാണെന്നും, അതിരപ്പിള്ളിയിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ചാണ് മറ്റ് പത്ത് ഇക്കോ ടൂറിസം ഡെസ്റ്റിനേഷനുകൾ വകുപ്പ് നടത്തിക്കൊണ്ട് പോകുന്നതെന്നും, ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം സന്ദർശക വാഹകശേഷി പഠനം നടത്തിയ ശേഷമാണ് ഓരോ ഡെസ്റ്റിനേഷനും ആരംഭിക്കുന്നതെന്നും ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്നത് അതിരപ്പിള്ളി, കുറുവ, പൊന്മുടി എന്നിവിടങ്ങളിൽ നിന്നാണെന്നും, തേക്കടി വന്യജീവി സങ്കേതമാണെങ്കിലും, പ്രസ്തുത സ്ഥലത്ത് ഗൈഡ്‌ലൈൻസിന്റെ അടിസ്ഥാനത്തിൽ നിരവധി കാര്യങ്ങൾ പുതിയതായി ചെയ്യാൻ വനം വകുപ്പിന് താൽപര്യമുണ്ടെങ്കിലും പ്രദേശവാസികളും, എൻ.ജി.ഒ -കളും ഇക്കോ ടൂറിസം എന്ന ആശയം പ്രോത്സാഹിപ്പിക്കാതെ നിരന്തരം കേസ് ഫയൽ ചെയ്യുന്നതിനാൽ വകുപ്പിന് കൂടുതൽ മികച്ച പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയുന്നില്ലെന്നും, ഈ മാസം മുതൽ എല്ലാ ഇക്കോ ടൂറിസം സെന്ററുകളും ഓൺലൈൻ വഴി ബുക്ക് ചെയ്യാവുന്ന സൗകര്യം ബഹു. മന്ത്രി ഉദ്ഘാടനം ചെയ്യുകയാണെന്നും, കർണ്ണാടക സർക്കാർ "ജംഗിൾ ലോഡ്ജ് " എന്നൊരാശയം നടപ്പിലാക്കിയിട്ടുണ്ടെന്നും ഇതിലൂടെ നല്ല വരുമാനമാണ് അവർക്ക് ലഭിക്കുന്നതെന്നും, ഈ ആശയം കേരളത്തിൽ നടപ്പിലാക്കുകയാണെങ്കിൽ ഭാവിയിൽ നല്ലൊരു വരുമാന സ്രോതസ്സായി ഇതു മാറുമെന്നും, ടൂറിസം വകുപ്പ് എല്ലാ കാര്യങ്ങളിലും അനുകൂലമായ നിലപാടാണ് സ്വീകരിക്കുന്നതെന്നും ടൂറിസം വകുപ്പിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതുമൂലമാണ് ഇത്തരത്തിൽ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് വ്യക്തമാക്കി.

2014-ലെ വർക്കിംഗ് പ്ലാനുപയോഗിച്ച് ഇപ്പോൾ എങ്ങനെയാണ് മുമ്പോട്ടു പോകുന്നതെന്ന് ചെയർമാൻ ആരാഞ്ഞതിന്, അത് റിവൈസ്ഡ് വർക്കിംഗ് പ്ലാൻ കോഡാണെന്നും, വാർഷിക പ്ലാനും വർക്കിംഗ് പ്ലാനിലുൾപ്പെടുന്നുണ്ടെന്നും, അടുത്ത 5 - 10

വർഷത്തേയ്ക്ക് ഓരോ ഡെസ്റ്റിനേഷനിലും എന്തൊക്കെ ചെയ്യണമെന്നുള്ളത് അതിൽ രേഖപ്പെടുത്തുകയും അനുപ്രകാരം പ്രവർത്തനങ്ങൾ നടത്തുകയുമാണ് ചെയ്യുന്നതെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

തെന്മല ഇക്കോ ടൂറിസം സെന്ററിൽ നിന്നും പാലരുവിയിലേയ്ക്ക് സന്ദർശകരെ എത്തിക്കുന്നതിന് നിലവിൽ വാഹനം ലഭ്യമല്ലാത്ത സ്ഥിതി വിശേഷത്തിന് പരിഹാരമായി ഒരു ബസ് വാങ്ങുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരളത്തിലെ ഏറ്റവും ആകർഷകമായ മേഖലയായി ഇക്കോ ടൂറിസത്തെ മാറ്റിയെടുക്കുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കണമെന്നും ഏകദേശം ഒന്നര വർഷം കൊണ്ട് വലിയ ഒരു നേട്ടം ഈ മേഖലയിൽ ഉണ്ടാക്കിയെടുക്കാൻ സാധിക്കുമെന്നും അതിനായി ഓരോ ഡെസ്റ്റിനേഷനുകളെയും വികസിപ്പിക്കാവുന്നതിന്റെ പരമാവധി വികസിപ്പിക്കണമെന്നും, അതിനുള്ള സാമ്പത്തികം കണ്ടെത്തുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ച് പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റും വിദേശത്തു നിന്നും തിരിച്ചുവരുന്ന ചെറുപ്പക്കാരുടെ നിക്ഷേപങ്ങളെയും എങ്ങനെ ഇതിലുൾപ്പെടുത്തി മുന്നോട്ടുകൊണ്ടു പോകാൻ കഴിയുമെന്നത് ആലോചിച്ച് തീരുമാനിക്കണമെന്നും ഇന്ത്യയിലെ തന്നെ 55% ഹരിത മേഖലയുള്ള ഏക സംസ്ഥാനമായ കേരളത്തിന്റെ 29.15 ശതമാനവും വനമേഖലയാണെന്നും പരമ്പരാഗത രീതിയിൽ വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനുപകരം വനവിസ്തൃതി സംരക്ഷിച്ചു കൊണ്ട് അതിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്താൻ വനം വകുപ്പിന് കഴിയണമെന്നും, അവിടെയാണ് ഇക്കോ ടൂറിസത്തിന്റെ പ്രാധാന്യമെന്നും വനമേഖലയുടെ സ്വാഭാവിക രീതികൾക്ക് പ്രശ്നം സൃഷ്ടിക്കാതെ മനുഷ്യന് പ്രയോജനപ്പെടുന്ന വിധത്തിൽ വനം വകുപ്പിന്റെ സമീപനത്തിൽ മാറ്റം വരേണ്ടത് അനിവാര്യമാണെന്നും സമിതി നിരീക്ഷിച്ചു.

തുടർന്ന്, ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് ഒരു ഡയറക്ടറേറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റിനോട് ശിപാർശ ചെയ്യുവാനും, പ്രസ്തുത ഡയറക്ടറേറ്റിന്റെ രൂപീകരണത്തിന് കാലതാമസം നേരിടുന്ന പക്ഷം അടിയന്തരമായി ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിച്ച് കാര്യങ്ങൾ ക്രമീകരിക്കുന്നതിന് നടപടിയെടുക്കണമെന്ന് ശിപാർശ ചെയ്യുവാനും സമിതി തീരുമാനിച്ചു. അതോടൊപ്പം 2022 ഒക്ടോബർ മാസം സമിതി നടത്തുവാനുദ്ദേശിക്കുന്ന അഖിലേന്ത്യാ പഠന പര്യടന പരിപാടിയുടെ കരട് സമിതി അംഗീകരിക്കുകയും പ്രസ്തുത യാത്രാപരിപാടിയുടെ ഭാഗമായുള്ള യാത്രാസൗകര്യങ്ങൾ സംബന്ധിച്ച് അവലോകനം നടത്തി തീരുമാനം എടുക്കുന്നതിന് നിയമസഭാ സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

യോഗം വൈകുന്നേരം 4.35-ന് പിരിഞ്ഞു.

Minutes of the study tour programme of the Subject Committee for the period from 17-10-2022 to 24-10-2022 in the States of Maharashtra, Gujarat and Assam.

The Committee met at 5 A.M. on 17-10-2022 in the Conference Hall, M.L.A. Hostel, Thiruvananthapuram before the starting of study tour. Minister for Forest & Wildlife and the Chairman of the Committee Shri. A.K. Saseendran presided over the meeting.

Members Present:

Shri Sunny Joseph

Shri C.K. Hareendran (Via Google meet)

Shri Najeeb Kanthapuram

Legislature Secretariat:

Shri B. Reji, Additional Secretary

(Accompanying Officer)

The Committee discussed the study tour programme and the accompanying officer gave a brief description of the arrangements made for the transportation, accommodation and the meetings scheduled in the respective states. Shri. C.K. Hareendran, M.L.A. informed the Committee that he would join the tour programme on 18-10-2022 at Pune.

The Committee proceeded to International Airport, Thiruvananthapuram (Terminal 1) at 5.50 A.M. and left for Bengaluru by Indigo 6E 6501 and for Pune by Indigo 6E 6104. The Committee arrived at International Airport, Pune at 12.30 P.M., where the tour Co-ordinator deputed by Maharashtra Forest Department Shri. Deepak Pawar, Assistant Conservator of Forest, Pune welcomed the Committee and led to V.V.I.P. Rest House Camp in Koregoan Park Road, Pune where accommodation was arranged. The Committee reached the rest house at 1.30 P.M.

The Committee visited forest tourist spot 'Lions point' at Lonovala at 5.40 P.M. where Shri Hanumant Jadhav, Range Forest Officer (RFO) of Maval, Shri. Santhosh Dhondu Margale, Chairman of the Joint Forest Management

Committee (JFMC) welcomed the Committee. The RFO explained that JFMC was constituted in the year 2012 with an aim to generate employment opportunities to the villagers, so that maximum participation of villagers are ensured in Forest protection and tourism promotion activities. The Chairman of JFMC is chosen by the villagers themselves and Secretary of JFMC is appointed by Forest Department. An average of 2000 tourist visit Lonovala per day and the parking fee of vehicles thus collected were annually deposited in the account of JFMC which in turn utilised for developmental activities in tourist spots. Most of the villagers are residing in the boundaries of reserve forest and they were not involved in farming and related activities.

After watching sunset at 'Lions Point' in Lonovala, the Committee returned to V.V.I.P. Rest House, Camp for halt and reached at 8.35 P.M.

Shri. C.K. Hareendran, M.L.A. joined the Committee on 18-10-2022.

The Committee held a meeting with the officials of Maharashtra Forest Department in the Conference Hall of V.V.I.P. Rest House Camp, Pune on 18-10-2022 at 10 A.M. Minister for Forest and wildlife, Govt. of Kerala Shri A.K. Saseendran presided over the meeting.

Members Present:

1. Shri Sunny Joseph, M.L.A.
2. Shri C.K. Hareendran, M.L.A.
3. Shri Najeeb Kanthapuram, M.L.A.

Legislature Secretariat:

Shri B. Reji, Additional Secretary

Office of Maharashtra Forest Department:

1. Shri Naresh Zurmure IFS, Additional Principal Chief Conservator of Forests
2. Shri Praveen N.R., Chief Conservator of Forests (Territorial)

3. Shri Patil Rahul, Deputy Conservator of Forests (Territorial)

4. Shri Deepak Pawar, Assistant Conservator of Forests, Pune.

Shri Naresh Zurmure PCCF delivered a warm welcome to the Chairman and the members of Kerala Legislative Assembly. The Chairman introduced the members of the subject Committee to the officials of Forest Department and the officers introduced themselves. The accompanying officer explained the scope and functions of Subject Committees in general and the intention of present study tour in detail. Through this study tour, the Committee decided to make an in depth study on various forest protection measures, solutions to mitigate man- animal conflicts, Schemes introduced for the welfare of people depending on forests, issues relating to the implementation on buffer zone, management of visitors, facilities provided and other tourism promotion activities.

Shri Naresh Zurmure, APCCF, Maharashtra made a detailed speech about the man-elephant conflict in Maharashtra based on his experience during his tenure in Sindhudurg district where wild elephant attacks frequently reported. He said that Maharashtra is not the original habitat of elephants but they entered from Dehari Portion of Karnataka to Sindhudurg district and they were raiding crops heavily such as bananas, coconut and mangoes trees. The Govt. of Maharashtra tranquilized elephants and sent back to Karnataka after obtaining consent from Govt. of Karnataka. Chilli powder paste coated ropes are also used to tie across the boarders to keep away the elephants. In Maharashtra, elephant proof trenches are also dug to prevent the entry of elephants and TCM (Trench Cum Mound) is made to protect the forest area and to prevent encroachment of villagers. Elephant trenches are common in Dodamarg area, the boarder between Karnataka and Maharashtra.

The Committee discussed about the rate of compensation allowed to victims of man-animal conflict and in the cases of crops damage and cattle loss. In Maharashtra the compensation is decided according to the type of crops that is being damaged. The compensation is Rs.500 per banana tree, Rs.2000 per coconut tree and Rs.1000 per mango tree. When buffaloes are attacked and killed, compensation amount allowed is Rs.70,000 per buffalo. In cases of man -animal conflicts and affected person is seriously injured, Government pays

compensation amount of Rs. 5 Lakhs and when the injury is not serious compensation is Rs. 1.5 lakhs plus the expenditure incurred for the treatment. Government of Maharashtra pays an amount of Rs. 20 Lakhs as compensation to the next of kin of those who killed in wildlife attack. The compensation amount in 2007 was 2 lakhs which was enhanced to 10 lakhs in 2014 and 20 lakhs at present. In Maharashtra government allows negative budget distribution system for the payment of compensation on wildlife attack under which the payment is allowed even if there is no money in Government account. Chairman said that almost same method is followed in Kerala except the rate of compensation which is much better than that of Maharashtra.

The Committee discussed about the eco-tourism activities in Maharashtra. The Eco Development Committees (EDC) developed in and around 6 National Parks and 42 Sancturies create enough employment oppurtunitites for the people. Outside vehicles are not permitted in these places and the Gypsies provided for jungle tourism in which driver and guides are from EDC. Thus local people have enough employment and income for their living.

The Committee also discussed the issues related to the implementation of Hon'ble Supreme Court directions in maintaing buffer zone. Shri Praveen N. R., CCF(T) said that the intial resistance of local people due to the notification of buffer zone in their areas have decreased following in introduction of 'Jan Van Yojana' Scheme. Through this Scheme Government will provide Rs. 25 Lakhs to each of the villages that are included in buffer zone. The amount may be utilised for developmental activities and hence livelihood generation activites can be created to help villagers.

Maharashtra Government has declared both Wild Boar and Nilgai (Blue Bull) as Vermin because of the heavy crop damage by them. But there is no permission for hunting and prior permission from the competent authority should be obtained to kill the Vermin.

Shri Naresh Zurmure, APCCF also explained the measures and schemes adopted by Government of Maharashtra to reduce the chances of man-animal conflicts and crop damages and promote tourism. 'Living with Leopards'/'Living with Panthers' is a new scheme implemented in Maharashtra through which

villagers are convinced that their earnings are enhanced with the survival of wild animals. They have been provided skill training with job opportunitites. As the employment opportunitites are increased people are interested in this scheme and accepted the same. The government also conducted a detailed study and suggested people to change their crop pattern such as medicinal plants and give aid to cultivate medicinal plants in areas where crop raiding is high. This method also yields good results as due to the aroma and fragrance of medicinal plants, wild animals are kept away from the crop under 'Bed and Breakfast' Scheme implemented in Konkan area, any person can approach government to construct two or three rooms along with his residence for the use of tourists without a hotel license. Due to Eco Sensitive Zone and Coastal Zone regulations, construction of big hotels and other constructions are banned in Konkan area where the above scheme is found to be useful to promote tourism.

Shri Sunny Joseph MLA expressed vote of thanks and the meeting dispersed at 11 A.M.

The Committee then headed to Bhramburda Forest Park in Pune where the garbage and dirt deposited area in central place of Pune City which has been transformed into beautiful forest park having multiple gardens including 108 medicinal plants. The Committee returned to VVIP Rest House Camp at 1.30 P.M. and proceeded to Ahmedabad by Spicejet SG 1083.

The Committee arrived Sardar Vallabai Patel International Airport, Ahmedabad at 6.40 P.M., where Dr. T. Karuppasamy IFS, Deputy Conservator of Forest, Social Forestry Division Nadiad welcomed the Committee and led to circuit House, Ahmedabad.

The Committee reached Circuit House, Ahmedabad at 7 P.M. where Shri S.K. Chaturvedi I.F.S., Principal Chief Conservator of Forest Gujarat was present to receive the Committee. The Committee departed from Circuit House, Ahmedabad at 8.30 P.M. and proceeded to Railway Station, Ahmedabad and from there to Junagadh by train Saurashtra Janata Express (No.19217) at 10.40 P.M.

On 19-10-2022, the Committee arrived at Railway Station, Junagadh at 9.10 A.M., where Liaison Officer Shri R. Senthil Kumaran IFS, Deputy Conservator of

Forest, Marine National Park, Jam Nagar was present to welcome the Committee and led to Sinh Sadan Guest House at Gir Wildlife Sanctuary where accomodation was arranged for the Committee and arrived by 11.30 A.M.

The Committee held a meeting with the Officials of Junagadh and Jamnagar Wildlife Circles in the Seminar Hall, Sinh Sadan Guest House, Sasan Gir at 12.30 P.M. Minister for Forest and Wildlife, Government of Kerala, Shri. A. K. Saseendran presided over the meeting.

Members Present :

1. Shri Sunny Joseph, M.L.A.
2. Shri C. K. Hareendran, M.L.A.
3. Shri Najeeb Kanthapuram, M.L.A.

**Legislature Secretariat :**

Shri B. Reji, Additional Secretary

Officers, Forest Department, Gujarat :

1. Dr. Mohan Ram I.F.S.,

   Sancturary Superintendent, Sasan Gir &

   Deputy Conservator & Forest, Junagadh.

2. Shri R. Senthil Kumaran I.F.S.,

   Deputy Conservator of Forests,

   Marine National Park, Jamnagar.

The Chairman introduced the Members of Kerala Legislative Assembly present in the meeting and the Officers introduced themselves. The accompanying officer briefed the objective of present study tour program. Dr. Mohan Ram delivered a warm welcome to the Committee and gave a powerpoint presentation regarding various Schemes, and Missions of Gujarat Forest Department with particular importance to Gir, where Asiatic Lions are conserved. Through the presentation, Asiatic Lions, Population Growth, Floral and Fauna, Diversity in

Gir, Wildlife corridors in Gir, Ecosystem Services, Habitat Management and Conservation aspects, Management of Water Points, Monitoring and technology driven scientific intiatives in Gir, Stratagies for Human Wildlife-Management etc. are shown and detailed to the Committee.

There are 674 Asiatic Lions in Gir according to the Census in 2020 and the rate of population growth is 28.87%. The population of Wild boars and Blue bulls are being controlled by Lions and Leopards and thus reduce the chances of crop raiding. The major reason for man-animal conflict during summer season is due to the scarcity of water and hence Gujarat Forest Department have taken measures to construct many artificial water points inside the forest. There are 387 water points are inside the Gir forest which are filled with ground water with the help of windmills and solar pumps. They are also maintained a considerable area of grasslands at the periphery of forests where Herbivores get their food and hence agricultural fields are spared from the wild life. All interior roads in and around Gir are equipped with fire lines on both sides and the total length of fire line is 1117 Kms. Radio Collars are fitted to Lions and Leopards to study their track, territories habitat preferences and to identify the animal corridors. There are a human population of nearby 3770 who have settled inside the Gir and they earn their livelihood by rearing cattle. They so mentioned Maldhari families are supported by government by providing eco- development works for their livelihood. They have also been provided adequate drinking water and education facilities in their Nesses.

A project known as 'Vanya Prani Mitra' is implemented in Gujarat in which one enthusiastic local person from each village in neighbouring forest area is selected and given trainings and field kit by Forest Department. The main responsibility of the person is to monitor and report the presence of wild animals in his area. This helps forest staff in their rescue and relief works of wild life and thus ensures peoples participation in the wild life conservation. Nilgai (Blue bull) is the major cause for crop raiding in Saurashtra region and Government authorised Village Sarpanch to shoot and kill them. But the villagers won't kill animals and they inform forest department to catch them. Chairman said that the situation in Kerala is entirely different. Man-animal conflicts are common in the

forest boundaries of kerala and multiple casualty and murder cases are happening day-by-day. Because of this, people cannot go friendly with them and urged the Government to kill the wild animal that entered into human habitat.

The Committee then discussed about the compensation amount given to victims of man-animal conflict. The compensation amount given to the next of kin of those who deceased by wild life attack is Rs.5 lakh in Gujarat. The compensation is issued within a day after the death. In the case of injury, the compensation amount would be determined on the basis of the seriousness of the injury and the number of days of hospitalisation of the victim. When cattle is attacked and killed by wild animals, the compensation amount allowed is Rs. 50000 per cattle. The Eco Sensible Zone has not finalised in Gir. Gir National Park is very famous for Asiatic Lion and hence an average of 5.5 lakh tourists visits per year. The authorities arrange tourism promotion activities such as Jungle safari, Nature Education campsites, Souvenir shop. All the vehicle used for Jungle safari are operated by local people, who are registered with forest department.

Shri C.K. Hareendran, M.L.A. enquired about the precedence of donation of lions to other states and he also requested to donate two lions to the Kerala state. Dr. Mohan Ram explained that the donation of lions to other states is purely based on Government decision and suggested that it would be better to approach Government of Gujarat through a formal request for obtaining lions. He informed the Committee that 8 lions were given to 8 states in 2009 based on the Government decision in that period. The Committee decided that it would inform the Kerala Government for transfer of Asiatic lions to the State. Shri Najeeb Kanthapuram, M.L.A. expressed vote of thanks and the meeting concluded at 1.45 p.m.

The Committee conducted Jungle Safari in Gir National Park and watched Lions, Blue bull, Deer, Wild boar etc. were roaming freely in their natural habitat.

The Committee departed Sinh Sadan Guest House, Gir at 8.45 p.m. and proceeded to Railway Station, Junagadh and went to Ahmedabad by train Somnath SF Express (No. 22958) at 11.12 p.m.

The Committee arrived Railway Station, Ahmedabad on 20-10-2022 at 5.50 a.m. and proceeded to Circuit House, Ahamadabad where refreshment facilities are arranged. The Committee departed from the Circuit House and proceeded to Sardar Vallabai Patel International Airport Ahamedabad and left for New Delhi by Air Indigo 6E2146 at 12.25 p.m. and arrived Indira Gandhi International Airport, New Delhi at 2.55 p.m. The Protocol Officer of Kerala House in New Delhi welcomed the Committee and lead to Kerala House, New Delhi.

The Committee held a meeting at 5 p.m. on 20-10-2022 in Chairman's suit, Kerala House, New Delhi. Minister for Forests and wildlife and the Chairman of the Committee Shri A.K. Saseendran presided over the meeting.

Committee Members Present

1. Shri. Sunny Joseph, M.L.A.
2. Shri C.K. Hareendran M.L.A.
3. Shri Najeeb Kanthapuram, M.L.A.

Legislature Secretariat

Shri B. Reji, Additional Secretary

The Committee evaluated the experience gained through the study tour and recollected the information gathered during the discussions with the forest officials of the state of Maharashtra and Gujarat. The Committee is of the view that the study tour was informative. The Accompanying Officer explained the Committee about the arrangements made for the rest of the journey. Shri Sunny Joseph, M.L.A. asked permission to leave the study tour program due to private affairs. The meeting dispersed at 5.30 P.M. The Committee halted in Kerala House, New Delhi for the rest of the day.

The Committee departed from Kerala House, New Delhi at 5.50 A.M. on 21-10-2022 and proceeded to Indira Gandhi Intrnational Airport, New Delhi. Through air by Flight Indigo 6E 2513. The Committee travelled to International Airport, Kolkata at 10.50 A.M. and from there to International Airport Jorhat, Assam by Indigo 6E 442. The Committee reached at International Airport, Jorhat

at 1.45 P.M., where Shri Ashok Kumar Basman I.A.S., Deputy Commissioner Jorhat, Sri Nandha kumar I.F.S., Divisional Forest Officer, Jorhat Division were present to welcome the Committee. The Committee then proceeded to Aranya Tourist Lodge,Kohara, Kaziranga, Assam where accommodation was arranged and reached there at 5.15 P.M . and halted at Aranya Tourist Lodge Assam for the rest of the day.

The Committee proceeded to Forest Range Office in Western Range, Bagori, Assam and went to 'Jungle Safari' in Kaziranga National park at 8.15 A.M. on 22-10-2022. Kaziranga National Park is having world's largest number of One Horned Rhinoceros and UNESCO declared Kaziranga a world Heritage site in 1985. The Kaziranga National park is estimated to have 2413 Rhinoceros as per the census data in 2018. Elephants, Buffaloes, Swamp Deer, Wild Boar, Birds like Lesser white fronted goose, Ferruginous duck, Baer's pochard duck, Black necked stork, Asian openbill stork etc. are seen in the National park. An average of 2 lakhs Tourists visit this national park every year. At 11 A.M., Committee visited Abode of the Unicorns Memorials at Mihimukh in Kohora, where three Rhino Sculptures were built using the ash collected by burning a stock pile of 2479 rhino horns which are seized from poachers and smugglers and kept in Govt. Treassury. The Committee also visited Tea factory in Hathikuli and Handloom weavers village and returned to Aranya Tourist Lodge at 1.10 P.M.

The Committee held a meeting with the officials of Forest department of Assam on 22-10-2022 at 3 P.M. in the Centenery Convention Centre, Kaziranga, Assam. Minister for Forests and wild life Kerala and the Chairman of the Committee Shri. A.K Saseendran presided over the meeting.

Members present:

1. Shri C.K. Hareendran, M.L.A.
2. Shri Najeeb Kanthapuram, M.L.A.

Legislature Secretariat:

Shri B.Reji, Additional Secretary.

Officers, Forest Department, Assam

1. Shri Ramesh Kumar Gogori,

   Divisional Forest Officer, Eastern Assam

   Wild life Division, Bolcakhat.

2 Shri Chiranjeevi Jain,

   Assistant Director cum A.C.F., Eastern Assam,

   Wild life Division.

3. Shri Rabindra Sharma, Research officer,

   Kaziranga National park.

4. Shri Iqbal Hussain, Range Forest officer,

   Barapahar Range, Eastern Assam, Wild life Division.

5. Shri Bidyat Bikash Borah,Range Forest officer,

   Eastern Range, Agoratoli.

6. Shri Bibuthi Ranjan Gogoi, Range Forest officer,

   Kaziranga National park.

The Chairman, Members and Officials introduced themselves, and the Accompanying Officer explained about the Subject Committee of the Kerala Legislative Assembly and the intention of present study tour programme. He mentioned about the growing menace of human-wild animal conflicts in the state.

A brief presentation regarding Kaziranga National park was displayed Shri Ramesh kumar Gogori explained about the human-animal conflict faced in the state mainly due to elephants. They have formed ADS (Anti Depradation Squads) in identified districts to tackle the issues related to human-elephants conflict. A team of six persons out of which four from the local people and two from forest department are included in the squad and the local people in the squad will be given a nominal rate of remuneration. The two types of ADS are FADS ( Fixed Anti Depradation Squad) and MADS (Mobile Anti Depradation Squad)

out of which FADS are active and constantly monitor the movement of elephants. The squad are equipped with crackers, torch light, hunter shoes, reflectors and logistic support by the forest department. Tiger attacks are also there and the conflicts are common in the periphery of villages where cattles are plenty. Cattles are the easy prey for the tigers.

The compensation given to the families of victims are very meagre in Assam. The compensation amount issued to the family of the deceased person due to wildlife attack is Rs. 4 lakhs only and there is also delay in giving compensation due to the rules and procedures to be followed in such cases. The compensation allowed for the death of a single cow is Rs. 3700 only which is very low while comparing the market value of a cow in the range of Rs. 40,000 to Rs. 50,000. A project has been implemented by the WWF (World Wildlife Fund) along with NGO's to protect the cowsheds from tiger attacks by securing it with chain link fencing. Cases of killing of wild animals by human were reported by poisoning them. Animals especially elephants are being killed by electrocution and railway accidents also. They are encouraging the use of solar powered light systems in Kaziranga to get rid of the accidents due to electric lines. Information shared mechanism is employed at vulnerable points in railway tracks to track movements of elephants. They have indentified multiple animal corridors in National Highways and Sensors and Cameras are installed as per the directions of NGT (National Green Tribunal) and penalized those vehicles crosses the speed limit of 40 Kmph at the animal corridors so identified with a fine of Rs. 5,000. Due to the complicated structure of Kaziranga National Park, Eco Sensitive Zones have not been notified. But they are not permitting new constructions in the proposed ESZ (Eco Sensitive Zone). Chairman enquired the management of wildlife during flood in Assam. The reply was that they have made artificial highlands to protect animals from flood and they came through animal corridors to those highlands and would return after the flood. DFO mentioned that this is not a permanent solution but gave relief to animals. They have developed their own SOP (Standard Operating Procedures) at divisional level due to the unique nature of large animals like Rhinos and Elephants. They are following NPCA (National Plan for Conservation of Aquatic Eco-systems) protocol for Tigers. Shri C.K. Hareendran, M.L.A. expressed vote of thanks and the meeting dispersed at 4 P.M.

1097/2023.

The Committee halted in Aranya Tourist Lodge for the rest of the day.

The Committee held a meeting at Sunday 23rd October 2022 at 8 A.M. in the Chairman's Suit, Aranya Tourist Lodge Kaziranga, Assam. Minister for Forests and Wildlife of the Government of Kerala and the Chairman of the Committee Shri A. K. Saseendran presided over the meeting.

Members Present:

1. Shri C. K. Hareendran, M.L.A.
2. Shri Najeeb Kanthapuram, M.L.A.

Legislature Secretariat:

Shri B. Reji, Additional Secretary.

The Committee discussed about the experiences and knowledge gathered through the study tour programme. The Committee also evaluated the meetings held with forest officials of the state of Maharashtra, Gujarat and Assam. The Committee has the view that the study tour program was informative and useful to manage the issue faced in Kerala due to man-animal conflicts and crop damages to a great extent. The Committee also opined that the compensation amount given to the victims of man-animal conflict and for crop and cattle damage is meagre when compared to that of Maharashtra. The Committee expressed its regards to the forest officials in the States of Maharashtra, Gujarat and Assam who took great efforts for the arrangements for reception, travel and accommodation needs of the members of the Committee. The Committee dispersed at 9 A.M. and reached Thiruvananthapuram on 24th October 2022 after completing the study tour programme.

## സമിതിയുടെ 15-2-2023-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2023 ഫെബ്രുവരി 15-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. പൊതുമരാമത്തും-വിനോദസഞ്ചാരവും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് വീഡിയോ കോൺഫറൻസിംഗ് മുഖേനയും ചുവടെ ചേർക്കുന്ന സമിതി അംഗങ്ങൾ നേരിട്ടും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. സി. കെ. ഹരീന്ദ്രൻ
2. ശ്രീ. സണ്ണി ജോസഫ്
3. ശ്രീ. പി. എസ്. സുപാൽ

വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗങ്ങൾ :

1. ശ്രീ. കെ. യു. ജനീഷ് കുമാർ
2. ശ്രീ. നജീബ് കാന്തപുരം

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ബി. റെജി, അഡീഷണൽ സെക്രട്ടറി.
2. ശ്രീ. പി. എസ്. സെൽവരാജൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. റ്റി. പുഷ്പാംഗദൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, അഡീഷണൽ ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ്.

2. ശ്രീ. സുനിൽ പമിദി, ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്.

3. ശ്രീ. രാജു കെ. ഫ്രാൻസിസ്, ഡയറക്ടർ, ഇക്കോ ടൂറിസം.

4. ശ്രീ. ഡി. ജയപ്രസാദ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (പ്ലാനിംഗ് & ഡെവലപ്മെന്റ്)

5. ശ്രീ. ബെന്നിച്ചൻ തോമസ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.

6. ശ്രീ. ഗംഗ സിംഗ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്)

7. ശ്രീ. ഷർമിള സി., അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്.

8. ശ്രീ. പ്രമോദ് കൃഷ്ണൻ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്.

9. ശ്രീ. ഇ. പ്രദീപ് കുമാർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്.

10. ഡോ. പി. പുകഴേന്തി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്.

11. ശ്രീ. രാജേഷ് രവീന്ദ്രൻ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്.

12. ഡോ. സി. ജോർജ് തോമസ്, ചെയർമാൻ , കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്.

13. ശ്രീ. പ്രദീപ് കുമാർ എ. ബി., ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

14. ശ്രീമതി സിന്ധു പി. എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

15. ശ്രീമതി ശുഭ കെ. പി., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

16. ഡോ. സന്തോഷ് കുമാർ, മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്.

സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി XXXIV-വനം വന്യജീവി വകുപ്പ്, കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ്, XVII-കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ അധിക തുക ആവശ്യപ്പെട്ട വിവിധ ശീർഷകങ്ങൾ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

വനവും വന്യജീവി സാങ്കേതങ്ങളും ശരിയായ രീതിയിൽ സംരക്ഷിക്കുന്ന നമ്മുടെ സംസ്ഥാനത്തിന് അതിൽ നിന്നുള്ള വരുമാനവും മെച്ചപ്പെട്ടതാണ്. വരുമാനത്തിന് മാത്രമല്ല, വനം സംരക്ഷിക്കുന്നതിനും സംതുലിതാവസ്ഥ സംരക്ഷിക്കുന്നതിലൂടെ പരിസ്ഥിതിയുടെ കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകളെയും ഒരു പരിധി

വരെ മറികടക്കാൻ ഇതിലൂടെ സാധിക്കുന്നുണ്ട്. ഒരു കോടി രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചാൽ അതിലൂടെ 10 കോടിയിലധികം രൂപ ലാഭം ലഭിക്കുന്ന ദീർഘകാല പ്രോജക്ടുകളാണ് വനം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളതെന്നും വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആമുഖമായി വ്യക്തമാക്കി.

2406-01-003-97—<u>മാനവശേഷി വികസനം</u>

മനുഷ്യവിഭവശേഷി വർദ്ധനവിലൂടെയും മതിയായ പരിശീലനത്തിലൂടെയും വനം വകുപ്പിന്റെ ശാക്തീകരണമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നതെന്നും വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഉദ്യോഗസ്ഥർക്കും, സന്നദ്ധ സംഘടനകൾക്കും മറ്റ് വികസന ഏജൻസികൾക്കുമുള്ള ബോധവൽക്കരണ പരിപാടികൾ, കപ്പാസിറ്റി ബിൽഡിംഗ് എന്നിവയ്ക്കുമായി നടപ്പുവർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.73 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2406-01-004-92—<u>വിഭവ ആസൂത്രണവും ഗവേഷണവും</u>

വിവിധ ഫോറസ്റ്റ് ഡിവിഷനുകളുടെ പ്രവർത്തന പദ്ധതികളും മാനേജ്മെന്റ് പ്ലാനുകളും തയ്യാറാക്കുകയും പരിഷ്കരിക്കുകയും ചെയ്യുക, ശാസ്ത്രീയമായ വനപരിപാലനം, ഫീൽഡ് സർവ്വേ, വനവിഭവങ്ങളുടെ വിവരശേഖരണത്തിന്റെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ പ്രവർത്തന പദ്ധതികൾ തയ്യാറാക്കൽ, നിലവിലുള്ള ഗവേഷണങ്ങൾ തുടരുന്നതിനും പുതിയ ഗവേഷണ പരീക്ഷണങ്ങൾ നടത്തുക, വിത്തുശേഖരണം മുതലായ പ്രവർത്തികൾ ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കായി നടപ്പുവർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2406-01-101-81—<u>വന സംരക്ഷണം</u>

വനമേഖലയുടെ മെച്ചപ്പെട്ട രീതിയിലുള്ള പരിപാലനത്തിന് വനമേഖലയുടെ ഏകീകരണം, വനാതിർത്തികളുടെ സ്ഥായിയായ വേർതിരിക്കൽ, വന സംരക്ഷണത്തിന് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, മണ്ണ്-ജലസംരക്ഷണ പ്രവർത്തികൾ എന്നിവ അത്യന്താപേക്ഷിതമാണ്. നിലവിലുള്ള വനവിഭവങ്ങൾ സംരക്ഷിക്കുക, പരിപാലിക്കുക, പുനരുദ്ധരിക്കുക തുടങ്ങിയ മാനദണ്ഡങ്ങളിലൂന്നി കാട്ടുതീ സംരക്ഷണ പ്രവൃത്തികൾക്കായി ഫയർ ലൈൻ, ഇന്റീരിയർ ക്യാമ്പ് ഷെഡ്സ്, ചെക്ക് പോസ്റ്റ് എന്നിവയുടെ അറ്റകുറ്റപ്പണിയും തൊഴിലാളികൾക്കുള്ള വേതനം, ഭരണ ചെലവ്, എസ്.എം.സി. പ്രവർത്തനങ്ങൾ, വനസംരക്ഷണ സമിതികൾ/ ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾക്കുള്ള സഹായധനം

തുടങ്ങിയ പ്രവർത്തികൾക്കുമായി നടപ്പ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2406-01-800-57—<u>ഫോറസ്റ്റ് മാനേജ്മെന്റ് വിവര സമ്പ്രദായവും ജിയോഗ്രാഫിക്കൽ വിവര സമ്പ്രദായവും</u>

വനം വകുപ്പിന്റെ സേവനങ്ങളിലും കണക്ടിവിറ്റിയിലും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നതെന്നും 130 റേഞ്ച് ലെവൽ ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കൽ, ഒരു ജിയോ - സ്പെഷ്യൽ ഫോറസ്റ്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം വികസിപ്പിക്കുക തുടങ്ങിയ പ്രവർത്തികൾക്കായി നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായ തിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2406-02-110-09—<u>മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ</u>

സംസ്ഥാനത്ത് മനുഷ്യ-മൃഗ സംഘർഷങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിന് വഴി വയ്ക്കുന്ന അടിസ്ഥാനകാരണങ്ങൾ കണ്ടെത്തുന്നതിനും ലഘൂകരിക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ടുള്ള വിവിധ നടപടികൾ വകുപ്പ് കൈക്കൊള്ളേണ്ടതുണ്ട്. വന്യജീവി സങ്കേതങ്ങൾ മെച്ചപ്പെടുത്തുക, നിർമ്മാണ പ്രവർത്തികൾ ഉൾപ്പെടെയുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുക, ദ്രുത കർമ്മസേനകൾ ശക്തിപ്പെടുത്തുക, പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക, മൃഗങ്ങളുടെ വരവിനെ/ആക്രമണത്തെ സംബന്ധിച്ച മുന്നറിയിപ്പ് നൽകുക, ഭൂവിനിയോഗത്തെ സംബന്ധിച്ചും, അനുയോജ്യമായ കൃഷിരീതികളെ സംബന്ധിച്ചും അവബോധ പരിപാടികൾ സംഘടിപ്പിക്കുക, പൊതുജന സഹായത്തോടു കൂടിയ ഇൻഷുറൻസ് പദ്ധതി ആരംഭിക്കുക തുടങ്ങിയ ദീർഘകാല പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ 30.85 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. അതോടൊപ്പം സർക്കാരിന് സമർപ്പിച്ചിട്ടുള്ള 5 വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന 620 കോടി രൂപയുടെ പ്രോജക്ട് നടപ്പിലാക്കുന്നതിനായി അടുത്ത വർഷം 174.42 കോടി രൂപ ആവശ്യമായി വരുമെന്ന് സമിതി കണക്കാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

വനത്തിനുള്ളിൽ താമസിക്കുന്നവർക്കുള്ള സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം നൽകുന്ന നഷ്ടപരിഹാര തുകയിലെ അപാകത വിലയിരുത്തിയ സമിതി, കുറഞ്ഞ ഭൂമി

മാത്രം ഉള്ളവർക്കും 10 ഏക്കർ വരെ ഉള്ളവർക്കും ഒരേ മാനദണ്ഡപ്രകാരം നഷ്ടപരിഹാരം നിശ്ചയിച്ച രീതിയിൽ അപാകത ഉണ്ടെന്നും ആയത് പുനഃപരിശോധിച്ച് കൂടുതൽ ഫലപ്രദമായും ആകർഷകമാക്കിയും പ്രസ്തുത പദ്ധതി നടപ്പിലാക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4406-01-070-99—<u>റോഡുകൾ</u>

വനപാതകൾ മെച്ചപ്പെടുത്തി വനം വകുപ്പിലെ ജീവനക്കാരുടെ സഞ്ചാരം സുഗമമാക്കി വനസംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തകർന്ന ഫോറസ്റ്റ് റോഡുകളുടെ റീ-ടാറിംഗ്, 850 KM റോഡുകളുടെ ടാറിംഗ് എന്നിവയ്ക്കായി നടപ്പുവർഷം വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4406-01-070-97—<u>കെട്ടിടങ്ങൾ</u>

ഓഫീസ് കെട്ടിടങ്ങൾ, പിക്കറ്റ് സ്റ്റേഷൻ, ചെക്ക്പോസ്റ്റ്, ഡോർമെറ്ററികൾ, ക്യാമ്പ് ഷെഡ്, ഡിപ്പോ ഓഫീസ്, ഹോസ്റ്റൽ, സർക്കിൾ ഓഫീസ്, റേഞ്ച് ഓഫീസ്, സ്റ്റാഫ് ക്വാർട്ടേഴ്സ്, വയർലെസ് ടവർ എന്നിവയുടെ നിർമ്മാണവും നിലവിലുള്ളവയുടെ ആധുനികവൽക്കരണവും ഈ പദ്ധതിയിലൂടെ നടപ്പുവർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പ്രവർത്തികൾക്ക് നിലവിലെ വർഷത്തെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

4406-01-105-87(01)—തോട്ടങ്ങളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ - വന്മരത്തോട്ടങ്ങൾ

വൻമരത്തോട്ടങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക, നശിച്ചുപോയ തോട്ടങ്ങളെ പുനരുജ്ജീവിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുക എന്നീ പ്രവർത്തികൾ ലക്ഷ്യമിടുന്ന ഈ പദ്ധതിയിലൂടെ നടപ്പുവർഷം 209 ഹെക്ടർ സ്ഥലത്ത് തേക്ക് പ്ലാന്റ് ചെയ്യുന്നതിനും 630 ഹെക്ടർ പ്ലാന്റേഷന്റെ അറ്റകുറ്റപ്പണികൾക്കുമായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**നോൺ പ്ലാൻ**

2406-01-101-90—<u>1999-ലെ കേരളാ ഫോറസ്റ്റ് റിവോൾവിംഗ് ഫണ്ട് റൂൾ, (തേക്ക്, പൾപ്പ് വുഡ്) അനുസരിച്ച് തേക്ക് ഫണ്ടിലേക്ക് മാറ്റപ്പെടുന്നത്.</u>

സംസ്ഥാന സർക്കാരിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്നായ ഈ ശീർഷകത്തിലൂടെ കേരളത്തിലുടനീളമുള്ള ടെറിറ്റോറിയൽ വന ഡിവിഷനുകളിൽ നിന്നും വിൽക്കുന്ന തേക്കിന്റെ വിലയുടെ 5%-വും പൾപ്പ് വുഡിന്റെ വിലയുടെ 50%-വും ചേർത്താണ് കേരള ഫോറസ്റ്റ് റിവോൾവിംഗ് ഫണ്ട് സ്വരൂപിക്കുന്നതെന്നും എന്നാൽ നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തേക്ക്, പൾപ്പ് വുഡ് എന്നിവയുടെ തോട്ട നിർമ്മാണ/പരിചരണ ചെലവുകൾക്ക് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2406-01-105-99—<u>സർക്കാർ ഏജൻസി വഴി വനങ്ങളിൽ നിന്നും തടിയും മറ്റുൽപ്പന്നങ്ങളും സംഭരിക്കുന്നതിന്</u>

പ്രായമെത്തിയ തേക്ക്, വെള്ളമരം എന്നിവ തോട്ടങ്ങളിൽ നിന്ന് മുറിച്ച് തടിയും വിറകും ശേഖരിക്കുക, വനത്തിനുള്ളിലെ, കാറ്റത്ത് പിഴുത് വീഴുന്നതും ഉണങ്ങി നിൽക്കുന്നതുമായ മരങ്ങൾ മുറിച്ച് തടി ശേഖരിക്കുക തുടങ്ങിയ പ്രവർത്തികളിലൂടെ സർക്കാരിലേയ്ക്കുള്ള മുഖ്യവരുമാന സ്രോതസ്സായ ഈ പദ്ധതിയിലൂടെ നടപ്പുവർഷം സർക്കാർ 500 കോടി രൂപ വരുമാനം പ്രതീക്ഷിക്കുന്നുവെന്നും വിഹിതം കൂടുതൽ അനുവദിക്കുന്ന പക്ഷം കൂടുതൽ വരുമാനം സർക്കാരിന് ലഭിക്കുന്നതാണെന്നും മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2406-01-105-94—<u>കന്നുകാലികൾ</u>

വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വന്യജീവി പുനരധിവാസ പരിപാലന കേന്ദ്രങ്ങളിലെ മൃഗങ്ങളുടെ പരിചരണ സംരക്ഷണങ്ങൾക്കും, മൃഗപരിപാലകരുടെ ശമ്പളം, മൃഗങ്ങൾക്കുള്ള തീറ്റ എന്നിവയ്ക്കുമായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2406-01-800-92—<u>വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം</u>

വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 70 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്നും ആയതിനാൽ 6 കോടി രൂപ അധികമായി അനുവദിക്കണമെന്നും വനം-വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആവശ്യപ്പെടുകയുണ്ടായി. 10 കോടി രൂപയെങ്കിലും അധികമായി ലഭിച്ചാൽ മാത്രമേ ധനസഹായം പൂർണ്ണമായി വിതരണം ചെയ്യുവാൻ കഴിയുകയുള്ളുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കഴിഞ്ഞ വർഷം അനുവദിച്ച തുക മിക്ക ശീർഷകങ്ങളിലും പൂർണ്ണമായും ചെലവഴിച്ചിട്ടില്ലെന്നാണ് പരിശോധനയിലൂടെ വ്യക്തമാകുന്നതെന്നും അതിനെക്കുറിച്ച് വകുപ്പിന്റെ അഭിപ്രായം സമിതി ആരാഞ്ഞതിന്, ആയതിന് 2022-23 വർഷം ബഡ്ജറ്റിൽ അനുവദിച്ച 179 കോടി രൂപയിൽ 106 കോടി രൂപ മാത്രമാണ് കിട്ടിയതെന്നും അതിന്റെ 97%-ഉം ചെലവഴിച്ചിട്ടുണ്ടെന്നും ഇനി 73 കോടി രൂപ ലഭിക്കാനുണ്ടെന്നും ഇതു കൂടി കിട്ടിയാൽ മാത്രമേ ഏറ്റെടുത്ത പദ്ധതികൾ പൂർത്തിയാക്കാൻ കഴിയുകയുള്ളൂവെന്നും കേന്ദ്ര വിഹിതമുൾപ്പെടെയുള്ള തുക പരിശോധിച്ചാൽ 113 കോടി രൂപ ലഭിക്കുവാനുണ്ടെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതി മുൻപാകെ വിശദമാക്കി. കേന്ദ്ര വിഹിതം അനുവദിച്ചുവെങ്കിലും ആനുപാതികമായ സംസ്ഥാന സർക്കാർ വിഹിതം വകുപ്പിന് ലഭ്യമായിട്ടില്ലെന്നും 2020 മുതലുള്ള നഷ്ടപരിഹാരം നൽകുന്നതിനു വേണ്ടിയാണ് പ്രസ്തുത തുക അധികമായി ആവശ്യപ്പെടുന്നതെന്നും ഈ വർഷം കുറഞ്ഞത് 10 കോടി രൂപയെങ്കിലും ലഭിച്ചാൽ മാത്രമേ പെൻഡിംഗ് മുഴുവൻ തീർക്കാൻ സാധിക്കുകയുള്ളൂവെന്നും അദ്ദേഹം വ്യക്തമാക്കി.

വന്യജീവി ആക്രമണത്തിന് ഇരയാകുന്നവരും, ആയതിൽ മരണപ്പെടുന്നവരുടെ ആശ്രിതരും, യഥാസമയം നഷ്ടപരിഹാരം ലഭിക്കാതെ വളരെയധികം ബുദ്ധിമുട്ടുകയാണ്. വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് മരണപ്പെടുന്നവരുടെ ആശ്രിതർക്കും, പരിക്കേറ്റവർക്കും, കൃഷി, വാസസ്ഥലം മുതലായവ നഷ്ടപ്പെട്ടവർക്കും ആശ്വാസ ധനസഹായം നൽകുന്നതിനും, ഇത്തരത്തിൽ മുൻ വർഷങ്ങളിൽ കുടിശ്ശികയായ 11.5 കോടി രൂപ നൽകുന്നതിനുമായി നടപ്പു സാമ്പത്തികവർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമായതിനാൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൂടാതെ വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് നൽകുന്ന ആശ്വാസ ധനസഹായം തുലോം അപര്യാപ്തമായതിനാൽ നാശനഷ്ടങ്ങളുമായി പൊരുത്തപ്പെടുന്ന വിധത്തിൽ യഥാർത്ഥ നഷ്ടപരിഹാരം കണക്കാക്കി നിശ്ചിത മാനദണ്ഡം പ്രകാരം തുക പുതുക്കി നിശ്ചയിക്കുന്നതിന് ശിപാർശ ചെയ്യാനും സമിതി തീരുമാനിച്ചു.

2406-02-110-59-36—<u>സഹായധനം-ശമ്പളേതരം</u>

ധനാഭ്യർത്ഥന നമ്പർ XXXIV-ലെ ചെലവിനങ്ങളിൽ ഉൾപ്പെട്ട കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡിന്റെ നടപ്പു സാമ്പത്തിക വർഷത്തിലെ 2406-02-110-59-36-സഹായധനം-ശമ്പളേതരം ചെലവുകൾക്കായി പദ്ധതിയേതര വിഹിതത്തിൽ വകയിരുത്തിയിട്ടുള്ള തുക മുൻ വർഷങ്ങളിലെ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**

3435-04-103-96—പ്ലാൻ

പരിസ്ഥിതി വകുപ്പിന്റെ കീഴിൽ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ മൂന്ന സ്ഥാപനങ്ങളുമാണുള്ളതെന്നും ഇതിൽ മലിനീകരണ നിയന്ത്രണ ബോർഡിലെ പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 5 കോടി രൂപ അപര്യാപ്തമാണെന്ന് പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

വായു ഗുണനിലവാരം മോണിറ്റർ ചെയ്യുന്നതിന് നിലവിൽ 6 ജില്ലകളിലായി 9 സ്റ്റേഷനുകൾ ഉണ്ടെന്നും, എന്നാൽ നടപ്പുവർഷം ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിൽ ഓരോ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനും പ്രസ്തുത സ്റ്റേഷനുകൾക്കാവശ്യമായ Chromatography Machine വാങ്ങുന്നതിനായും ബോർഡ് ഉദ്ദേശിക്കുന്നതായും ചെയർമാൻ സൂചിപ്പിച്ചു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പൊതുജന ബോധവൽക്കരണം, പരിസ്ഥിതി നിരീക്ഷണവും നടത്തിപ്പും, കഴിവുകൾ വികസിപ്പിക്കൽ കൂടാതെ വായുവിന്റെ ഗുണനില വാരം രേഖപ്പെടുത്തുന്നതിനായി ഇടുക്കി, കാസർഗോഡ് ജില്ലകളിൽ വായു ഗുണ നിലവാര നിരീക്ഷണ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനും പ്രസ്തുത സ്റ്റേഷനുകൾക്കാവശ്യമായ Chromatography machine വാങ്ങുന്നതിനായും നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതമായ 5 കോടി രൂപ പദ്ധതി നിർവ്വഹണത്തിന് അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 4.9529 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തുടർന്ന് വനം വകുപ്പുമായി ബന്ധപ്പെട്ട പൊതുവായ വിഷയങ്ങളിന്മേൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ആരായുകയുണ്ടായി. കേരളത്തിലെ കടുവകളുടെ കണക്കെടുപ്പ് നടത്താറുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, നാലു വർഷത്തിലൊരിക്കലാണ് കണക്കെടുപ്പ് നടത്തുന്നതെന്നും 2018-ലാണ് അവസാനമായി കണക്കെടുപ്പ് നടത്തിയതെന്നും, കേന്ദ്ര സ്ഥാപനമായ Wildlife Institute of India ആണ് കടുവകളുടെ കണക്കെടുപ്പ് നടത്തുന്നതെന്നും, 2018-ൽ ഇവിടെ 192 കടുവകൾ ഉണ്ടായിരുന്നുവെന്നും, അതിൽ നിന്നും രണ്ടോ മൂന്നോ കടുവകളുടെ വർദ്ധനവ് ഇപ്പോൾ വന്നുകാണുമെന്നും വനം വകുപ്പ ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

ഇര തേടാൻ സാധിക്കാതെ വരുന്ന പ്രായമായ കടുവകളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഇവയ്ക്കായുള്ള

റീഹാബിലിറ്റേഷൻ സെന്ററുകൾ രണ്ടിടത്ത് ആരംഭിക്കുന്നതിന് പദ്ധതിയുണ്ടെന്ന് വനം വകുപ്പ് ഉദ്യോഗസ്ഥൻ വ്യക്തമാക്കി. വയനാട് മേഖലയിലെ കടുവകളുടെയും ആനകളുടെയും സെൻസസ് സംസ്ഥാനം നേരിട്ട് നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വയനാട് വന്യജീവി സങ്കേതത്തിനകത്ത് ഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും അല്ലാത്തവരുമായ അൻപതിനായിരത്തോളം ആളുകൾ അധിവസിക്കുന്നുണ്ട്. അതോടൊപ്പം 110 സെറ്റിൽമെന്റ്സും നാൽപതിനായിരത്തോളം കന്നുകാലികളും അവിടെയുണ്ടെന്നും രൂക്ഷമായ ശബ്ദ ബാഹുല്യവും വാഹനങ്ങളുടെ അമിത ഉപയോഗവും കാരണം വന്യ മൃഗങ്ങൾ കൂടുതൽ സമ്മർദ്ദത്തിലാകുകയും അവ കൂട്ടത്തോടെ നാട്ടിലേയ്ക്കിറങ്ങുകയും ചെയ്യുന്ന സ്ഥിതിയാണിപ്പോഴുള്ളതെന്നും ഇതിനൊരു നിയന്ത്രണം അനിവാര്യമാണെന്നും ഗോത്രവർഗ്ഗത്തിൽപ്പെട്ടവരെ വന്യമൃഗങ്ങളുടെ ആക്രമണ മേഖലയിൽ നിന്നും മാറ്റി പുനരധിവസിപ്പിക്കുന്നതിന് കേന്ദ്ര പദ്ധതിയുണ്ടെന്നും ഗോത്രവർഗ്ഗ വിഭാഗത്തിലുൾപ്പെടാത്ത കുടുംബങ്ങളുടെ 67 ഏക്കർ ഭൂമി "റീബിൽഡ് കേരള" പദ്ധതിയിലുൾപ്പെടുത്തി വനം വകുപ്പ് ഏറ്റെടുത്തിട്ടുണ്ടെന്നും, ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരമായി 15 ലക്ഷം രൂപയാണ് നൽകി വരുന്നതെന്നും എന്നാൽ നഷ്ടപരിഹാര തുക നൽകുന്നതിലെ അപാകത മൂലം ചില കുടുംബങ്ങൾ ഭൂമി വിട്ടുനൽകുവാൻ തയ്യാറാകാത്തത്, സെന്റ് അളവിലുള്ള ഭൂമിയ്ക്കും, ഏക്കർ അളവിലുള്ള ഭൂമിക്കും ഒരേ വില നിശ്ചയിച്ചതിലുള്ള അപാകത കാരണമാണെന്നും വന മേഖലയിൽ വർഷങ്ങളായി കൃഷി ചെയ്ത് ജീവിക്കുന്ന കുടുംബങ്ങൾക്ക് "റീബിൽഡ് കേരള" പദ്ധതിയിൽ പ്രത്യേകമായി ഒരു സ്കീം തയ്യാറാക്കി നഷ്ടപരിഹാരം നൽകുന്നതിലെ അപാകത പരിഹരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

വന്യമൃഗങ്ങൾ കൂടുതലായി ആക്രമണം നടത്തുന്ന കൃഷിയിടങ്ങളിലെ കർഷർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും രേഖയില്ലാത്ത ഭൂമിക്ക് നഷ്ടപരിഹാരം അനുവദിക്കണമെന്നും അഭിപ്രായപ്പെട്ട സമിതി, ഒറ്റപ്പെട്ട കുടുംബങ്ങളെ സംഘർഷ മേഖലയിൽ നിന്ന് മാറ്റി പുനരധിവസിപ്പിക്കുക വഴി ലഭ്യമാകുന്ന വനഭൂമി നാടിന്റെ വികസനത്തിനാവശ്യമായ തുരങ്കപാത പോലുള്ള പദ്ധതിക്ക് ആവശ്യമായി വരുമെന്നതിനാൽ Compensatory afforestation project-ന്റെ ഭാഗമായി റവന്യൂ ഭൂമി നൽകിയാൽ അത് വന ഭൂമി ആവശ്യമായ സംസ്ഥാനത്തിന്റെ വികസന പദ്ധതിയായി കണക്കാക്കുമെന്നും ആയതിനാൽ പുനരധിവാസ പദ്ധതി സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സമിതി യോഗം ചേർന്ന് തുടർ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

15 സെന്റ് സ്ഥലമുള്ള വ്യക്തിക്കും, 5 ഏക്കർ സ്ഥലമുള്ള വ്യക്തിക്കും ഒരേ തരത്തിൽ നഷ്ടപരിഹാരം നൽകുന്ന നടപടി ന്യായീകരിക്കാൻ സാധിക്കാത്തതാണെന്ന്

അഭിപ്രായപ്പെട്ട സമിതി, കുറഞ്ഞ ഭൂമി മാത്രം ഉള്ളവർക്കും 10 ഏക്കർ വരെ ഉള്ളവർക്കും ഒരേ മാനദണ്ഡ പ്രകാരം നഷ്ടപരിഹാരം നിശ്ചയിച്ച രീതിയിൽ അപാകത ഉണ്ടെന്നും ആയത് പുനഃപരിശോധിച്ച് കൂടുതൽ ഫലപ്രദമായും ആകർഷകമാക്കിയും നടപ്പിലാക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സംസ്ഥാനത്തിന്റെ വനാതിർത്തി ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നുണ്ടോയെന്നത് പരിശോധിക്കേണ്ട വിഷയമാണെന്നും, കർണ്ണാടക അതിർത്തിയിലെ ട്രഞ്ച്, ജണ്ട എന്നിവ നമ്മുടെ സംസ്ഥാനത്തിനകത്തേയ്ക്ക് മാറ്റുന്ന വിഷയം നിരവധി തവണ ശ്രദ്ധയിൽപ്പെടുത്തിയിട്ടും സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്ന സമിതി അംഗത്തിന്റെ പരാതിയിൽ, ഡിജിറ്റൽ മാപ്പ് തയ്യാറാക്കിയിട്ടുള്ളതുകൊണ്ട്, ജണ്ട മാറ്റിയിടുന്നതിന് ആശങ്കപ്പെടേണ്ടതില്ലെന്ന് വനം-വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകിയപ്പോൾ ഇക്കാര്യത്തിൽ ഇരു സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാർ ചർച്ച നടത്തി എടുക്കുന്ന തീരുമാനം മന്ത്രിസഭയുടെ തീരുമാനത്തിനായി സമർപ്പിക്കാമെന്ന് ചെയർമാൻ അറിയിച്ചു.

മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായി വരുന്ന സാഹചര്യത്തിൽ, ഇത് പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ/വനം വകുപ്പ് സെക്രട്ടറിമാർ പ്രാഥമിക തലത്തിൽ ചർച്ച നടത്തിയതിനുശേഷം മന്ത്രിതലത്തിൽ യോഗം ചേർന്ന് ഈ വിഷയത്തിന്മേൽ തീരുമാനം കൈക്കൊള്ളാമെന്ന് വനം-വന്യജീവി വകുപ്പ് മന്ത്രി കൂടിയായ ചെയർമാൻ വ്യക്തമാക്കി.

യോഗം വൈകുന്നേരം 3.40-ന് പിരിഞ്ഞു.

## സമിതിയുടെ 17-2-2023-ലെ യോഗ നടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2023 ഫെബ്രുവരി 17-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ, ബഹു. വനം വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാരം, യുവജനകാര്യം വകുപ്പുമന്ത്രി ശ്രീ. പി.എ. മുഹമ്മദ് റിയാസ് വീഡിയോ കോൺഫറൻസിംഗ് മുഖേനയും ചുവടെ ചേർക്കുന്ന സമിതി അംഗങ്ങൾ നേരിട്ടും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. സി.കെ. ഹരീന്ദ്രൻ, എം.എൽ.എ.
2. ശ്രീ. പി.എസ്. സുപാൽ, എം.എൽ.എ.

<u>വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗം</u>

ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. ബി. റെജി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. പി.എസ്. സെൽവരാജൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. റ്റി. പുഷ്പാംഗദൻ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. കെ.എസ്. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
2. ശ്രീ. സഹീദ് ഇ., അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
3. ശ്രീമതി ലത എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. രാജു കെ. ഫ്രാൻസിസ്, ഡയറക്ടർ, ഇക്കോടൂറിസം
5. ശ്രീ. ദിലീപ് എം. ആർ., ഡയറക്ടർ, KITTS
6. ശ്രീ. പ്രേംകൃഷ്ണൻ, അഡീഷണൽ ഡയറക്ടർ (ജനറൽ), വിനോദസഞ്ചാര വകുപ്പ്
7. ശ്രീമതി വി. വിഘ്നേശ്വരി, മാനേജിംഗ് ഡയറക്ടർ, കെ.ടി.ഡി.സി.
8. ഡോ. മനോജ്കുമാർ കെ., മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്
9. ശ്രീ. ഷിജിൻ പി., മാനേജിംഗ് ഡയറക്ടർ, ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
10. ശ്രീ. രൂപേഷ് കുമാർ കെ., സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, ഉത്തരവാദിത്ത ടൂറിസം മിഷൻ
11. ശ്രീമതി ബിജി സേവ്യർ, മിഷൻ കോ-ഓർഡിനേറ്റർ, ഉത്തരവാദിത്ത ടൂറിസം മിഷൻ
12. ശ്രീ. ബിജു വർഗ്ഗീസ്, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്), വിനോദസഞ്ചാര വകുപ്പ്
13. ശ്രീ. യൂസഫ്ഖാൻ എസ്., അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്

14. ശ്രീ. യു.എസ്. പ്രസാദ്, മാനേജർ, ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

15. ശ്രീമതി രേഖ നിക്സൺ, ഫിനാൻസ് ഓഫീസർ, KITTS

യോഗം ആരംഭിക്കാമെന്നും ടൂറിസം വകുപ്പിന്റെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളെ സംബന്ധിച്ചുള്ളതാണ് വിഷയമെന്നും സമിതി ചെയർമാൻ ആമുഖമായി വ്യക്തമാക്കി. തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ആരായുകയുണ്ടായി.

എല്ലാവരെയും അഭിസംബോധന ചെയ്ത് വിനോദസഞ്ചാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സംസാരിച്ചു. വിനോദസഞ്ചാര വകുപ്പ് കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 362 കോടി രൂപയിൽ ഏകദേശം 54% തുക ചെലവഴിച്ചിട്ടുണ്ടെന്നും, സാമ്പത്തിക വർഷം പൂർത്തിയാകുന്നതിനു മുൻപ് തുക പൂർണ്ണമായും ചെലവഴിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും, നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 362.15 കോടി രൂപയാണെന്നും ആയത് നടപ്പു വർഷത്തെ പദ്ധതി/പദ്ധതിയേതര പ്രവർത്തികളുടെ പൂർത്തീകരണത്തിന് അപര്യാപ്തമായതിനാൽ 182.15 കോടി രൂപ കൂടി അധികമായി ആവശ്യപ്പെടുന്നുണ്ടെന്നും വിനോദസഞ്ചാര വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറി ആമുഖമായി വ്യക്തമാക്കി.

തുടർന്ന് വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ടതും അധിക തുക ആവശ്യപ്പെട്ടതുമായ വിവിധ ശീർഷകങ്ങൾ സമിതി പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി അധിക തുക അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട പൊതുവായ വിഷയങ്ങളിന്മേൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ആരായുകയുണ്ടായി.

കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് വിഹിതമായി ലഭിച്ച 10 കോടി രൂപയും ഈ മാർച്ച് അവസാനത്തോടെ പൂർണ്ണമായും ചെലവഴിക്കുമെന്നും, നടപ്പു വർഷം 12 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക നടപ്പുവർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്ക് മതിയാകുമെന്നും കെ.ടി.ഡി.സി. മാനേജിംഗ് ഡയറക്ടർ വ്യക്തമാക്കി.

കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന്റെ നിലവിലെ ബഡ്ജറ്റ് വിഹിതം 1.53 കോടി രൂപയാണെന്നും പ്രസ്തുത തുക പദ്ധതി പ്രവർത്തനങ്ങൾക്ക് പര്യാപ്തമായതിനാൽ അധിക തുക ആവശ്യപ്പെടുന്നില്ലെന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 50 ലക്ഷം രൂപ ഡിസംബറിലാണ് ലഭിച്ചതെന്നും അതിൽ 9 ലക്ഷം രൂപ

ജനുവരി, ഫെബ്രുവരി മാസങ്ങളിലായി ചെലവഴിച്ചുവെന്നും, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വ്യക്തമാക്കി. നിലവിൽ നടന്നുവരുന്ന ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട്, മലബാർ ലിറ്റററി സർക്യൂട്ട്, അഞ്ചുതെങ്ങ്, വേളി എന്നീ പ്രോജക്റ്റുകൾക്കായി ബാക്കി 41 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിക്കണമെന്ന് വിനോദസഞ്ചാര വകുപ്പുമന്ത്രി നിർദ്ദേശിച്ചു.

കോട്ടപ്പുറം ബോട്ട് ടെർമിനലിന്റെ ലാന്റ് അക്വിസിഷനുവേണ്ടി അനുവദിച്ച 1 കോടി രൂപ ഇതുവരെ റിലീസ് ചെയ്തിട്ടില്ലെന്നും ആയതിനാൽ ലാന്റ് അക്വസിഷനു വേണ്ടിയുള്ള അഡ്വാൻസ് തുക തനതു ഫണ്ടിൽ നിന്നുമാണ് റവന്യൂ വകുപ്പിന് കൈമാറിയതെന്നും ഇതിന്മേൽ സത്വര നടപടി ആവശ്യമാണെന്നും ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സമിതിയിൽ വ്യക്തമാക്കി.

ധനകാര്യ വകുപ്പിനോട് ഇതു സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ധനകാര്യ വകുപ്പിന്റെ പി.യു.സി. വിഭാഗവുമായി ബന്ധപ്പെട്ട് എത്രയും വേഗം പ്രസ്തുത തുക റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് വിഹിതമായ 6.60 കോടി രൂപയിൽ ആകെ ലഭിച്ചത് 1.10 കോടി രൂപയാണെന്നും അതിൽ 86 ലക്ഷം രൂപ ചെലവഴിച്ചുവെന്നും 48 ലക്ഷം രൂപയുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണെന്നും അടുത്ത മാസം നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള ഗ്ലോബൽ റെസ്പോൺസിബിൾ ടൂറിസം സമ്മിറ്റിന് ഒരു കോടിയിലധികം രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും നടപ്പു വർഷം 9.5 കോടി രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ടെന്നും സൊസൈറ്റിയായി രജിസ്റ്റർ ചെയ്തുകൊണ്ട് കഴിഞ്ഞ തവണത്തേക്കാൾ അധിക തുക ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ടെന്നും ഉത്തരവാദിത്ത ടൂറിസം മിഷൻ സ്റ്റേറ്റ് കോ-ഓർഡിനേറ്റർ സമിതി മുൻപാകെ വിശദീകരിച്ചു.

ഇക്കോ ടൂറിസം പദ്ധതികൾക്കുവേണ്ടിയുള്ള കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് വിഹിതം 2 കോടി രൂപയായിരുന്നുവെന്നും അതിൽ അനുവദിച്ച 66 ലക്ഷം രൂപയിൽ 30 ലക്ഷം രൂപ ചെലവഴിച്ചുവെന്നും നിലവിൽ 98 ലക്ഷം രൂപയുടെ പ്രൊസീഡിംഗ്സ് തയ്യാറാക്കിയിട്ടുണ്ടെന്നും ആകെ 1.37 കോടി രൂപയോളം ചെലവഴിക്കാൻ സാധിക്കുമെന്നും, തെന്മലയിലെ മ്യൂസിക്കൽ ഫൗണ്ടേഷനുവേണ്ടി 1.87 കോടി രൂപയുടെ അപ്രൂവൽ ലഭിച്ചിട്ടുണ്ടെന്നും, എന്നാൽ പ്രസ്തുത പ്രവൃത്തി ഈ വർഷം പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ, അത് വകമാറ്റി 60 ലക്ഷം രൂപയുടെ ചെറിയ പ്രോജക്റ്റുകൾക്ക് വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഇക്കോ ടൂറിസം ഡയറക്ടർ വ്യക്തമാക്കി.

തെന്മല മ്യൂസിക്കൽ ഫൗണ്ടേഷൻ പദ്ധതി റദ്ദു ചെയ്യുന്നതെന്തുകൊണ്ടെന്ന് സമിതി ആരാഞ്ഞതിന് റദ്ദു ചെയ്യുന്നില്ലെന്നും ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് പദ്ധതി പൂർത്തീകരിക്കാൻ നടപ്പുവർഷം കാലതാമസം വരുമെന്നതിനാൽ മറ്റ് ചെറിയ പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും, അതിലേയ്ക്കായി പുന്നപ്ര ബീച്ച് നവീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞുവെന്നും ആയതിന് 60 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്നും ടെക്നിക്കൽ കമ്മിറ്റി രൂപീകരണത്തിന് കാലതാമസമുണ്ടായതിന്റെ വിശദീകരണം സമിതി ആരാഞ്ഞതിന്, ഇക്കോ ടൂറിസം ഡയറക്ടറായി ചാർജ് എടുത്തിട്ട് രണ്ട് മാസം മാത്രമേ ആയിട്ടുള്ളുവെന്നും, മുമ്പ് ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥന് മാത്രമേ ഇതിനെകുറിച്ച് വ്യക്തമായി പറയാൻ സാധിക്കുകയുള്ളുവെന്നും അടുത്ത വർഷം ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുമെന്നും ഡയറക്ടർ മറുപടി നൽകി.

ഇപ്പോൾ പ്രസ്തുത പദ്ധതി ആരംഭിച്ചാൽ മാർച്ച് മാസം വരെ 10 ലക്ഷം രൂപ മാത്രമേ ചെലവഴിക്കാൻ സാധിക്കുകയുള്ളുവെന്നും ഈ വർഷം ബാക്കി ലഭിക്കുവാനുള്ള 60 ലക്ഷം രൂപ നഷ്ടപ്പെടാതിരിക്കുവാനാണ് ചെറിയ പ്രോജക്ടുകൾ നടപ്പിലാക്കാൻ തീരുമാനിച്ചതെന്നും, തെന്മല ഇക്കോ ടൂറിസം നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും, ബട്ടർഫ്ലൈ ഗാർഡന്റെ പണി പൂർത്തിയായി കഴിഞ്ഞുവെന്നും അടുത്ത വർഷം തെന്മല മ്യൂസിക് ഫൗണ്ടേഷന്റെ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഏഷ്യയിലെ തന്നെ ആദ്യത്തെ ഇക്കോ ടൂറിസം പ്രോജക്ടായ തെന്മല ഇക്കോ ടൂറിസം കേന്ദ്രത്തിൽ വേണ്ടത്ര രീതിയിലുള്ള പരിപാലനം നടക്കുന്നില്ലെന്നും, വിനോദസഞ്ചാരികളുടെ ആകർഷക കേന്ദ്രങ്ങളായ മാൻ പാർക്ക്, പാലരുവി എന്നിവ വേണ്ട രീതിയിൽ പരിപാലിക്കപ്പെടുന്നില്ലെന്നും ഇവിടേയ്ക്ക് എത്തുന്ന വിനോദസഞ്ചാരികൾ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാൽ ബുദ്ധിമുട്ടുകയാണെന്നും അവരുടെ വിമർശനങ്ങൾ ഫെയ്സ്ബുക്കിലൂടെയും, മറ്റ് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെയും പ്രചരിക്കുന്നത് അത്യന്തം നിരാശാജനകമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

പദ്ധതി അടുത്ത വർഷം നടപ്പിലാക്കുമെന്ന് വിനോദസഞ്ചാര വകുപ്പുമന്ത്രി ഉറപ്പു നൽകുകയും ഈ വിഷയം സംബന്ധിച്ച് വനം/ടൂറിസം മന്ത്രിമാരുടെ യോഗത്തിൽ ചർച്ച ചെയ്യണമെന്ന് തീരുമാനിക്കുകയും ചെയ്തു.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം സ്റ്റഡീസ് (കിറ്റ്സ്)-നായി കഴിഞ്ഞ വർഷം വകയിരുത്തിയ 3.3 കോടി രൂപയിൽ 1.5 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ബാക്കി 1.54 കോടി രൂപ ധനകാര്യ വകുപ്പ് റിലീസ് ചെയ്തിട്ടുണ്ടെന്നും 50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്നും ഫിനാൻസ് ഓഫീസർ വ്യക്തമാക്കി.

3452-01-102-95—<u>പരിസ്ഥിതി ടൂറിസം ഉല്പന്നങ്ങളുടെ വികസനം</u>

മാസ്റ്റർപ്ലാൻ ഡെവലപ്മെന്റ്, ഡെസ്റ്റിനേഷനുകളുടെ മാനേജ്മെന്റ്, ഇന്റർനാഷണൽ ഇക്കോ ടൂറിസം സബ്മിറ്റ്, ട്രെയിനിംഗ് എന്നിവയും ഇതിനകം ഭരണാനുമതി നൽകിയ മറ്റു പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുമായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3452-80-003-97—<u>മാനവശേഷി വികസനവും പരിശീലനവും</u>

(01)—<u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)</u>

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) നിരവധി പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നാക്ക് അക്രിഡിറ്റേഷൻ ലഭിക്കുന്നതിനുമുള്ള നടപടികളും നടപ്പു വർഷം കർമ്മപഥത്തിൽ എത്തിക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിനാൽ നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം പദ്ധതി പ്രവർത്തനങ്ങൾക്ക് തീരെ അപര്യാപ്തമായതിനാൽ 1.8 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3452-80-104-98—<u>ടൂറിസം - വിപണനവും പ്രോത്സാഹനവും</u>

34-3—<u>മറ്റു ചെലവുകൾ -മറ്റിനം</u>

കേരളം, വിനോദസഞ്ചാര രംഗത്ത് നിരവധി വെല്ലുവിളികളിലൂടെയാണ് കടന്നുപോകുന്നത്. 2018-ലെ പ്രളയവും 2019-ലെ നിപ്പ വൈറസിന്റെ ആക്രമണവും 2020-ൽ ആരംഭിച്ച കോവിഡ് 19 മഹാമാരി എന്നിവ വിനോദസഞ്ചാര മേഖലയ്ക്ക് തിരിച്ചടി ഉണ്ടാക്കിയിരുന്നു. പ്രതിസന്ധികളിൽ നിന്നും കരകയറി ഉയർന്ന വളർച്ചാനിരക്കിലേക്ക് എത്താൻ കാര്യക്ഷമമായ മാർക്കറ്റിംഗ് പദ്ധതികൾ നടത്തേണ്ടതുള്ളതിനാൽ നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 39 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

3452-80-104-91—<u>ജില്ലാ വിനോദസഞ്ചാര പ്രോത്സാഹന കൗൺസിലുകളും സന്ദർശക പ്രോത്സാഹന ബ്യൂറോകളും (ഡി.റ്റി.പി.സി.)</u>

ജില്ലാ വിനോദസഞ്ചാര പ്രോത്സാഹന കൗൺസിലുകൾക്കും സന്ദർശക പ്രോത്സാഹന ബ്യൂറോകൾക്കും ഈ ശീർഷകത്തിൽ സ്പിൽ ഓവർ ആയ പ്രവർത്തികൾക്കുമായി 6 കോടി രൂപയും അടുത്ത വർഷം നടപ്പിലാക്കുന്ന പ്രവർത്തികൾക്കായി 4 കോടി രൂപയും ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

3452-80-800-90—വിനോദസഞ്ചാര വകുപ്പിന്റെ മറ്റു പദ്ധതികൾ

(26)—സ്വകാര്യമേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം

(33)—സബ്സിഡികൾ

ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള യാത്രീനിവാസുകളുടെയും ഗസ്റ്റ് ഹൗസുകളുടെയും പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും കുടിശ്ശിക നൽകുന്നതിനുമായി നടപ്പുവർഷം 32 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതായി സമിതി വിലയിരുത്തി. ഈ ശീർഷകത്തിൽ 25 കോടി രൂപ കൂടി അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുകയും തുക ആവശ്യപ്പെടാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

3452-80-800-20—ലീഗ് അടിസ്ഥാനത്തിലുള്ള ബോട്ട് മത്സരം

വിനോദസഞ്ചാര മേഖലയ്ക്ക് പുത്തൻ ഉണർവ് പകർന്ന നൂതന സംരംഭമായ ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരങ്ങളുടെ സമ്മാന തുക, മത്സരങ്ങളുടെ സംപ്രേഷണം, സ്പോൺസർഷിപ്പുകൾ, പശ്ചാത്തലം ഒരുക്കൽ എന്നിവയ്ക്കായി നടപ്പുവർഷം 18 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

5452-01-101-99—അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും

34-3—മറ്റു ചെലവുകൾ - മറ്റിനം

സംസ്ഥാനത്തുടനീളമുള്ള പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും നിലവാരം മെച്ചപ്പെടുത്തുന്നതിനും ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച ടൂറിസം ഹബ്ബ്, പിൽഗ്രിം ടൂറിസം, ക്രൂയിസ് ടൂറിസം, ടൂറിസം കോറിഡോർ തുടങ്ങിയ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി നടപ്പുവർഷം 200 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 64.35 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

5452-01-101-86—അതിഥി മന്ദിരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും

ടൂറിസം വകുപ്പ് സംസ്ഥാനത്തുടനീളവും പുറത്തുള്ള പ്രധാന പട്ടണങ്ങളിലും അതിഥി മന്ദിരങ്ങൾ, യാത്രീനിവാസുകൾ എന്നിവ നിർമ്മിക്കുകയും സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്തു വരുന്നു. നിലവിൽ വിവിധ ഇടങ്ങളിൽ അതിഥി മന്ദിരങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് അവയുടെ നിർമ്മാണത്തിനും നിലവിലുള്ളവയുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

5452-01-800-84—മുസിരീസ്-സ്പൈസസ് റൂട്ട് പൈതൃക പദ്ധതി

നടപ്പുവർഷം ആലപ്പുഴ, തലശ്ശേരി, മുസിരീസ്, ട്രാവൻകൂർ എന്നീ പൈതൃക പദ്ധതികൾക്കായി 40 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. നിലവിൽ വകയിരുത്തി യിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും 23 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

**നോൺ പ്ലാൻ**

3452-01-103-99—ടൂറിസ്റ്റ് ഗതാഗത സേവനം

21-2—മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

ടൂറിസം വകുപ്പിനു കീഴിലുള്ള വാഹനങ്ങളാണ് ബഹു. മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മറ്റ് വി.ഐ.പി., വി.വി.ഐ.പി എന്നിവർക്ക് നൽകുന്നത്. പ്രസ്തുത വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, ഇൻഷ്വറൻസ് പുതുക്കുന്നതിനുമാണ് ഈ ശീർഷകത്തിലെ തുക ഉപയോഗിക്കുന്നത്. എന്നാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

3452-01-103-99 -45—ടൂറിസ്റ്റ് ഗതാഗത സേവനം - പി.ഒ.എൽ.

ബഹു. മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, മറ്റ് വി.ഐ.പി.കൾ, വി.വി.ഐ.പി.കൾ എന്നിവർക്ക് വാഹനം നൽകുന്നതിനായി നടപ്പുവർഷം അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 90 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

3452-80-001-95—ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും

06—വാടക, കരം, നികുതി

ടൂറിസം ഗസ്റ്റ് ഹൗസുകളുടെ കെട്ടിട നികുതി കുടിശ്ശിക ഉൾപ്പെടെ ഏകദേശം 51 ലക്ഷം രൂപ അടയ്ക്കുവാനുണ്ട്. ആയതിനാൽ 39 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

3452-80-001-95 -05-4—ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും - ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ

ടൂറിസം ഗസ്റ്റ് ഹൗസുകളുടെ ചെലവുമായി ബന്ധപ്പെട്ട ലോൺട്രി ബിൽ, പെറ്റി ചെലവുകൾ തുടങ്ങിയവയ്ക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

3452-80-003-96—ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കളമശ്ശേരി - വ്യാപനകേന്ദ്രങ്ങൾ

31—സഹായധനം - ശമ്പളം

ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളം, പി.എഫ്. വിഹിതം, വിരമിക്കൽ ആനുകൂല്യങ്ങൾ, കെട്ടിട വാടക, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 300.66 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

3452-80-800-88—ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ

06—വാടക, കരം, നികുതി

ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകളുടെ വാടക, കരം, നികുതി എന്നിവയ്ക്കായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

3452-80-800-22—വി.വി.ഐ.പി സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾ

ബഹു. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, മറ്റ് വി.വി.ഐ.പി.-കൾ തുടങ്ങിയവരുടെ സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

ചർച്ചയിൽ പങ്കെടുത്ത ഉദ്യോഗസ്ഥർക്ക് ചെയർമാൻ നന്ദി രേഖപ്പെടുത്തി.

യോഗം ഉച്ചയ്ക്കുശേഷം 3.50-ന് പിരിഞ്ഞു.

## സമിതിയുടെ 22-2-2023-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2023 ഫെബ്രുവരി 22-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ ചുവടെ ചേർക്കുന്ന അംഗങ്ങൾ നേരിട്ടും വീഡിയോ കോൺഫറൻസിംഗ് മുഖേനയും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. സണ്ണി ജോസഫ്.
2. ശ്രീ. പി. എസ്. സുപാൽ.

<u>വീഡിയോ കോൺഫറൻസ് മുഖേന ഹാജരായ അംഗം</u>

ശ്രീ. നജീബ് കാന്തപുരം.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. ബി. റെജി, അഡീഷണൽ സെക്രട്ടറി
2. ശ്രീ. പി.എസ്. സെൽവരാജൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. റ്റി. പുഷ്പാംഗദൻ, അണ്ടർ സെക്രട്ടറി.

2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള XXXIV,XVII,XLII എന്നിവയുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും, പ്രസ്തുത റിപ്പോർട്ടിലെ 6-ാം നമ്പർ ശിപാർശ ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തുവാൻ തീരുമാനിച്ചു.

<u>ശിപാർശ -6</u>

"വനത്തിനുള്ളിൽ താമസിക്കുന്നവർക്കുള്ള സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം നൽകുന്ന നഷ്ടപരിഹാര തുകയിലെ അപാകത വിലയിരുത്തിയ സമിതി, കുറഞ്ഞ ഭൂമി മാത്രം ഉള്ളവർക്കും 10 ഏക്കർ വരെ ഉള്ളവർക്കും ഒരേ മാനദണ്ഡപ്രകാരം നഷ്ടപരിഹാരം നിശ്ചയിച്ച രീതിയിൽ അപാകത ഉണ്ടെന്നും ആയത് പുനഃപരിശോധിച്ച് കൂടുതൽ ഫലപ്രദമായും ആകർഷകമാക്കിയും പ്രസ്തുത പദ്ധതി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു."

താഴെ ചേർക്കുന്ന ഖണ്ഡിക 14-ാമത് ശിപാർശയായി ഉൾപ്പെടുത്തുവാനും, തുടർന്നുള്ള ശിപാർശകൾ പുനരക്കം ചെയ്യുവാൻ തീരുമാനിക്കുകയും തുടർന്ന് പ്രസ്തുത ഭേദഗതികൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

[ഫ.നം. 1332/സബ്.സി.എഫ്1/2023/നി.സെ.]

ശിപാർശ-14

"വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് ഇപ്പോൾ നൽകുന്ന ആശ്വാസ ധനസഹായം തുലോം അപര്യാപ്തമായതിനാൽ നാശനഷ്ടങ്ങളുമായി പൊരുത്തപ്പെടുന്ന വിധത്തിൽ യഥാർത്ഥ നഷ്ടം കണക്കാക്കി നിശ്ചിത മാനദണ്ഡ പ്രകാരം തുക പുതുക്കി നിശ്ചയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു."

സമിതി പരിഗണിച്ച് ഭേദഗതികളോടെ അംഗീകരിച്ച 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ട് സബ്ജക്ട് കമ്മറ്റി X-ന്റെ മൂന്നാമത് റിപ്പോർട്ടായി 2023 ഫെബ്രുവരി 27-ന് സഭയിൽ സമർപ്പിക്കുവാൻ തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 2.50-ന് പിരിഞ്ഞു.